# തെക്കുകിഴക്കൻ ഏഷ്യയിലെ മൂന്നു് സ്വപ്നനാടുകളിലൂടെ

KOZHIKODE PUBLIC LIBRARY
No. 41006
CHILDREN'S LIBRARY
2277

പി. വി. അബ്ദുള്ളക്കോയ

PRICE Rs. 2-00

പ്രസാധകന്മാർ
ഗ്രീൻ ഹൌസ്
ഹലുവബസാർ, കോഴിക്കോട്ടു്_1.

316

(Malayalam)
THEKKU KIZHAKAN ASIAYILE
MOONU SWAPNA NADUKALILOODE

By
P. V. ABDULLA KOYA
1/59 Temple Road
Calicut-5
Kerala (India)

First Edition — August 15, 1967

Printed at
XAVIER PRESS
Calicut

Copies 1000

Copyright
P. V. ABDULLA KOYA

Publishers
GREEN HOUSE
Halva Bazaar
Calicut-1

KOTTAYAM PUBLIC LIBRARY
No. ..........
CHILDREN'S LIBRARY

# സമർപ്പണം

എൻെറ ശോഭനമായ ഭാവിയെ സദാ സ്വപ്നംകണ്ടുകൊണ്ടിരുന്ന

ദിവംഗതനായ

**ഖാൻബഹദൂർ ഹാജി വി. ആലിബറാമി**

അവർകളുടെ പാവനസ്മരണയ്ക്കായി

NATIONAL BOOK STALL
SPCS LTD.
BR: KOTTAYAM



ഗ്രന്ഥകർത്താവ്

# മുഖവുരയോടുകൂടിയ കൃതജ്ഞത

1967 ജനുവരിമാസത്തിലെ പേമാരി കോരിച്ചൊരിയുന്ന ഒരു രാത്രിയിൽ, ക്ഷോഭിച്ചിളകിയ ബംഗാൾ ഉൾക്കടലിൽനിന്നാണ് എൻെറ ഈ യാത്ര ആരംഭിച്ചത്. വാസ്തവത്തിൽ ഇളകിമറിഞ്ഞുകൊണ്ടിരുന്ന ആഴിക്കടലിനെപ്പോലെത്തന്നെയായിരുന്നു, അപ്പോഴത്തെ എൻെറ മനസ്സും. രണ്ടാമത്തെ വിദേശപര്യടനമായിരുന്നുവെങ്കിലും, ഭയത്തിൻെറയും സംശയത്തിൻെറയും കാർമേഘങ്ങൾ എൻെറ ഹൃദയത്തിൽ പരന്നുകിടന്നിരുന്നു. കാരണം ഞാനുമായി ഇതിന്നുമുമ്പ് നേരിൽകാണാത്ത, യാതൊരു പരിചയവുമില്ലാത്ത ഒരുകൂട്ടം ആൾക്കാരുടെ സഹൃദയവും, ആതിഥേയത്വവുമാണ് എൻെറ ആകെയുള്ള മുതൽ. അവർ എങ്ങിനെയുള്ളവരാണെന്നും അനർഹനായ ഒരതിഥി (unwanted guest) യെപ്പോലെ എന്നെ കരുതുമോ എന്നുമുള്ള സംശയങ്ങളും ശങ്കകളും എന്നിൽ കട്ടിപിടിച്ചുകിടന്നിരുന്നു.

എന്നാൽ തെളിഞ്ഞ പുലർകാലവെയിലിൽ, പിനാങ്ങിൽ കപ്പലിറങ്ങിയ എന്നെ സ്വീകരിക്കുവാൻ, കോഡ്രോയിസ്സൂട്ടും, നൈലോൺ ടൈയും ധരിച്ചുകൊണ്ട്, ഹൃദ്യമായ പുഞ്ചിരിയോടെ കാത്തുനിന്നിരുന്ന ജനാബ് സെയ്ത് ഹാമിദ് ബാഫക്കിതങ്ങളുടെ നീണ്ടുമെലിഞ്ഞ മുഖം കണ്ടപ്പോൾ എൻെറ സകല സംശയങ്ങളും പെട്ടെന്ന് നീങ്ങിപ്പോയി. തുടർന്നുള്ള O. T. അബ്ദുസ്സലാം സാഹേബിൻെറ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെയുള്ള സ്വീകരണവും, സഹകരണവും കണ്ടപ്പോൾ "എല്ലാം ക്ലീയർ" എന്നുള്ള പച്ചക്കൊടി വീശലായി എനിക്കു തോന്നി.

"അലോർസ്റ്റാർ" — എൻെറ ഈ യാത്രയിൽ ഒരഭയസങ്കേതമായിരുന്നുവെന്നു പറഞ്ഞാൽ അതൊരതിശയോക്തിയായിപ്പോവില്ല. കാരണം തൃക്കരിപ്പൂർ C. മുഹമ്മതുകുഞ്ഞിസാഹേബിൻെറ പ്രത്യേകനിർദ്ദേശാനുസരണം, T. V. മമ്മുസാഹേബും, സി. അബ്ദുള്ളയും, തൌഫീക്കൾ റഹിമാൻ ഹോട്ടലിലെ എന്നും പുഞ്ചിരിച്ച സ്വാഗതമോതിക്കൊണ്ടിരുന്ന ആതിഥേയരും, സി. അബൂബക്കറും എനിക്ക് തികച്ചും താങ്ങുംതണലുമായി പ്രവർത്തിച്ചു. എന്തിന്നും തയ്യാറെടുത്തുകൊണ്ടുള്ളതായിരുന്നു അവരുടെ പെരുമാററവും സ്നേഹോപചാരങ്ങളും. മലയാമലയാളികളുടെ അഭിവന്ദ്യനായ സി. മൂസ്സഹാജി, ഒരു പിതാവിൻെറ ശ്രദ്ധയോടെ എനിക്കു വേണ്ടപ്പെട്ട സൌകര്യങ്ങളുടെ മേൽനോട്ടം സദാ വഹിച്ചുകൊണ്ടിരുന്നു.

സിംഗപ്പൂരിലെ P. K. A. ഹമീദ് സാഹിബിനെ ഈ യാത്രയിൽ എനിക്കൊരിക്കലും മറക്കുവാൻ സാദ്ധ്യമല്ല. തൻെറ ഭാരിച്ച ജോലിത്തിരക്കിന്നി

ടയ്യു്, എൻെറ സുഖസൌകര്യങ്ങളും, സിംഗപ്പൂർ മനസ്സിലാക്കിത്തരുവാനും അദ്ദേഹം സദാ പാടുപെട്ടുകൊണ്ടിരുന്നു. സിംഗപ്പൂരിനെ ഓക്കമ്പോഠം മലബാർ മുസ്ലീം ജമായത്ത് സംഘടനയും അതിൻെറ കമ്മനിരതനായ പ്രസിഡണ്ട് P. M. S. തങ്ങളും എൻെറ ഹൃദയത്തിൽ മരതകപ്പച്ച വീശിക്കൊണ്ടിരിക്കയാണ്. ഫലിതസാമ്രാട്ടായ P. M. S. തങ്ങളുടെ "പീസാംഗോരിചരിത്രവും ആയാംകാക്കിവിവരണവും" ഇപ്പോഴും ഓത്തുപോവുന്നു. അതേപോലെ ജമാഅത്തിൻെറ സജീവപ്രവത്തകനായ കുഞ്ഞാമ്മുവും അതിലെ കഴിവുററ മററു പ്രവത്തകന്മാരുടെ രാജോചിതമായ സ്വീകരണവും എനിക്ക് എന്നും അവിസ്മരണീയമായിരിക്കും. സിംഹത്തിൻെറ നഗരമായ സിംഗപ്പൂരിൽ, സിംഹത്തെപ്പോലെ ബലിഷ്ഠമായ സഹായഹസ്തംനീട്ടിയ മറെറാരു സുഹൃത്താണ് ജനാബ് P. K. തങ്ങഠം. എപ്പോഴും തിരക്കുപിടിച്ച ആ നല്ല ചങ്ങാതി ഇടക്കിടെ ഓടിവന്നു കാര്യങ്ങഠം അന്വേഷിച്ചു വേണ്ടപ്പെട്ട ഒത്താശകഠം ചെയ്തുകൊണ്ടിരുന്നു. സിംഗപ്പൂരിലെ മലയാളിസുഹൃത്തുക്കളിൽ എനിക്കു മറക്കാൻ കഴിയാത്ത മറെറാരാളാണ് മലേഷ്യൻ മലയാളി പത്രാധിപരായ അബ്ദുള്ളാസാഹിബ്. അദ്ദേഹത്തിൻെറ വാചാലതയും ചൈനീസ് റസ്റ്റാറൻടും എനിക്കു വലിയൊരു മുതൽക്കൂട്ടായിരുന്നു.

തായ്ലാണ്ടിലേക്കുള്ള എൻെറ യാത്രയുടെ എല്ലാ സജ്ജീകരണങ്ങളും ഒരുക്കങ്ങളും ചെയ്തുതന്ന മൂന്നു സുഹൃത്തുക്കളാണ് ജനാബുമാർ, T. മുഹമ്മതു്, C. യൂസുഫ്, T. M. കുഞ്ഞമ്മതു് എന്നിവർ. ഇവരുടെ പിൻബലമില്ലായിരുന്നുവെങ്കിൽ തായ്നാടു് എനിക്കു അജ്ഞാതമാകുമായിരുന്നു. പണ്ടേ തന്നെ പരിചയപ്പെട്ട ഒരു കുടുംബത്തിലെ അംഗത്തെപ്പോലെയായിരുന്നു ഇവരുടെ എന്നോടുള്ള പെരുമാററം.

സുന്ദരമായ പിനാങ്ങും അവിടുത്തെ മനോഹരങ്ങളായ കാഴ്ചകളും അനുഭവങ്ങളും എന്നിൽ എത്രകാലം നില്ക്കുമോ അത്രയുംകാലം പിനാങ്ങിലെ O. T. മുഹമ്മതുകുഞ്ഞിയെ മറക്കുവാൻ സാദ്ധ്യമല്ല. ഒരേകട്ടിലിൽ ഒരുമിച്ചുകിടത്തി, ഒരേപ്ലേററിൽ ഭക്ഷിപ്പിച്ച മി. O. T. തൻെറ ഫലിതസമ്പൂർണ്ണങ്ങളായ സംസാരംകൊണ്ടു് എന്നെ അത്യധികം ആകഷിക്കുകയുണ്ടായി. അതേപോലെ മറക്കുവാൻ സാധിക്കാത്ത മറെറാരു വ്യക്തിയാണ് മി. കെ. പി. ഇബ്രാഹിം. സൌമ്യശീലനും, ശാന്തനുമായ മി. ഇബ്രാഹിം എനിക്ക് ഒരു വലിയ തണലായിരുന്നു.

എൻെറ മലയൻ യാത്രയിൽ ആകസ്മികമായി വിട്ടുപോവുകയും, പിന്നീടു് ധൃതിയിൽ സന്ധിച്ച് എൻെറ ഹൃദയത്തിൽ അവിസ്മരണീയമായ ഒരു സ്ഥാനം നേടിയെടുക്കുകയും ചെയ്തൊരു മാന്യനാണ് ജനാബ് V. P. K. ഹാജി (കോലാലാമ്പൂർ). അദ്ദേഹവും V. P. K. സുലൈമാനുമൊരുമിച്ചു മല

യൻ ഗ്രാമങ്ങളിലൂടെയുള്ള ഒരു ദിവസത്തെ "കാർയാത്ര" എനിക്കൊരിക്കലും മറക്കാവതല്ല.

എന്റെ ഈ യാത്രക്കുപിന്നിൽ നിസ്വാർത്ഥമായും നിഷ്കളങ്കമായും പ്രവർത്തിച്ച് എല്ലാവിധ പ്രോത്സാഹനവും, ധൈര്യവും നല്കിയ രണ്ടു വ്യക്തികളാണ് ഇപ്പോഴത്തെ കേരളവിദ്യാഭ്യാസമന്ത്രിയായ ജനാബ് **C. H.** മുഹമ്മത്കോയസാഹിബും ചന്ദ്രികയിലെ **T.** മൊയ്തീൻകോയയും. വാസ്തവത്തിൽ അവരുടെ ഉപദേശങ്ങളും, ഒത്താശകളും, സഹകരണങ്ങളും ഇല്ലായിരുന്നുവെങ്കിൽ ഈ യാത്രതന്നെ, ഒരുപക്ഷെ ഉണ്ടാവുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ പുസ്തകം തന്റെ ഭാരിച്ച പ്രവൃത്തിത്തിരക്കിന്നിടയിൽ കൂലങ്കുശമായി പഠിച്ച, വേണ്ടുന്ന തിരുത്തലുകൾ നടത്തി, ഇന്നീക്കാണുന്നരൂപത്തിലാക്കിയ മി. കെ. എം. കുഞ്ഞിബാവയോടും, ഇതു് പ്രസിദ്ധീകരിക്കാമെന്നേററ ഗ്രീൻഹൗസുകാരോടുമുള്ള എന്റെ കടപ്പാടും ഇവിടെ ഉദ്ധരിക്കട്ടെ.

ഇത്ര വിപുലമായ തോതിൽ സഞ്ചരിക്കുവാൻ എനിക്കു് കഴിവുണ്ടാക്കിത്തന്നതിൽ ഞാൻ ഇവരോടെല്ലാം അത്യധികം കൃതജ്ഞനാണു്. ഇവരിൽനിന്നു് എനിക്കു ലഭിച്ച ഉപചാരം, ഔദാര്യം, അസാധാരണതോതിലുള്ള അതിഥിപൂജ എന്നിവയൊക്കെ എനിക്കു മറക്കാനാവില്ല.

**P. V. ABDULLA KOYA**

**1/59 Temple Road**
**Calicut–5**
**25 — 7 — 1967**

# അവതാരിക

അറിയാത്ത തീരങ്ങളിൽ അലഞ്ഞുനടന്നു അജ്ഞാതമായ കാര്യങ്ങൾ കണ്ടെത്താനും കാണാത്ത മനുഷ്യരെ കണ്ടു പഠിച്ചു അനുഭവസമ്പത്തു് വൎദ്ധിപ്പിക്കാനും, മനുഷ്യനിലുണ്ടായ അട ങ്ങാത്ത അഭിനിവേശത്തിന്നു ഒരുപക്ഷെ മനുഷ്യനോളംതന്നെ പഴക്കം കാണും. നൂററാണ്ടുകളുടെ ചവിട്ടുപടികൾ ചവിട്ടിക്ക യറി കാലം അതിൻെറ അവിരാമമായ ചലനം അതിശീഘ്രം തുടൎന്നുപോയപ്പോൾ, കണ്ടെത്തുകയും കണ്ടുപഠിക്കുകയും കണ്ണും കരളും നിറയെ കോരിനിറക്കുകയും ചെയ്ത അനുഭവങ്ങളും അനു ഭൂതികളും മററുള്ളവരിലേക്ക് കൂടി പകൎന്നുകൊടുക്കാനുള്ള അത്യുൽ ക്കടമായ അഭിവാഞ്ഛ മനുഷ്യനിലുണ്ടായി. അങ്ങിനെയാണു് സഞ്ചാരസാഹിത്യം ഉടലെടുത്തതു്.

കുന്നും, മലയും ചാടിമറിഞ്ഞു, കാടും മേടും കടന്നുചാടി, കടലും കായലും നീന്തിക്കടന്നു, മണലാരണ്യങ്ങൾ താണ്ടിനടന്നു, സാഹസിക സഞ്ചാരങ്ങൾ നടത്തിയവർ ചരിത്രത്തിൽ ഒട്ടേറെ യുണ്ടു്. ഫാഹിയാനും, ഹ്യൂയാൻസാങ്ങും മാൎക്കോപോളോവും ഇബ്നുബത്തൂത്തയും മററും അത്തരം ശ്രമകരമായ തീൎത്ഥാടന ങ്ങൾ നടത്തിയവരും സ്വന്തം അനുഭവങ്ങൾ മററുള്ളവരെക്കൂടി അനുഭവിപ്പിക്കാൻ പരമാവധി ശ്രമിച്ചവരുമത്രെ. യാത്രാവേള കളിലുണ്ടായ ക്ലേശങ്ങളും കഷ്ടപ്പാടുകളും അവർ കണക്കിലെടു ത്തില്ല. കല്ലും മുള്ളും നിറഞ്ഞ വഴിത്താരയിൽ അവർ പുതിയ അനുഭവങ്ങളുടെയും പുത്തൻ അനുഭൂതികളുടെയും പുതുമുകുളങ്ങൾ കണ്ടെത്തി. നൂററാണ്ടുകൾക്കപ്പുറം തുടങ്ങിയ ആ തീൎത്ഥാടനം ഇന്നും അവിരാമം, അനുസ്യൂതം തുടരുകയാണു്—ആധുനികയുഗ ത്തിൻെറ ആവിർഭാവത്തോടെ യാത്രാസൌകൎയ്യങ്ങൾ വികസി ച്ചിട്ടുണ്ടെന്നു് മാത്രം.

മലയാളത്തിലിനിയും സഞ്ചാരസാഹിത്യം വേണ്ടത്ര വിക സിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതിനു് പല കാരണങ്ങളുമുണ്ടു്. പല രാജ്യങ്ങളിലും സഞ്ചരിക്കുകയും പല സംസ്കാരങ്ങളും കണ്ടു

പഠിക്കുകയും ചെയ്തവർ ഒരുപക്ഷെ ധാരാളമുണ്ടാവാം. പക്ഷെ, സ്വയം ഉൾക്കൊണ്ട അനുഭൂതികൾ അവയുടെ വികാരതീവ്രതക്കും വിചാരോഷ്മളതക്കും ഭംഗംവരുത്താതെ അവതരിപ്പിക്കാനും അങ്ങിനെ അവ മററുള്ളവരെക്കൂടി ആസ്വദിപ്പിക്കാനുമുള്ള ഭാവനാവിലാസവും ഭാഷാനൈപുണ്യവും നേടിയവർ വളരെ വിരളമത്രെ. അത്തരം നൈസർഗ്ഗികമായ സിദ്ധികൾ കൈമുതലായുള്ളവരുടെ മുമ്പിൽ സാമ്പത്തികപ്രശ്നം ഒരിക്കലും കടന്നുചാടാൻ കഴിയാത്തൊരു കൂററൻ പർവ്വതംപോലെ ഉയർന്നുപൊങ്ങി വഴിമുട്ടി നില്ക്കുന്നു. ഇക്കാരണങ്ങളാൽ മററു പലതിലും ദരിദ്രമായ മലയാളസാഹിത്യം ഇക്കാര്യത്തിൽ കൂടുതൽ ദരിദ്രമായിത്തീർന്നിരിക്കുകയാണ്.

ഈ വസ്തുതകൾ മുമ്പിൽ വെച്ചുനോക്കുമ്പോൾ എന്റെ സ്നേഹിതൻ മി. അബ്ദുള്ളക്കോയയുടെ ഈ കൃതി മലയാളസാഹിത്യത്തിന്ന് ഒരു മുതൽക്കൂട്ടാണെന്ന് തുറന്ന് പറയുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്. അറിയപ്പെടുന്ന ഒരു സാഹിത്യകാരനൊ, കവിയൊ, എഴുത്തുകാരനൊ അല്ല മി. കോയയെങ്കിലും, ഈ സഞ്ചാരിയിൽ സാഹിത്യകാരനും കവിയും എഴുത്തുകാരനുമെല്ലാം ഒളിഞ്ഞുകിടക്കുന്നുണ്ടെന്നും തേച്ചുമിനുക്കിയെടുത്താൽ ആ സിദ്ധികൾ കൂടുതൽ കാന്തിമത്തായിത്തീരുമെന്നും വ്യക്തമാക്കുന്ന പല ഭാഗങ്ങളും ഇതിലുണ്ട്. ഇന്ത്യ മുഴവൻ പര്യടനം നടത്തുകയും സോവിയററ് നാട്ടിൽ ഒരു മിന്നൽസന്ദർശനം നടത്തുകയും ചെയ്ത ഗ്രന്ഥകാരൻ അപ്പോഴൊക്കെയുണ്ടായ അനുഭവങ്ങളെ സംബന്ധിച്ച യാത്രാവിവരണങ്ങളെഴുതിയിരുന്നു. ഇത്തവണ മദ്ധ്യേഷ്യയിലെ മൂന്ന് സ്വപ്നനാടുകളിലേക്കാണ് അദ്ദേഹം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ഗ്രന്ഥകർത്താവോടൊപ്പം അവിടങ്ങളിൽ നടത്തുന്ന മിന്നൽപര്യടനം വായനക്കാർക്കും പ്രയോജനകരവും പുളകജനകവുമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്ന്,

വിജയാശംസയോടെ

C. H. MOHAMMED KOYA.

*Minister for Education,*
*Government of Kerala*
*Trivandrum.*
3-8-1967

# വിഷയവിവരം


| നമ്പ്ര് | | പേജ് |
|---|---|---|
| 1. | മദിരാശിയിൽനിന്ന് മലേഷ്യയിലേക്ക് | 1 |
| 2. | അലോർസ്റ്റാർ | 16 |
| 3. | തിരക്കുപിടിച്ച മനോഹരനഗരം | 31 |
| 4. | തെക്കുകിഴക്കനേഷ്യയിലെ ഇന്ത്യക്കാരും മലയാളികളും | 45 |
| 5. | മലാക്കയിലേക്ക് | 55 |
| 6. | മലേഷ്യയുടെ തലസ്ഥാനത്ത് | 62 |
| 7. | കാമറോൺ കുന്നുകളിലേക്ക് | 75 |
| 8. | സുന്ദരമായ തായ്‌ലാണ്ട് | 81 |
| 9. | പിനാങ്ങ്: ഒരു സ്വപ്നനാട് | 92 |

# മദിരാശിയിൽനിന്നു മലേഷ്യയിലേക്ക്

മദിരാശി ഹാർബറിലെ നീണ്ട വിശാലമായഹാളിൽ, അരനാഴിക നീളമുള്ള ക്യൂവിൽ നില്ക്കാൻതുടങ്ങിയിട്ടു മണിക്കൂറുകഠം ഒന്നരകഴിഞ്ഞിരിക്കുന്നു. ഉറുമ്പിൻെറ വേഗതയിലാണു് വരി നീങ്ങിക്കൊണ്ടിരിക്കുന്നതു്. ദാഹവും, വിശപ്പും, ചൂടും അസഹ്യമായി എന്നെ അലട്ടിക്കൊണ്ടിരുന്നു.

പതിനൊന്നുമണിക്കു് നില്ക്കാൻ തുടങ്ങിയതാണു്. സമയം ഏതാണ്ടു ഒരുമണിയോടടുത്തുകഴിഞ്ഞിരിക്കുന്നു. റിസർവ്വ്ബേങ്കിൻെറ .കൌണ്ടറിലേക്കുള്ളതാണു് ക്യൂ. ഇവിടെ പാസ്സ്പോർട്ടു കാണിച്ചു ഒരു ഫോറം പൂരിപ്പിച്ചു് 27-50 ക. കൊടുത്താൽ, പാസ്സ്പോർട്ടിൽ സീൽവെച്ചുതരും. പത്തു ഡോളറിൻെറ ചുകപ്പു നിറത്തിലുള്ള ഒരു നോട്ടും. പിന്നിൽ ഒരു വൃദ്ധകർഷകൻ മലയൻതൊപ്പിയും ധരിച്ചു ഒരു ഇരട്ടക്കാളയുമായി നിലമുഴുന്ന ചിത്രത്തോടുകൂടിയ ആ നോട്ടു് നമ്മുടെ പഴയ രണ്ടുരൂപനോട്ടിനെ അനുസ്മരിപ്പിക്കുന്നതും, മേത്തരം മേനിക്കടലാസ്സിൽ അച്ചടിച്ചതുമാണു്.

ഇതിന്നിടയിൽ നമ്മുടെ സാധനങ്ങഠം ഒരു പോർട്ടർ എടുത്തുകൊണ്ടു പോയിട്ടുണ്ടാവും. ആദ്യമായാണു് ഇങ്ങിനെയൊരു യാത്ര ചെയ്യുന്നതെങ്കിൽ, തീർച്ചയായും ഒരു വെപ്രാളമുണ്ടാകുന്ന സന്ദർഭമാണിതു്. ഒരു പോർട്ടർ, നമ്മുടെ എല്ലാമായ ലഗ്ഗേജുമെടുത്തു ജനക്കൂട്ടത്തിന്നിടയിലേക്കു് ഊളിയിട്ടിരിക്കയാണു്. നമുക്കു് ഒരേഒരവലംബം അയാളുടെ നീലക്കുപ്പായത്തിന്മേലുള്ള വെള്ള നമ്പർ മാത്രമാണു്.

മലയായിലെ സ്നേഹിതന്മാർക്കായി വാങ്ങിയ വിലപിടിച്ച പല സാധനങ്ങളും, എൻെറ പേൻറും ഷർട്ടും തുടങ്ങിയ എല്ലാം തന്നെ, പൂട്ടില്ലാത്ത ആ തോൽപ്പെട്ടിയിലായിരുന്നു. എനിക്കു്

അയാളുടെപിന്നാലെ ഓടിച്ചെന്നു അവ മടക്കിവാങ്ങിക്കൊണ്ടു് വന്നാലോ എന്നുകൂടി തോന്നിപ്പോയി. പക്ഷെ ക്യൂവിൽ നിന്നിളകുക, അതിലും വലിയ വിഡ്ഢിത്തമായിരിക്കും. കാരണം പിന്നേയും രണ്ടും മൂന്നും മണിക്കൂറുകൾ പഴയപടി നില്ക്കേണ്ടതായിവരും.

പിന്നീടു്, വസൂരി, കോളറ എന്നിവക്കു കുത്തിവെച്ച സർട്ടിഫിക്കറ്റുകൾ പരിശോധിച്ചു സീൽവെക്കുന്ന ക്യൂവിൽ പോയി നില്ക്കുന്നു. കൊമ്പൻ മീശയുള്ള, കൃശഗാത്രനായ ആ ഓഫീസറെക്കണ്ടപ്പോൾ ആരോഗ്യവും ആ മനുഷ്യനും തമ്മിലുള്ള അന്തരത്തെയാണു് ഞാൻ ഓർത്തതു്. തന്റെ മുമ്പിൽനില്ക്കുന്ന ഹതഭാഗ്യരായ യാത്രക്കാർക്കു യാതൊരു കാരുണ്യവും പ്രതീക്ഷിക്കാൻ വയ്യാത്തവിധത്തിൽ ഒരു കൂപമണ്ഡൂകത്തെപ്പോലെയായിരുന്നു അയാൾ പെരുമാറിയിരുന്നതു്.

യാത്രക്കാർ കൊടുക്കുന്ന സർട്ടിഫിക്കറ്റു പരിശോധിച്ചു്, സീൽവെച്ചു മേശയുടെ ഒരററത്തേക്കുള്ള ആ ഏററിൽ, ഗൌരവത്തിന്റേയും അധികാരപ്രമത്തതയുടേയും ശക്തി പ്രകടമായിരുന്നു.

പിന്നീടു് നീങ്ങുന്നതു് ഏററവും പ്രധാനപ്പെട്ടതും യാത്രക്കാർക്കു് ഒരു പേടിസ്വപ്നവുമായ കസ്റ്റംസ് പരിശോധനാ വിഭാഗത്തിലേക്കാണു്—ധനാഗമനമാർഗ്ഗമെന്ന നിലയിലോ വ്യവസായ സംരക്ഷണത്തിന്നുവേണ്ടിയോ ചുമത്തുന്ന നികുതികൾക്കു വേണ്ടിയാണു് ഈ പരിശോധന.

സമയം ഒന്നരമണിയായിക്കാണും, ഓരോ കടവും കടന്നു ഞാൻ കസ്റ്റംസ് വിഭാഗത്തിലെ, പ്രധാനഗേററിന്നെ സമീപിക്കുകയാണു്. തങ്ങളുടെ സ്വന്തക്കാരേയും മററുപ്രകാരത്തിൽ പ്രത്യേകാനുകൂല്യങ്ങൾ സമ്പാദിച്ചവരേയും, ക്യൂവിൽനിർത്താതെ വിടുന്നതു് കണ്ടപ്പോൾ എനിക്കു എന്തെന്നില്ലാത്ത അരിശവും, നിരാശതയും തോന്നി. ക്യൂവിൽനിന്നു് നിന്നു് കാൽരണ്ടും കുഴഞ്ഞിരിക്കുന്നു. ദാഹിച്ചിട്ടാണെങ്കിൽവയ്യ. വളരെ അടുത്തടുത്ത്

നീങ്ങിക്കൊണ്ടിരുന്നതിനാൽ, വിയപ്പിൻെറ ദുർഗ്ഗന്ധം നാസാദ്വാരങ്ങളെ തുളച്ചുകയറുന്നുണ്ടായിരുന്നു.

പെട്ടെന്നു ആ വലിയ ഇരുമ്പുഗേററുകാം രണ്ടും ഒരു പോലീസുകാരൻ ഒന്നിച്ചടക്കുന്ന ശബ്ദംകേട്ടു—ഞാൻ ഞെട്ടി, ആ ഭാഗത്തേക്കുനോക്കി. ഓഫീസർമാരുടെ മദ്ധ്യാഹ്നഭക്ഷണത്തിൻെറ സമയമാണെന്നും ഇനി ഒരു മണിക്കൂർ കഴിഞ്ഞാലേ അവ തുറക്കപ്പെടുകയുള്ളവെന്നും കേട്ടപ്പോാം യഥാൎത്ഥത്തിൽ ഈ യാത്ര വേണ്ടെന്നുവെച്ചാലെന്തെന്നുപോലും തോന്നിപ്പോയി.

എൻെറ തൊട്ടുപിന്നിൽ മദ്ധ്യവയസ്സയായ ഒരു തമിഴത്തിയും അവരുടെ രണ്ടുകുട്ടികളും നില്ക്കുന്നതു് കണ്ടപ്പോാം വല്ലാത്ത സങ്കടംതോന്നി. എണ്ണകാണാതെ മുഷിഞ്ഞു പൊടിയണിഞ്ഞ തലമുടി, അതിലൊരുപക്ഷെ നിറയെ പേനായിരിക്കും. മുറുക്കിക്കറപിടിച്ച പുളിങ്കുരുപോലെയായ പല്ലുകാം, വിയപ്പും വിടപ്പും നാറുന്ന ശരീരം, മുക്കാതെയും ഉണക്കാതെയും വാടയടിക്കുന്ന ചേല, ആകപ്പാടെ കറുത്തിരുണ്ട ബീഭത്സമായ ഒരു രൂപമായിരുന്നു അതു്. പീളകെട്ടിയ കണ്ണുകളോടും, ഒലിക്കുന്ന മൂക്കുകളോടുംകൂടിയ ഒരു പിഞ്ചുപൈതൽ ഒക്കത്തും, മറെറാന്നിനെ മുമ്പിലും നിൎത്തിയിരിക്കയായിരുന്നു അവാം. ആ പിഞ്ചുകുട്ടികളുടെ തൊണ്ടരണ്ടും വരണ്ടുപോയിരുന്നു. അവർ വിതുമ്മിക്കരയുകയാണു്. ഞാനുടനെ, എന്തുവന്നാലും തരക്കേടില്ലെന്നുകരുതി, കുറെയകലെ കിടന്നിരുന്ന കാൻടീനിൽ ചെന്നു ആ കുട്ടികാംക്കായി രണ്ടു ചായയും, അവരുടെ മാതാവിന്നായി ഒരു ക്രഷും കുറച്ചു ബിസ്കറവും വാങ്ങിക്കൊണ്ടുപോയിക്കൊടുത്തു. എനിക്കു ഒരു കോടി പുണ്യം ലഭിക്കുമെന്നു ആ സാധുസ്ത്രീ പറഞ്ഞപ്പോാം, എൻെറ മനസ്സിലൂടെ പാഞ്ഞുപോയതു്, നമ്മുടെ ഉദ്യോഗസ്ഥന്മാരുടേയും ഗവൎമ്മണ്ടിൻേറയും കണ്ണിൽ ചോരയില്ലാത്തതും ബുദ്ധിശൂന്യവുമായ ചെയ്തികളെക്കുറിച്ചുള്ള അമൎഷം നിറഞ്ഞ ചിന്തകളാണു്.

എന്തിനാണവർ ഇത്രയധികം യാത്രക്കാരെ — അവരിൽ നല്ലൊരു വിഭാഗം സ്ത്രീകളും കുട്ടികളുമാണു് — വരിയിൽനിൎത്തി

ഊൺകഴിക്കാനുള്ള ഒഴിവുണ്ടാക്കുന്നതു്. നിഷ്പ്രയാസം ഒഴിവാക്കാവുന്നതാണിതു്. പകരം ഉദ്യോഗസ്ഥന്മാരെ വെക്കുകയോ, അതല്ലെങ്കിൽ ഉള്ളവരിൽ ഓരോഭാഗമായിപോയി ഊൺകഴിക്കാനുള്ള ഏപ്പാടുണ്ടാക്കുകയോ ചെയ്താൽ കൂനിന്മേൽ കുരുവെന്നപോലുള്ള ഈ താമസം ഒഴിവാക്കാം. മാസത്തിൽ രണ്ടോ മൂന്നോ ദിവസമേ ഇവക്കു ഇപ്രകാരത്തിലുള്ള തിരക്കുകളുണ്ടാവൂ. അന്നെങ്കിലും ഊൺകഴിക്കുന്നതിന്നു വേറെ എന്തെങ്കിലും പോംവഴി കണ്ടുപിടിക്കുവാൻ ഇത്ര പ്രയാസമുണ്ടാവുമോ എന്നതു് അതിശയകരമാണു്.

വാസ്തവത്തിൽ ഒരുതരം മാടുകളെപ്പോലെയാണു് യാത്രക്കാരെ കണക്കാക്കുന്നതെന്നും, ഇതിലും ഭയങ്കരമാണു് കപ്പലിറങ്ങി വരുമ്പോഴുള്ള അനുഭവങ്ങളെന്നും പറഞ്ഞുകേംക്കുമ്പോം ആരും അമ്പരന്നുപോവും.

ഞാൻ ചുററുപാടും കണ്ണോടിച്ചു. കാഴ്ചബംഗ്ലാവിൽ പുതുതായി കൊണ്ടുവന്നുവിട്ട കാട്ടുമൃഗത്തിൻെറ പരിഭ്രമവും വിഷാദവും ഓരോരുത്തരുടെയും മുഖത്തും കാണാമായിരുന്നു. ഉദ്യോഗസ്ഥന്മാർ നിസ്വാത്ഥമായും, ജനസേവകരാണെന്നുമുള്ള ബോധത്തോടും പ്രവത്തിയെടുക്കണമെന്നുള്ള നമ്മുടെ നേതാക്കന്മാരുടെ ആഹ്വാനങ്ങളെ മദിരാശി ഹാർബറിലെ പോട്ടർമാർതൊട്ടു, ഏററവും പ്രമാണികളായ ഉദ്യോഗസ്ഥന്മാർവരെ തികഞ്ഞ അലംഭാവത്തോടെയാണു് കണക്കാക്കുന്നതു്. ഇതിന്നിടയിലാണു് മഴക്കാലത്തു് വെള്ളത്തിൽ പെരുകിക്കാണുന്ന മഞ്ഞത്തവളകളെപ്പോലെ ചില പോർട്ടർമാരും, പോലീസുകാരും അലഞ്ഞു നടന്നുകൊണ്ടിരുന്നതു്. യാത്രക്കാരിൽനിന്നു എങ്ങിനെ പണം തട്ടിയെടുക്കാമെന്നാണു് ഇവരുടെ നോട്ടം.

ഇതിന്നിടയിൽ എൻെറ പോട്ടർ തിരിച്ചെത്തി. കറുത്ത, ചുരുളൻമുടിയുള്ള പ്രസവിക്കാനടുത്ത പോക്കിനെപ്പോലുള്ള ഒരു പഹയൻ. അവൻ എന്നെ സ്വകാര്യമായി അടുത്തേക്കുവിളിച്ചു. എനിക്കു സന്തോഷമായി. ഒരുപക്ഷെ ക്യൂവിൽനില്ക്കാതെ

ഉള്ളിലേക്കു കടത്തിവിടാനായിരിക്കുമെന്നാണ്, ഞാൻ കരുതിയിരുന്നതു്. തികഞ്ഞ ആശ്വാസത്തോടെ, ക്യൂവിൽ നില്ക്കുന്ന സഹയാത്രികരെ വിജയഭാവത്തോടെ നോക്കി, ഞാൻ വേഗം അവൻെറയടുത്തേക്കു പാഞ്ഞുചെന്നു.

അവൻെറകൂടെ വേറൊരു പോർട്ടറും ഉണ്ടായിരുന്നു. എന്നോട്ടു് സ്വകാര്യത്തിൽ പെട്ടിയിൽ എന്താണുള്ളതെന്നു ചോദിക്കാനും കൊണ്ടുപോകുവാൻ വല്ലതുമുണ്ടെങ്കിൽ, അതിന്നു നിവൃത്തിയുണ്ടാക്കിത്തരാമെന്നു പറയാനുമായിരുന്നു അവൻ എന്നെ വിളിച്ചതു്. എനിക്കു തികഞ്ഞനിരാശതയും എന്തെന്നില്ലാത്ത ഒരമർഷവുമാണ് തോന്നിയതു്. പക്ഷെ സംഗതിയുടെ പരമാർത്ഥം അറിയാനായി ഞാൻ ദേഷ്യം അടക്കി.

എന്തെല്ലാമാണ് അത്തരം സാധനങ്ങളെന്നു ഞാൻ ചോദിച്ചു. കൈലി, നെയ്യ്, മയിൽപീലി, അവിൻ അങ്ങനെ പോകുന്നു ആ പട്ടിക. എൻെറ കൈവശം ഒരു പുതിയ കൈലിയും ഒരു പഴയതും, ഒരു മയിൽപ്പീലിയുമുണ്ടായിരുന്നു. ദൈവമേ! ഇനിയെന്താണു ചെയ്യുക? കയ്യിലാണെങ്കിൽ പണമില്ല. 25 രൂപയിൽ മീതെ കൊണ്ടുപോകുവാൻ പാടില്ലെന്നുള്ളതുകൊണ്ടു് 10 രൂപയേ പോക്കററിലുണ്ടായിരുന്നുള്ളു. പോർട്ടർക്കു് പൈസ കൊടുക്കാനും, മററു വല്ല അടിയന്തിരാവശ്യങ്ങളുമുണ്ടായാൽ ഉപയോഗിക്കാനുംവേണ്ടി കരുതിയതാണതു്.

അല്പനേരം ആലോചിച്ചു. യാതൊരു പോംവഴിയും ഉണ്ടായിരുന്നില്ല. വരുന്നതുവരട്ടെയെന്നുകരുതി, അവനോട്ടു് പെട്ടിയിൽ ഒന്നുമില്ലെന്നുപറഞ്ഞു തലതിരിച്ചു. ഏതായാലും തൂക്കിക്കൊല്ലാനും മററും വിധിക്കുകയില്ലല്ലോ. മടങ്ങി ക്യൂവിൽ വന്നു നിന്നപ്പോഠ ഹൃദയം വല്ലാതെ മിടിച്ചുകൊണ്ടിരുന്നു. എൻെറ മുമ്പിലായി നിന്നിരുന്ന ആഠ, പെനാങ്കിലെ വിദ്യാഭ്യാസവകുപ്പിൽ പ്രവൎത്തിയെടുക്കുന്ന "ശൎമ്മ"യെന്ന ആളായിരുന്നു. ഞാൻ അദ്ദേഹത്തോട്ടു് സംഗതിപറഞ്ഞപ്പോഠ, കൂടുതൽ പരിഭ്രമജനകമായ മറുപടിയാണ് അദ്ദേഹം നല്കിയതു് — കൈലികഠ

കൊണ്ടുപോകുവാൻ പാടില്ലെന്നും, എന്നാൽ അവർ കാണാതെ രക്ഷപ്പെട്ടാൽ ബുദ്ധിമുട്ടുണ്ടാവില്ലന്നും, അല്ലെങ്കിൽ അവർ സാധനങ്ങൾ തിരിച്ചയക്കുമെന്നുമായിരുന്നു പറഞ്ഞതു്. തിരിച്ചയക്കുകയാണെങ്കിൽ എന്നെസ്സംബന്ധിച്ചേടത്തോളം, അവ കൊടുത്തേല്പിക്കുവാൻ ഒരു ഈച്ചപോലും അവിടെയുണ്ടായിരുന്നില്ല.

എന്തിനാണു് ഒന്നോരണ്ടോ കൈലികൾ കൊണ്ടുപോവുന്നതിനെ തടയുന്നതെന്നു്, ഞാൻ ആലോചിക്കുകയായിരുന്നു. കച്ചവടാവശ്യാർത്ഥം കൊണ്ടുപോകുവാൻ പാടില്ലെന്നതായിരിക്കും നിയമം. ഒരാൾ അഞ്ചോആറോ കൈലികളോ രണ്ടോ മൂന്നോ കിലോ നെയ്യോ കൈവശംവെച്ചാൽ അതു കച്ചവടത്തിനാണെന്നു കരുതുന്നതു് എന്തൊരു വിഡ്ഢിത്തമാണു്. •

വാസ്തവത്തിൽ എങ്ങിനെയാണു് ഒരു യാത്രക്കാരനെ പിഴിയേണ്ടതു് എന്നാലോചിച്ച സമയം കളയാനല്ലാതെ, അവരുടെ സുഖപ്രദമായ യാത്രക്കു യാതൊന്നും ചെയ്യാൻ ഈ കൂട്ടർക്കു് സാധിക്കുന്നില്ലെന്നുള്ളതു് ഖേദകരമത്രെ.

ഉച്ചക്കുശേഷം രണ്ടരമണിയായി. ഗേററുതുറന്നു ഓരോരുത്തരായി—ഞാനും—ആ വിശാലമായ രണ്ടാംഹാളിലേക്കു കടന്നു. നാലുഭാഗത്തുമായി നിരവധി ഫേനുകൾ കറങ്ങിക്കൊണ്ടിരുന്നുവെങ്കിലും എനിക്കതു് ഒരു നരകമായിതോന്നി. പല വിഭാഗങ്ങളിലായി നാലഞ്ചുമേശകൾ. അവക്കൊക്കെ നമ്പറുകളുണ്ടു്. മുമ്പിൽ വെള്ളക്കുപ്പായവും വെള്ളഷോർട്ട്സും ധരിച്ച കസ്റ്റംസ് ഇൻസ്പക്ടർമാർ നിന്നിരുന്നു.

ഒരു പ്യൂൺ ഓരോ മേശ ചൂണ്ടിക്കാണിച്ചു്, വരിവരിയായി മുന്നോട്ടു് നീങ്ങിവരുന്ന യാത്രക്കാരെ ഭാഗിക്കുകയാണു്. എനിക്കു അഞ്ചാം നമ്പർ മേശയാണു് ലഭിച്ചതു്. ശാന്തപ്രകൃതനായ ആ ഉദ്യോഗസ്ഥൻ ഭാഗ്യത്തിന്നു പെട്ടി തുറക്കാതെതന്നെ എന്നെ പോകാനനുവദിച്ചപ്പോൾ എനിക്കു എന്നെത്തന്നെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

അടുത്ത മേശകളിൽ ഉദ്യോഗസ്ഥന്മാർ യാത്രക്കാരുടെ പെട്ടികാം തുറന്നു ഓരോ ടിന്നും പേക്കററുകളും പൊളിച്ചു നോക്കുന്നതു് കണ്ടപ്പോാം, ഞാൻ തീച്ചയായും ഭാഗ്യവാനാണെന്നു തോന്നി. എനിക്കൊരു കാരണവരുണ്ടായിരുന്നു. വയസ്സുകാലത്തു് അദ്ദേഹം മരണശയ്യയിൽ ആയപ്പോാം, ശുശ്രൂഷിച്ചിരുന്നതു് ഞാനായിരുന്നു. അവസാനകാലത്തു് അദ്ദേഹം എന്നെ നോക്കി പ്പറയുകയുണ്ടായി, "നിണക്കു് എപ്പോഴും നല്ലതേ വരികയുള്ളു" എന്നു്. ഈ സന്ദർഭത്തിൽ ഞാൻ അദ്ദേഹത്തെ ഓത്തുപോയി.

ഞാനവിടുന്നു് നടന്നുതുടങ്ങുന്നതേയുള്ളു. ഒരു സ്ത്രീയുടെ ദീനമായ രോദനം കേട്ടു തിരിഞ്ഞുനോക്കി. മൂന്നാം നമ്പറുകാരന്റെ മുമ്പിൽ പെട്ടിയും തുറന്നു നിലവിളിച്ചുകൊണ്ടിരുന്നതു് എന്റെ. പിന്നിൽ നിന്നിരുന്ന ആ മദ്ധ്യവയസ്കയായിരുന്നു. ഞാനുടനെ അങ്ങോട്ടു ചെന്നു. അവരുടെ കയ്യിൽ ആറു് കൈലികളും ഒരു ടിൻ ഡാംഡാനെയ്യുമുണ്ടായിരുന്നു. അതു് കൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നു് പറഞ്ഞു നമ്മുടെ ഉദ്യോഗസ്ഥൻ മാററിവെച്ചിരിക്കയാണു്. അയാാം എന്തോ അത്ഭുതംചെയ്തതുപോലെ വാ തുറന്നു ചിരിക്കുന്നുണ്ടായിരുന്നു.

തൃശ്ശിനാപള്ളിയിൽനിന്നു് വന്ന ആ സ്ത്രീയുടെ ഭർത്താവു് മലയായിലാണെന്നും സാധനങ്ങാം അയാാംക്കുവേണ്ടി വാങ്ങിക്കൊണ്ടു പോവുകയാണെന്നും, അവ മടക്കിക്കൊടുക്കുവാനായി ഹാർബറിൽ പരിചയക്കാരാരും ഇല്ലെന്നുമുള്ള അവരുടെ സങ്കടം ഒരു വനരോദനം മാത്രമായിരുന്നു. ഒരു പക്ഷെ ആ തമിഴത്തിയുടെ അനാകർഷകമായ സൌന്ദര്യം കണ്ടതുകൊണ്ടുള്ള ദേഷ്യമാവാം, ഉദ്യോഗസ്ഥനെ ഇത്രയും കടുംകൈ ചെയ്യാൻ പ്രേരിപ്പിച്ചതു്.

ഈ പരിശോധനയെല്ലാം കഴിഞ്ഞു് ഞാൻ കപ്പലിൽ കയറി. ആദ്യമായാണു് ഒരു കപ്പലിൽ കയറുന്നതു്. കടലിൽ സഞ്ചരിക്കുന്ന ഒരു വലിയ യാനപാത്രമെന്നതിൽ കവിഞ്ഞു എനിക്കു കപ്പലിനെക്കുറിച്ചറിഞ്ഞുകൂടായിരുന്നു. ഈജിപ്തുകാരു

ടെ പാക്കപ്പലുകളുടെ ആദ്യരൂപം മുതൽ യന്ത്രോപകരണങ്ങളും ആററംശക്തിയുപയോഗിച്ചു ഓടിക്കുന്ന കപ്പലുകൾവരെ എൻെറ ചിന്താസരണിയിലൂടെ ഒരു മിന്നലോട്ടം നടത്തി. കേരളത്തിലെ തേക്ക്തടികൾ ഉപയോഗിച്ചു അക്കാലങ്ങളിൽ നല്ലതും മേത്തരവുമായ കപ്പലുകൾ നിർമ്മിച്ചിരുന്നു. ഈ പാക്കപ്പലുകൾ ഉപയോഗിച്ചിട്ടാണു് ബ്രിട്ടീഷുകാർ ലോകം മുഴുവൻ കോളണികൾ സ്ഥാപിച്ചതും അവയെ അടക്കി ഭരിച്ചതും.

എന്നാൽ ഞാൻ സഞ്ചരിക്കാൻ പോവുന്ന 'സ്റ്റേററ് ഓഫ് മദ്രാസ്', ക്വീൻമേരി, ക്വീൻ എലിസബത്ത്, എന്നിവയുടെ വർഗ്ഗത്തിൽ പെട്ട ആവിക്കപ്പലാണ്. എപ്രകാരം പാക്കപ്പലുകളെ ആവിക്കപ്പലുകൾ കടലിൽനിന്നു് മാററിനിറുത്തിയോ, അതേപോലെ ആററംശക്തിയുപയോഗിച്ചു ഓടുന്ന കപ്പലുകൾ സമീപകാലത്ത് തന്നെ ആവിക്കപ്പലിനേയും മാററിനിർത്തും.

സ്റ്റേററ് ഓഫ് മദ്രാസിലെ ഏററവും താഴെയുള്ള ഒരു ബങ്ക്ക്ലാസ്സിലേക്കുള്ളതായിരുന്നു എൻെറ ടിക്കററ്. ദീർഘചതുരാകൃതിയിലുള്ള ഒരു വിസ്തൃതഹാളായിരുന്നു അതു്. ചുററും, ഇടകലന്നും, ഇരുമ്പുപലകകൾ രണ്ടട്ടിയായി കെട്ടിയിരിക്കുന്നു. ആകെ 210 ആളുകൾക്കുള്ള ഇരുമ്പുപലകകൾ ഘടിപ്പിച്ചിരിക്കുന്ന ആ ഇരുട്ടറയിൽ എനിക്ക് മുകൾത്തട്ടിലാണു് സ്ഥലം ലഭിച്ചതു്.

ഈ ഹാൾ ശരിക്കും നാസിജർമ്മനിയിൽ രാഷ്ട്രീയത്തടവുകാരേയും ഗവമ്മേണ്ടിന്നു വിരോധമുള്ളവരേയും വിചാരണ കൂടാതെ തടവിലടച്ചിരുന്ന കുപ്രസിദ്ധമായ കോൺസൺട്രേഷൻ ക്യാമ്പുകൾക്ക് തുല്ല്യമായിരുന്നുവെന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയായിപ്പോവുകയില്ല. ഈ ക്യാമ്പുകളിൽ യഹൂദരും കമ്യൂണിസ്റ്റ്കാരുമായിരുന്നു പ്രധാനമായും ദണ്ഡനനടപടിക്കു വിധേയരായിരുന്നതെങ്കിൽ, ഇവിടെ പണമില്ലാത്തവരും പിശ്രുക്കന്മാരുമാണെന്നു മാത്രം. അർദ്ധപട്ടിണി, കഠിന ജോലി, ശാരീരികപീഡനം ഇവയായിരുന്നുവത്രെ തടവുകാരുടെ അനുഭവം.

2277

ചില ക്യാമ്പുകളിൽ ഗ്യാസ് ചേമ്പറുകളുമുണ്ടായിരുന്നപോൽ. ബോവർ ജനങ്ങളെ—സ്ത്രീകളേയും കുട്ടികളേയും—ഇത്തരം തടങ്കൽ ക്യാമ്പുകളിലാക്കിയിരുന്നു. ഇതിൽനിന്നു കഠിനജോലി എന്ന ശിക്ഷ ഒഴികെ ബാക്കിയുള്ളവയെല്ലാംതന്നെ, ഒരളവോളം സ്റ്റേററ് ഓഫ് മദിരാശിയിലെ ആധുനിക കോൺസൺട്രേഷൻ ക്യാമ്പിലെ ഒരു സാധാരണ കാഴ്ചയായിരുന്നു.

സാധനങ്ങളെല്ലാം ഇറക്കിവെപ്പിച്ച പോർട്ടർക്ക് എത്ര പൈസ വേണമെന്ന് തിരക്കി, യാതൊരു സങ്കോചവും കൂടാതെ അവൻ പതിനഞ്ചു രൂപ ആവശ്യപ്പെട്ടപ്പോൾ, ഞാൻ തരിച്ചു പോയി. ഒരു പെട്ടിയും ഒരു ബെഡ്ഡിങ്ങും മാത്രമേയുള്ളു. രണ്ടും കൂടി 25 റാത്തലിലധികം തൂക്കം വരില്ല. ഇവരുടെ കയ്യിൽ ഒരു കളിപ്പാവയാവരുതെന്നു തന്നെ ഞാൻ തീരുമാനിച്ചു. തികഞ്ഞ ഗൌരവത്തോടും ഒരു അരഗ്ഗണ്ടയുടെ ഭാവത്തോടുംകൂടി ഞാൻ പോക്കററിൽനിന്ന് മൂന്ന് രൂപായെടുത്ത്, "പോടാ" എന്നൊരാട്ടോടുകൂടി എറിഞ്ഞുകൊടുത്തു. ദൈവമേ, ആ മൂന്ന് നോട്ടുകൾ എടുത്ത് കീശയിലാക്കുമ്പോൾ അവൻ തമിഴിൽ ഇനിയൊന്നും പറയാൻ ബാക്കിവെച്ചില്ല. തമിഴ് നിഘണ്ടുവിൽ ഇത്രയധികം ചീത്ത പദങ്ങളുണ്ടോ എന്നുകൂടി ഞാൻ സംശയിച്ചുപോയി.

സമയം നാലുമണിയായിക്കാണും. രാവിലെ വല്ലതും കഴിച്ചതാണ്. ഊൺ കഴിച്ചിട്ടില്ല. വല്ലാതെ വിശപ്പും ക്ഷീണവും തോന്നി. ഞാൻ ചുററുമൊന്ന് കണ്ണോടിച്ചു. പരിഭ്രമജനകമായിരുന്നു ആ കാഴ്ച.

ഞാൻ താഴോട്ടിറങ്ങി, മൂത്രമൊഴിക്കാനുള്ള സ്ഥലം അന്വേഷിച്ചു. ബാത്ത്റൂം മൂന്നു കോണികൾ കയറിയിട്ടാണുള്ളതെന്ന് മനസ്സിലായപ്പോൾ സ്ത്രീകളേയും കുട്ടികളേയും കുറിച്ചാണ് ഞാൻ ചിന്തിച്ചത്. മുഖം കഴുകാനുള്ള ബേസിന്നാണെങ്കിൽ ഒരു കോണിപ്പടി കയറണം; ഏതായാലും കാണാൻ പോണ പൂരം എങ്ങിനെയായിരിക്കുമെന്നുള്ളതിൻെറ ഒരേകദേശംചിത്രം അപ്പോൾതന്നെ ലഭിച്ചു.

ഏഴുമണിക്കു ഊണിന്നു് സമയമായെന്ന വിവരമറിഞ്ഞു. ഞങ്ങളുടെ ഹാറം സ്ഥിതിചെയ്യുന്നതിൻെറ നേരെ മുകളിലാണു് കാൻടീൻ. അതായതു് അടുക്കളയുടെ നേരെ ചുവട്ടിലുള്ള മുറിയിലാണു് ഞങ്ങളുള്ളതെന്നർത്ഥം; കപ്പലിലെ ഭക്ഷണസമ്പ്രദായം തികച്ചും അത്ഭുതകരവും മുമ്പു് പറഞ്ഞതു്പോലെ ഹിററ്ലർ യുഗത്തെ സ്മരിക്കുന്നതുമാണു്.

ആദ്യത്തെ ക്യൂവിൽനിന്നുകൊണ്ടു് ഒരു കൌണ്ടറിൽ ചെന്നു് ടിക്കററു് കാണിക്കണം. അവിടെനിന്നു് അടയാളപ്പെടുത്തി ഒരു ടോക്കൺ നല്കുന്നു. ഉടനെ അടുത്ത ക്യൂവിൽ നിന്നുകൊണ്ടു ഒരു അലൂമിനിയപാത്രം സമ്പാദിക്കണം. ചതഞ്ഞും വക്കുകറം വൃത്തികേടായുമിരിക്കുന്ന ഈ പാത്രം കണ്ടാൽ തന്നെ ഊൺ കഴിക്കുവാൻ തോന്നില്ല. ഇവിടെനിന്നു് മൂന്നാമത്തെ ക്യൂവിലേക്കു പോകുന്നു. അവിടെ വലിയൊരു ചെമ്പിൽ ചോറു് നിറച്ചുവെച്ചിട്ടുണ്ടാവും. അടുത്തിരിക്കുന്ന ഒരാറം പ്ലേററു വാങ്ങുന്നു. തികച്ചും പരിചയമുള്ളതിനാൽ ഒരു മെഷീൻെറ വേഗതയിലാണു് ഇതു് ചെയ്യുന്നതു്. അവനു തലയുയർത്തി തൻെറ മുമ്പിൽ നില്ക്കുന്നവനെ നോക്കുന്ന പതിവേയില്ല.

ഉടനെ പ്ലേററിൽ കറിയും ചോറും വിളമ്പുന്നു. പകുതി വേവുള്ള ആ ചോറു്, ഒരുതരം പച്ച അരിയുടെ വാസനയുള്ള ആ ചോറു്, മണത്തുനോക്കിയാൽ കഴിക്കുവാൻ സാധിക്കുകയില്ല.

എന്തുകൊണ്ടാണു് ഇത്രയും മോശമായ രീതിയിൽ, ഭക്ഷണം പാകം ചെയ്യുന്നതെന്നു് അന്വേഷിച്ചിട്ടും, ആലോചിച്ചിട്ടും ഒരെത്തും പിടിയും കിട്ടിയില്ല. ശരിക്കു 40 രൂപയോളം ഓരോ യാത്രക്കാരനും ഭക്ഷണത്തിന്നായി നല്കുന്നു. യാതൊരു വിദ്യാഭ്യാസമോ, സംസ്കാരമോയില്ലാത്തവരാണു് കാൻടീൻ പ്രവൎത്തിക്കാർ. വൃത്തി അവരുടെ സമീപത്തുകൂടി പോയിട്ടില്ല. യാത്രക്കാരോടു് ഒരു നല്ലവാക്കു് സംസാരിക്കുവാൻ അവൎക്കറിയുകയില്ല. ഇനി ഇവയൊന്നുമില്ലെങ്കിലും, ഉള്ളവ നല്ല രീതിയിൽ

മനുഷ്യനു് കഴിക്കാവുന്നവിധം പാകപ്പെടുത്തിക്കൂടേയെന്നു് ന്യായമായും നമുക്കു തോന്നിപ്പോകും.

രണ്ടാം ദിവസം രാവിലെ കുളിയും പ്രഭാതഭക്ഷണവും കഴിഞ്ഞു കപ്പലൊന്നു് ചുററിക്കാണാൻ പുറപ്പെട്ടു. കപ്പലിലെ അപ്പർക്ലാസ്സുകൾ കമനീയമായി അലങ്കരിച്ചതും രണ്ടും മൂന്നും ബെഡ്ഡുകളുള്ളതുമായ ചെറിയ മുറികളാണു്. ഒരു വായനമുറിയും, ശീട്ടുകളിക്കാനുള്ള മുറിയും, കുട്ടികൾക്കു കളിക്കുവാനുള്ള സൌകര്യവും, മനോഹരമായ ഒരു ഡൈനിങ്ങു് ഹാളുമുണ്ടു്. പുറമെ വിശാലമായ വരാന്തയിൽ ചാരുകസേരകൾ വരിവരിയായി ഇട്ടിരിക്കുന്നു. കാററുകൊള്ളുവാനുള്ള സ്ഥലങ്ങളാണിവ. താണക്ലാസ്സും, കേബിൻക്ലാസ്സുമായി സുഖസൌകര്യങ്ങൾ താരതമ്യം ചെയ്താൽ ആനയും അണ്ണാനും തമ്മിലുള്ള വ്യത്യാസം തോന്നും. കേബിൻ ക്ലാസുകളിൽ നല്ല ഫ്ളഷും, ഷവറും കിടന്നു കുളിക്കുവാനുമുള്ള തൊട്ടികളുമുള്ളപ്പോൾ താഴെ വൃത്തികെട്ട കക്കൂസ്സുകളും, ഇടുങ്ങിയ കുളിമുറികളുമാണുള്ളതു്.

ഞാനങ്ങിനെ നടക്കുകയായിരുന്നു. ശാന്തമായ ബങ്കാൾ ഉൾക്കടൽ പരിചയസമ്പന്നനല്ലാത്ത ഒരു ഫോട്ടോഗ്രാഫറെടുത്ത അവ്യക്തമായൊരു ചിത്രംപോലെ തോന്നിയിരുന്നു. സൂര്യൻ വിളറിയ മുഖത്തോടെ ഉയൻവരുകയാണു്. രാത്രി അധികമാകുന്നതുവരെ ഉല്ലാസങ്ങളിൽ പങ്കുകൊള്ളുകയാൽ പരിക്ഷീണനായ ഭർത്താവു് പ്രഭാതഭക്ഷണവേളയിൽ ഭാര്യയെ എങ്ങനെയാണഭിമുഖീകരിക്കുകയെന്ന മനശ്ചാഞ്ചല്യത്തോടെ ഉണൎന്നെഴനേററു വരുന്നതുപോലെയിരുന്നിരുന്നു.

പെട്ടെന്നു് ഒരാൾ എൻെറ മുമ്പിലൂടെ കടന്നുപോയി. ഒരു നീല ട്രൌസറും, മുറിയൻ കുപ്പായവും ധരിച്ചിരുന്ന ആയാൾ കപ്പലിലെ ഒരുയൎന്ന ഉദ്യോഗസ്ഥനാണെന്നുള്ളതു്, ചുമലിലുള്ള നീല ടചയിൻ തുണിയിൽ കസവുനൂലുകൊണ്ടു തുന്നിയ വരകളുള്ള ബേഡ്ജിൽനിന്നു മനസിലാക്കാമായിരുന്നു. ഒക്കത്തു് ഹാററുമുണ്ടു്. തടിച്ച ഒരു സുമുഖൻ. എന്നെ കടന്നു പോകുമ്പോൾ,

പെട്ടെന്നു് തിരിഞ്ഞുനോക്കി. വീണ്ടും സൂക്ഷിച്ചുള്ള നോട്ടം. ഞാനതത്ര ശ്രദ്ധിച്ചില്ല. ഒരുപക്ഷേ ഉയന്ന ക്ലാസ്സുകളിലെ ബാൽക്കണിയിൽ, അതും അധികമാരും മുറിവിട്ടു പുറത്തുവരാത്ത ഈ പ്രഭാതത്തിൽ, അലഞ്ഞുനടക്കുന്നതു് കണ്ടു് നോക്കിയതാവാമെന്നു് കരുതി ഞാൻ മുഖംതിരിച്ചുകളഞ്ഞു.

പക്ഷേ, അദ്ദേഹം എൻെറ സമീപത്തേക്കു് വരികയാണു് ചെയ്തതു്. ഒരു പുഞ്ചിരിയോടും അതേസമയം സംശയദൃഷ്ടിയോടും കൂടി അദ്ദേഹം എൻെറ ചുമലിൽ കൈവെച്ചു. ഞാൻ തിരിഞ്ഞുനോക്കി. അപ്പോഴാണു് ആളെ മനസ്സിലായതു്. എൻെറ ഒരു പഴയ സഹപാഠിയും ഒന്നിച്ചു ഒരേ ബെഞ്ചിൽ പതിനൊന്നാം ക്ലാസ്സുവരെ പഠിച്ചുവനുമായ പൂച്ചക്കണ്ണൻ രാജേന്ദ്രനാണു് അയാളെന്നു്. നീണ്ട 10 വർഷങ്ങൾക്കുശേഷം ഞങ്ങൾ വീണ്ടും കാണുകയാണു്.

അയാൾ കപ്പലിലെ ചീഫ് ഓഫീസറാണു്. ഒരേ തരത്തിൽ കളിച്ചുവന്ന ഞങ്ങൾ, ഈ കാലഘട്ടത്തിന്നിടയിൽ രണ്ടു വ്യത്യസ്ത തുറകളിലായിപ്പോയി. വ്യവസായത്തിൻെറ മണ്ഡലത്തിലേക്കു് ഞാനും, സമുദ്രത്തിൻെറ വിശാലതയിലേക്കു് രാജേന്ദ്രനും എറിയപ്പെട്ടു. ആകസ്മികമായ ഈ കൂടിക്കാഴ്ചയിൽ രണ്ടുപേരും വളരെ സന്തോഷിച്ചു. തൻെറ കൂടെ കേബിനിൽ താമസിക്കുവാനും ഒരുമിച്ചു ഭക്ഷണം കഴിക്കുവാനുമായി സുഹൃത്തു് എന്നെ വളരെയധികം നിർബ്ബന്ധിച്ചു. പക്ഷെ ഞാനതിൽനിന്നു ഒഴിഞ്ഞുമാറുകയാണു് ചെയ്തതു്.

കാരണം, ഇങ്ങിനെ താണക്ലാസ്സിൽ ഒരു യാത്രചെയ്യാൻ ഞാൻ തീരുമാനിച്ചതു പുതിയ അനുഭവങ്ങൾക്കുവേണ്ടിയായിരുന്നു. യാത്രക്കപ്പലുകളിലെ അപ്പർ ക്ലാസ്സുകളിൽ എല്ലാ സുഖസൌകര്യങ്ങളും, പ്രതീക്ഷിക്കുകയും അവകാശപ്പെടുകയും ചെയ്യാൻ കഴിയും. എന്നാൽ കൃത്രിമമായ ഉല്ലാസഭാവത്തിൽ മേന്മനടിക്കുന്ന സഹയാത്രികരെയാണവിടെ കാണുക. അവിടെ ഉടുപ്പിലും നടപ്പിലും തീൻ മേശക്കുമുമ്പിലുമെല്ലാം പരിഷ്കൃത

നായ വെള്ളക്കാരന്റെ ചിട്ടയും ആചാരമര്യാദകളും അനുഷ്ഠിച്ചു കൊള്ളണമെന്നാണ് വെപ്പ്. സഹയാത്രികരുടെ സംഭാഷണത്തിലും പെരുമാററത്തിലും ഒരു കൃത്രിമത്വം മുഴച്ചുകാണും. എന്നാൽ ഡക്കിൽ അങ്ങിനെയല്ല. എല്ലാവരും സാധാരണക്കാരാണെന്നു മുഖഭാവം വെളിപ്പെടുത്തും. അവക്ക് ഒന്നും മറച്ചുവെക്കാനില്ല. പലമാതിരി ജീവിതങ്ങളുടെ ഒരു തുറന്ന സങ്കേതമാണവിടെ. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയും അവിടെയെന്നുള്ളതാണ് ഏററവും വലിയ പ്രത്യേകത.

അഞ്ചാം ദിവസം ഞങ്ങൾ ആന്തമാൻ നിക്കോബർ ദ്വീപുകൾ പിന്നിട്ടു. കപ്പൽ ദ്വീപുകൾക്കു വളരെ വളരെ അടുത്തുകൂടെയാണ് നീങ്ങിക്കൊണ്ടിരുന്നതു്. അസാധാരണ രൂപമിയന്ന ഏതാനും പാറകളുടെ കൂട്ടമാണിവിടെ. മരങ്ങളും പുൽക്കുന്നുകളുമുള്ള ഈ ഫലഭൂയിഷ്ഠഭൂമി ഇനിയും ധാരാളം പുരോഗതിക്ക് സാദ്ധ്യതയുള്ളതായി തോന്നി.

ദൂരക്കണ്ണാടിയിലൂടെ ആ ദ്വീപുസമൂഹങ്ങൾ നോക്കിയപ്പോൾ അതിന്റെ പഴയ ചരിത്രം ഓർത്തുപോയി. 1858 മുതൽ ബ്രിട്ടീഷ് ഗവമ്മേണ്ടു് ഇന്ത്യക്കാരെ ശിക്ഷിച്ചു നാടുകടത്തിയിരുന്നതു് അന്തമാൻ ദ്വീപിലേക്കായിരുന്നു. 1942 മുതൽ 1945 വരെ ജപ്പാൻ ഇവ കീഴടക്കിവെച്ചു. ബങ്കാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന ഈ ദ്വീപുസമൂഹങ്ങൾ ഇന്ത്യയുടെ ഭാഗമാണിന്നു്. ആറു വലിയ ദ്വീപുകളും ഇരുനൂറോളം ചെറിയ ദ്വീപുകളുമുള്ള ഈ ദ്വീപുസമൂഹത്തിന്നു് ആകെ 219 മൈൽ നീളവും 32 മൈൽ വീതിയുമുണ്ടു്. ഏകദേശവിസ്തീർണ്ണം 2,500 ച. മൈലാണ്. ധാരാളം തടി ലഭിക്കുന്നതും വനനിബിഡവുമായ ഈ പ്രദേശത്തു്, അഗ്നിപർവ്വത സമൂഹങ്ങൾ തന്നെയുണ്ടു്. തെങ്ങും റബ്ബറും ഇവിടെ വൻതോതിൽ കൃഷിചെയ്തുവരുന്നു.

ഇന്നു് അന്തമാൻ—നിക്കോബർ ദ്വീപുകൾ കുററവാളികളെ നാടുകടത്തുന്ന സ്ഥലങ്ങളല്ല. പ്രത്യുത ഭാരതസക്കാറിന്റെ വികസനമേഖലയിൽ വലിയ പ്രാധാന്യമുള്ള സ്ഥലങ്ങളാണ്.

ഈ ദ്വീപുകളിലെ ഭരണം ഇന്ത്യൻ പ്രസിഡണ്ടിൻെറ നേരിട്ടുള്ള മേൽനോട്ടത്തിലാണ്.

ഈ കൊച്ചു കുന്നുകളുടെ ചെരിവിൽ പച്ചപ്പുൽ വിരിപ്പുകഠം വിലസുന്നു. കുന്നുകഠം കണ്ടാൽ അവിടവിടെ പച്ചപ്പട്ടു കൂടാരങ്ങഠം നിൎമ്മിച്ചു വെച്ചിരിക്കയാണെന്നു തോന്നും. കടും ചുവപ്പു നിറത്തിലുള്ള പൂക്കഠം വഹിച്ചുനിൽക്കുന്ന ഒരുജാതി ചെടികളും കുന്നുകളുടെ കടയ്ക്കൽ സമൃദ്ധിയായി വളൎന്നുനില്ക്കുന്നു. വീടുകളുടേയും കടകളുടേയും പരിസരങ്ങളിൽ പാൎക്കുന്ന അങ്ങാടിക്കരുവിയിനത്തിൽപ്പെട്ട പക്ഷികളേയും ഇവിടങ്ങളിൽ കാണുന്നു. അതേപോലെ കായ് നീണ്ട് അററം വളഞ്ഞു പെട്ടെന്നു പടൎന്നു കയറുന്ന തരത്തിലുള്ള സസ്യങ്ങളും ഇടതിങ്ങി വളരുന്നുണ്ട്. ഇവയെ "അപ്പൂപ്പൻതാടി" യെന്നാണത്രെ പറയുക.. വിത്തുകളുടെ അററത്തുള്ള നീണ്ട പഞ്ഞിപോലെ വെളുത്ത മൃദുവായ രോമങ്ങഠം കായ്പൊട്ടുമ്പോഠം വിശറിപോലെ ഉണങ്ങി വിടരുന്നതുകൊണ്ടാണ് ഇങ്ങിനെയൊരു പേര് ഇതിന്നു കൈവന്നതു്.

അസ്ഥിരചിത്തയായ ഒരു സ്ത്രീയേപ്പോലെയാണ് ഇവിടെ കടൽ. പലഭാവങ്ങളും മാറിമാറി കൈക്കൊള്ളും. കപ്പലിൽ സൂൎയ്യാസ്തമനം കണ്ടാൽ കടലിൻെറ ഏത്തടത്തിൽ ആരോ ചുവന്ന സുവൎണ്ണപ്പരവതാനി നീട്ടി നീട്ടി വെക്കുകയാണെന്നു തോന്നും. ചക്രവാളം വരെ പതിനായിരം ചുളികളാണതിൽ. കാന്തികുന്ദളങ്ങഠം അതിൽക്കിടന്നു നൃത്തം തുള്ളുകയാണ്. ഇതെല്ലാം കണ്ടാൽ; പായുന്ന കപ്പലിൻെറ വേഗതയും, യന്ത്രത്തിൻെറ നിരന്തരമായ ഇരമ്പലുകളും നാം മറന്നുപോകും. ഇവ വിവരിച്ചു മനസ്സിലാക്കിക്കൊടുക്കുക സാദ്ധ്യമല്ല. ഇവക്കുപമാനവസ്തുക്കളുമില്ല. ഇവ നേരിട്ടുകണ്ടു മനസ്സിലാക്കുകതന്നെ വേണം.

നമ്മുടെ ഗവൎമ്മേണ്ടിൻെറതാണ് കപ്പൽ. അതിലെ ജോലിക്കാർ ഇന്ത്യക്കാരാണ്. സാധനങ്ങളാവട്ടെ ഇന്ത്യയിലേതും. എന്നിട്ടും നമ്മുടെ നാണയങ്ങഠം സ്വീകരിക്കാതിരിക്കുന്നതും, മലയൻ നാണയങ്ങളിൽ കച്ചവടം ചെയ്യുന്നതും തീർച്ചയായും

നമുക്കു് ഒരപമാനമായിത്തോന്നും. ഇതിൻെറ ന്യായതയെക്കു റിച്ച കപ്പലിലുള്ള നിരവധി ആളുകളോടു് ഞാൻ തിരക്കി. വിദേശനാണയമിച്ചത്തിന്നാണിതെന്നുള്ള ചിലരുടെ വാദം ഒരി ക്കലും സ്വീകരിക്കത്തക്കതായി തോന്നുന്നില്ല. അതേപോലെ ഇന്ത്യൻ ഉരുപ്പിികയിൽ താണ ക്ലാസ്സ് ടിക്കറേറ നൽകുകയുള്ള വെന്ന വ്യവസ്ഥയും അപമാനകരമാണു്.

7–ാം ദിവസം വൈകുന്നേരം ഞങ്ങൾ പെനാങ്കു് തുറമുഖ ത്തെത്തി. ഉൾക്കടൽ വെറും ഒരു തടാകംപോലെ ശാന്തമായി രുന്നു. ബോട്ടുകളും പത്തേമാരികളും മീൻപിടുത്ത വഞ്ചികളും അതിൻെറ മുകൾപ്പരപ്പിലൂടെ ഓടിനടക്കുന്നു. വെള്ളച്ചായം തേച്ച പാശ്ചാത്യ സമ്പ്രദായത്തിലുള്ള വിനോദ വഞ്ചികൾ ഇളം വെയിലിൽ പ്രകാശിക്കുന്ന പായകൾ വിടർത്തി അതിവേഗത്തിൽ പായുന്നതു കണ്ടുനില്ക്കുവാൻ ഉന്മേഷംതോന്നും.

ഞാൻ പെനാങ്കുദ്വീപിനെ ഭ്രതക്കണ്ണാടിയിലൂടെ നോക്കി. കരയിലിരുഭാഗത്തും ഒന്നിന്നു പുറകിൽ ഒന്നായി വലിയ വലിയ വെള്ളക്കെട്ടിടങ്ങൾ, അവയ്ക്കു പുറകിലായി ഉയർന്നുനില്ക്കുന്ന മലകൾ — രസമുള്ള കാഴ്ച. അരിച്ചാക്കുകളുടെ ഭാരംകൊണ്ടു വിഷമിച്ച ഇഴഞ്ഞുവലിഞ്ഞു പോകുന്ന ബാർജ്ജുകൾ, യാത്ര ക്കാർ സവാരിചെയ്യുന്ന സാമ്പൻ വള്ളങ്ങൾ, ഇരവിഴുങ്ങിയ പെരുമ്പാമ്പിനെപ്പോലെ അനങ്ങാതെ കിടക്കുന്ന ഗ്രഹനൌക കൾ, ഇവയെല്ലാം കണ്ടുംകൊണ്ടു ഞാൻ മലയായിലിറങ്ങി.

# അലോർസ്റ്റാർ

ചിനുങ്ങിക്കൊണ്ടിരിക്കുന്ന മഴയത്താണ് ഞാൻ പെനാങ്കിൽ കപ്പലിറങ്ങിയതു്. നേരം സന്ധ്യയായി തുടങ്ങിയപോലെ തോന്നി. സന്ധ്യാവേളയിലെ മൂടൽ ആകാശത്തിൽ തളംകെട്ടിയിരുന്നു. പകൽ രാത്രിയുമായി അലിഞ്ഞുചേരുകയാണ്. ചന്ദ്രബിംബം ധൂളിമറയിലൂടെ ഉയൻ്റു. രൂപശൂന്യമായ ഒരു ധവളപിണ്ഡം. പിനാങ്ക് കുന്നുകാംക്കു ചുററും നില്ക്കുന്ന പോപ്ലാർ വൃക്ഷങ്ങാം സ്വർണ്ണവർണ്ണമായ ഇലകാം പൊഴിച്ചുകൊണ്ടിരുന്നു. തൻെറ സ്വർണ്ണാഭരണങ്ങാം ഒന്നൊന്നായി അഴിച്ചുമാററുന്ന ഒരു മോഹിനിയെപ്പോലെ, വില്ലോകാം അവയുടെ അന്തികത്തിൽ വിലപിച്ചുകൊണ്ടിരുന്നു.

പൊന്നൊളികലൻ്റ വെയിൽ പൊടുന്നനെ പെനാങ്ക് തെരുവുകളെ പ്രകാശമാനമാക്കിത്തീർത്തു. നിറപ്പകിട്ടണിഞ്ഞ സ്ത്രീപുരുഷന്മാർ എങ്ങുനിന്നറിയാതെ നിരത്തുകളിലും നടപ്പാതകളിലും വന്നു നിറഞ്ഞു.

ഞാൻ മലേഷ്യയിൽ കാൽവെക്കുകയാണ്. ഭാരതത്തിൽ നിന്നും വിദൂരസ്ഥമായ, വ്യത്യസ്തമായ ഒരു വിചിത്ര പ്രദേശത്തു പ്രവേശിച്ചപോലുള്ള പ്രതീതിയുളവാകുന്നു. - പുതിയ ആചാരങ്ങാം, പുതിയ ഭാഷ, പുതിയ സംസ്കാരം, പുതിയ വസ്ത്രധാരണരീതി, പുതിയ ഭൂപ്രകൃതി — നമ്മുടെ വികാരവിചാരങ്ങാംക്കുപോലും ഒരു പുതുമതോന്നുന്നു. ആകപ്പാടെ പരുങ്ങിപ്പോകും. ലോകത്തിലെ ഏററവും മനോഹരമായ ഒരു പ്രദേശത്തിലാണ് നിൽക്കുന്നതെന്ന ഒരു ബോധം നമ്മിലുദിക്കുകയും ചെയ്യുന്നു.

50,690 ച. മൈൽ വിസ്തീർണ്ണവും 7,20,000 ജനങ്ങളുമുള്ള മലയാ ഉപദ്വീപിൻെറ ദക്ഷിണഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്രരാജ്യമാണ് മലയാ ഫെഡറേഷൻ. പർവ്വതങ്ങാം

നിറഞ്ഞ ഒരു പ്രദേശമാണിതെന്നു പറയാം. എബണി, ചന്ദനം, തേക്ക് തുടങ്ങിയ വിലപിടിപ്പുള്ള തടികളും, കർപ്പൂരവും ഈ വനത്തിൽനിന്നു ലഭിക്കുന്നു. നെല്ല്, തെങ്ങ്, പന, കൈത ഇവയാണ് മുഖ്യമായ കൃഷികൾ—മലയായുടെ ഏററവും പ്രധാനപ്പെട്ട വരവിനങ്ങൾ റബ്ബറും വെളുത്തീയവുമാണ്.

ഭാരതത്തോടടുത്തു സ്ഥിതിചെയ്യുന്ന ഈ ദ്വീപിൽ ഭാരതസംസ്കാരം വളരെയധികം സ്വാധീനത ചെലുത്തിയിട്ടുണ്ട്. ഹിന്ദുമതവും ബുദ്ധമതവും പുരാതനകാലത്തുതന്നെ ഇവിടെ പ്രാധാന്യം നേടി. അതുകഴിഞ്ഞാണ് ഇസ്ലാംമതം വന്നെത്തിയതു്.

1511 ലാണ് യൂറോപ്യർ ആദ്യമായി മലായിൽ കാലുകുത്തിയതു്. 1641–ൽ ഡച്ചുകാർ ഈ പ്രദേശം പിടിച്ചെടുക്കുന്നതുവരെ പോർട്ടുഗീസുകാർ മാത്രമായിരുന്നു മലയായിലെ വിദേശികൾ. 1895–ൽ ബ്രിട്ടൻ മലയാപിടിച്ചെടുക്കുകയും പെനാങ്ക്, സെലാങ്കോ, നെഗ്രീസ് സെമ്പിലാൽ, പഹാങ്ക് എന്നീ പ്രദേശങ്ങൾ ചേർത്തു് ഫെഡറേററഡ് മലയാസ്റ്റേററ് രൂപീകരിക്കുകയും ചെയ്തു. തുടർന്ന് 1900 – ൽ സയാമിൽനിന്നു പിടിച്ചെടുത്ത കെഡ്ഡാ, കെലാൻറൺ, പേർലീസ്, ട്രെംഗാനു എന്നീ പ്രദേശങ്ങളോട് ജോഹാർ 'കൂട്ടിച്ചേർത്തു' അൺ ഫെഡറേററഡ് മലയാസ്റ്റേററു് രൂപവൽക്കരിച്ചു.

രണ്ടാം ലോകമഹായുദ്ധകാലം മുഴുവൻ മലയാ ജപ്പാൻെറ അധീനതയിലായിരുന്നു. ആശ്ചര്യജനകമായിരുന്നുവത്രെ ജപ്പാൻകാരുടെ അപ്രതിരോധ്യമായ മുന്നേററവും അത്ഭുതപൂർവ്വമായ വിജയവും. ഏതു വഴിക്കാണ് വരിക, എവിടെയാണ് ഒന്നിച്ചു ചേരുക എന്നൊന്നും അറിയാൻ കഴിയാത്ത മട്ടിലാണ് കാട്ടിലൂടെയും ഊടുവഴികളിലൂടെയും അവർ തള്ളിക്കയറിയിരുന്നതു്. ജപ്പാനീസ് പട്ടാളക്കാരുടെ ധീരതയും ശൌര്യവും സഹിഷ്ണുതയും ഐതിഹാസികമായിരുന്നു. മല കയറാനും, പുഴ നീന്താനും,

ലാലാങ്ങ് പുല്ലുകളിലൂടെ പതുങ്ങി നടക്കുവാനും അവക്കുള്ള വൈദഗ്ദ്ധ്യം അസാമാന്യമായിരുന്നുവത്രെ.

ജപ്പാൻ അവസാനം തോററു നാടുവിട്ടതോടുകൂടി 1946–ൽ ബ്രിട്ടീഷുകാർ മലയൻ യൂണിയൻ രൂപവൽക്കരിച്ചു. ഇതിൽ സിങ്കപ്പൂർ ഒഴികെ മലയ മുഴുവൻ ഉംപ്പെട്ടിരുന്നു. 1948–ൽ യൂണിയനു പകരം ഫെഡറേഷൻ ഓഫ് മലയ നിലവിൽവന്നു. ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ഭരണം നടത്തി.

മലയൻ ദേശീയസേന ബ്രിട്ടനുമായി ഗൊറില്ലായുദ്ധം നടത്തി 1957–ൽ സ്വാതന്ത്ര്യം സമ്പാദിച്ചു. 1959വരെ കമ്മ്യൂണിസ്റ്റ് ഗൊറില്ലാസമരം നടന്നിരുന്നു.

ഇവിടെ ജനങ്ങഠം മലായിഭാഷ സംസാരിക്കുന്നു. മലയോ–പോളിനേഷ്യൻ ഭാഷാകുടുംബത്തിലെ ഒരു പ്രധാന അംഗമാണ് മലായിഭാഷാ. മലയാ ഉപദ്വീപിലെ അംഗങ്ങഠം ഭൂരിപക്ഷവും മലായിഭാഷ സംസാരിക്കുന്നു.

പിനാങ്കിൽ കപ്പലിറങ്ങിയ ഉടനെ ഞാൻ കെദ്ദാസംസ്ഥാനത്തിൻെറ തലസ്ഥാനമായ അലോർസ്റ്റാറിലേക്ക് പുറപ്പെടുകയാണു് ചെയ്തതു്. 80 നാഴിക ദൂരംവരുന്ന ഈ യാത്ര ഒരു ടാക്സികാറിലായിരുന്നു നിവ്വഹിച്ചിരുന്നതു്.

മലയയിൽ ടാക്സിയാത്ര വളരെ ആദായകരവും എളുപ്പവും സുഖകരവുമാണു്. നാലാളുകളിൽ കൂടുതൽ കയററുകയില്ലെന്നതിനുപുറമെ മേത്തരം മെർസിഡസ് ബെൻസ് ഇനത്തിൽ പെടുന്ന ആധുനികങ്ങളായ കാറുകളാണ് ടാക്സികഠം അധികവും.

എൻെറ ഡ്രൈവർ 'കിലോവ' എന്നൊരു ചെറുപ്പക്കാരനായ ചീനനായിരുന്നു. വളരെ വേഗത്തിൽ, ആപത്തിൻെറ വക്കത്തുകൂടി യാതൊരു ഭാവഭേദവുംകൂടാതെ തൻെറ കാർഡ്രൈവിംഗ്പ്രാവീണ്യം ഞങ്ങഠംക്കു കാണിച്ചുതരികയാണെന്നു തോന്നി ആ പോക്കു് കണ്ടപ്പോഠം. 120 കിലോമീററർ വേഗത്തിൽ ഒരു കുന്നിൻെറ മുകളിലേക്കു വണ്ടി കുതിച്ചുകൊണ്ടിരിക്കു

മ്പോറം ഞാൻ കണ്ണുമടച്ചിരുന്നു കരുതി, ഒരുപക്ഷെ അടുത്ത ഇറക്കത്തിന്നു് ആയാറം വേഗം കുറച്ചേക്കാനിടയുണ്ടെന്നു്. ഇറക്കമാവുമ്പോഴേക്കു് സ്പീഡോമീററർ ഇഴഞ്ഞിഴഞ്ഞു 140–ലേക്കു കയറുന്നതു കാണാം. എതിർവശത്തുനിന്നു ഏതാണ്ടിതേ സ്പീഡിൽ പറന്നെത്തുന്ന ഒരു വണ്ടി ഞങ്ങളുടെ ടാക്സിയുമായി കൂട്ടിമുട്ടാൻ പോകുന്നു എന്നാകുമ്പോറം കിലോവ എല്ലാം മറന്നപോലെ എൻെറ നേരെ തിരിഞ്ഞു കുശലപ്രശ്നമായി. "ഉദ്ധതന്മാരാം രണ്ടു മേഘങ്ങളെ"പ്പോലെ പാഞ്ഞടുക്കുന്ന രണ്ടു വണ്ടികറം ഞങ്ങളുടെ മുമ്പിൽവെച്ചു കൂട്ടിമുട്ടി, മുട്ടിയില്ല എന്നിരിക്കെ അവയുടെ ഇടയിലൂകൂടി ഡ്രൈവർ വെട്ടിച്ചോരു കുതിച്ചുചാട്ടം. സെക്കൻഡിന്നു് ഏതാണ്ടു 130 അടി വേഗത്തിലാണു് വണ്ടിയും അതിലിരിക്കുന്ന ഞങ്ങളും കുന്നിൻെറ മുകളിൽനിന്നു താഴോട്ടു വീണുപോകുന്നതെന്നോക്കുമ്പോറം ഭയംതോന്നുക സ്വാഭാവികമാണല്ലൊ. പോരെങ്കിൽ ഒരു ഡ്രൈവർകൂടിയായ നിങ്ങളെ കയററിക്കൊണ്ടാണീ മരണപ്പാച്ചിലെങ്കിൽ നിങ്ങറം എത്രമാത്രം അസ്വസ്ഥനായിത്തീരുമെന്നുള്ളതു് ഡ്രൈവിംഗ് അറിയാവുന്നവക്കേ മനസ്സിലാവൂ.

മലയയിലെ ഗ്രാമപ്രദേശങ്ങളെക്കുറിച്ചുള്ള ഒരാദ്യചിത്രമാണു് ഈ യാത്ര എനിക്കു നല്കിയതു്. മലയാളക്കാരെ സംബന്ധിച്ചിടത്തോളം അത്ഭുതപ്പെടത്തക്കവിധമുള്ള പ്രകൃതിഭംഗിയില്ലെങ്കിലും, മലയൻ തരുണികളുടെ വണ്ണപ്പകിട്ടാന്ന വേഷവിധാനവും, കാലിൽ കുത്തിനിത്തിയ ഭംഗിയുള്ള മലയൻ വീടുകളും നടുവിൽ അമ്പയച്ചമാതിരി കിടക്കുന്ന റോഡും, നമ്മെ ആശ്ചര്യഭരിതരാക്കുമെന്നതിൽ സംശയമില്ല.

മൈസൂർ ചന്ദനത്തിൻെറ മഞ്ഞനിറവും, മയിലാടുന്ന കണ്ണുകളും, പിരിമുറുകിയ ഏഴുമടക്കിച്ചുരുട്ടുപോലത്തെ ശരീരപ്രകൃതിയുമുള്ള മലയക്കാരി പെൺകൊടികറം നല്ല ഓമനത്വമുള്ള പറങ്കിമാമ്പഴംപോലെ വഴിവക്കിൽ നിന്നിരുന്നു. ഭൂമിയുടെ മാറിടം അമത്തിക്കൊണ്ടുള്ള തകപ്പൻ നടപ്പു്; ചാട്ടുളിപോലുള്ള

നോട്ടം; മനുഷ്യലോകത്തെയാകമാനം ഒരു കാച്ചിയ പപ്പട ത്തോളം മാത്രം വിലയിരുത്തുന്ന യൗവനം; ഇവിടെ സ്ത്രീകറം ധാരാളമുണ്ടെന്നു് തോന്നിപ്പിക്കത്തക്ക വിധത്തിലായിരുന്നു അവ രുടെ നിൽപ്പും നടപ്പും.

നഗരത്തിലെ കമനീയമായ പുത്തൻ കെട്ടിടങ്ങളും, അവിട വിടെ പൊങ്ങിനില്ക്കുന്ന മേടുകളും, അവയെ പൊതിഞ്ഞുനി ല്ക്കുന്ന വെണ്മാടങ്ങളും, ആകാശത്തിൽ പലേടത്തും പച്ചപ്പട്ടു വിതാനം നിർവ്വഹിക്കുന്ന വന്മരങ്ങളും, അജ്ഞാതമായ വർണ്ണവി ലാസങ്ങളും കലർന്ന കൺമയക്കുന്ന ഒരു രംഗംതന്നെയായിരുന്നു.

പെരുന്നാളായിരുന്നതിനാൽ ഗ്രാമങ്ങറം കൂടുതൽ വർണ്ണാലം കൃതമായിരുന്നു. വഴിയുടെ ഇരുവശങ്ങളിലുമുള്ള വേലിക്കെട്ടുക ളിൽ ചാഞ്ഞിരുന്നിരുന്ന സ്ത്രീകളും, അടുത്തു് കളിച്ചുകൊണ്ടി രുന്ന കുട്ടികളും പ്രകൃതിവിലാസംപോലെ സമൃദ്ധിയുടേയും സന്തോഷത്തിൻേറയും ഒരു ചിത്രമാണു് നല്കിയതു്.

ഇളംതവിട്ടുനിറത്തിൽ കൊച്ചുപൂക്കറം തുന്നിപ്പിടിപ്പിച്ച നനുത്ത "കെബായ"യും വലിയ ചുവന്ന പൂക്കളുള്ള "സറോ ങ്ങ്"മാണു് അവർ ധരിച്ചിരുന്നതു്. മലയൻ പെൺകിടാങ്ങളുടെ ഒതുങ്ങിയ അരക്കെട്ടിനെയും തള്ളിനില്ക്കുന്ന മാറിടത്തേയും ഒരേ പോലെ ആലിംഗനം ചെയ്യുന്ന "കെബായ" അവരുടെ വടി വൊത്ത ശരീരത്തിൻേറ രൂപസൌഭാഗ്യം ഇരട്ടിപ്പിച്ചിരിക്കുന്നു വെന്നു തോന്നി. 'കെബായ'യുടെ നനുത്ത തുണിക്കുള്ളിലൂടെ കുറെശ്ശെ കാണാമായിരുന്ന ഉള്ളിൽ ധരിച്ചിരുന്ന "ബൊജൂചുളി" മദാലസമെങ്കിലും തറവാടിത്തം വിട്ടതാണു്. മുഖത്തു ധാരാളം പൗഡർ പൂശുന്നതിൽ ഇവർ ഉത്സുകരാണെന്നു തോന്നിപ്പോയി വയോവൃദ്ധകളെക്കണ്ടപ്പോറം. ചുണ്ടുകറം തുടുപ്പിച്ചുമിരുന്നു. മിക്ക സ്ത്രീകളുടേയും പല്ലുകറം സ്വർണ്ണം കെട്ടിച്ചവയാണു്. അതു തിക ച്ചും ഒരു വൃത്തികേടായിത്തോന്നി. എല്ലാററിലും ആഭാസകരമാ യിത്തോന്നിയതു കത്രിച്ചുചുരുട്ടിയ മുടിയാണു്. പൊതുവെ കൃത്രിമ ത്വമാണു് മുഴച്ചുനില്ക്കുന്നതെന്നു തോന്നി.

ആകപ്പാടെ അലങ്കരിച്ചുവെച്ച ഒരു കല്യാണപ്പന്തലിന്റെ മട്ടുണ്ടായിരുന്നു ആ ചുററുപാടുകൾക്ക്. പെരുന്നാളാഘോഷി ക്കുന്നതുകൊണ്ടാവാം ചെറിയ കുട്ടികളുടെ കയ്യിൽ ബലൂണും, ചോക്കലേററുകളും കാണുന്നതു്.

നീണ്ട കുത്തനെ ആകാശത്തേക്കു പൊങ്ങിയ റബ്ബർ മരങ്ങ ളുടേയും വിളഞ്ഞുകിടക്കുന്ന നെൽപ്പാടങ്ങളുടേയും നനാവർണ്ണങ്ങ ളിലുള്ള മനുഷ്യരുടേയും ഇടയിലൂടെയുള്ള ആ ഒന്നരമണിക്കൂർ നേരത്തെ കാർയാത്ര എന്റെ കപ്പൽയാത്രയിലെ സകല ക്ഷീ ണവും തീർത്തെന്നുപറയാം.

അലോർസ്റ്റാർ നമ്മുടെ ഗോവയെ അനുസ്മരിപ്പിക്കുന്നു. മല യയിലെ നെല്ലിന്റെ കലവറയായ കെദ്ദാസംസ്ഥാനത്തിന്റെ തലസ്ഥാനമായ അലോർസ്റ്റാറിന്നു രാഷ്ട്രീയമായ ഒരു പ്രധാന്യം കൂടിയുണ്ടു്. മലേഷ്യൻ പ്രധാനമന്ത്രി തുങ്കു അബ്ദുറഹിമാന്റെ ജന്മസ്ഥലമാണിതു്. സ്വാതന്ത്ര്യസമരത്തിൽ മുഴുകിയിരുന്ന അദ്ദേ ഹത്തെ സാമ്പത്തികമായും മാനസികമായും സഹായിച്ചിരുന്നതു ഇവിടുത്തുകാരായിരുന്നു. അതിൽ മുൻപന്തിയിൽ ഇവിടുത്തെ മല യാളികളുമുണ്ടായിരുന്നുവെന്നു കേൾക്കുമ്പോൾ കേരളീയർ കോൾ മയിർകൊള്ളും. പ്രധാനമന്ത്രിക്കു പ്രത്യേകതാല്പര്യം ഉള്ളതുകൊണ്ടു തന്നെയായിരിക്കണം, കെദ്ദാസംസ്ഥാനം ഇതരസ്റ്റേററുകളെയ പേക്ഷിച്ചു് കൂടുതൽ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരി ക്കുന്നതു്. അല്പകാലംമുമ്പുവരെ മലയക്കാവശ്യമായ അരിയുടെ നാല്പതു് ശതമാനം കെദ്ദായിൽനിന്നായിരുന്നു ലഭിച്ചതു്. പിന്നീ ടതു് 60 ശതമാനത്തോളമായി. ഇപ്പോൾ മലയക്കാവശ്യമായ മുഴുവനും അരി ഇവിടെനിന്നും ഉല്പാദിപ്പാക്കാനുള്ള ശ്രമമാണു്. അതിന്നായി ജപ്പാനിൽനിന്നു വിദഗ്ദ്ധന്മാരെ വരുത്തി, കൂടുതൽ നൂതനമായ സമ്പ്രദായങ്ങളുപയോഗിച്ചു മെച്ചപ്പെട്ട രീതിയിൽ കൃഷി നടത്തിവരുന്നു. അറിഞ്ഞേടത്തോളം വരുംകൊല്ലം മുതല്ക്കു മലയയുടെ ആവശ്യങ്ങൾ കഴിച്ചു ബാക്കി കയററുമതി ചെയ്യു വാനുംകൂടി സാധിക്കുമത്രെ.

ഇതുകൊണ്ടുതന്നെയായിരിക്കണം, ഈ സംസ്ഥാനത്തിൽ അരികൊണ്ടുണ്ടാക്കുന്ന ധാരാളം പലഹാരങ്ങൾ, വിവിധരൂപത്തിലായി കാണപ്പെടുന്നതും. ഇവിടുത്തുകാരുടെ ഒരു പ്രധാന പലഹാരമാണ് അട. ഉണക്കലരി പൊടിച്ച് തേങ്ങാപ്പാലുചേർത്ത് കുഴച്ച് വാഴയിലയിൽ പരത്തി അകത്ത് ശർക്കരയും തേങ്ങയും വെച്ച് മടക്കി ആവിയിൽ പുഴുങ്ങി വേവിച്ചുണ്ടാക്കുന്ന ഈ പലഹാരം വളരെ രുചിയുള്ളതാണ്. ഏത്തപ്പഴം വരട്ടിയതും ചക്കപ്പഴം വരട്ടിയതുംചേർത്തും അടയുണ്ടാക്കാറുണ്ട്. തുവരപ്പരിപ്പിലും ഉഴുന്നും അരിയും മുളകും കായവും കൂടിയരച്ച് തേങ്ങ ചേർത്തു ചുട്ടെടുക്കുന്ന വേറൊരുതരം അടയുമുണ്ട്. ഇതിന്നു് "പീലു" എന്നാണ് പേർ.

കൂടാതെ അടപ്രഥമൻ എന്നൊരു പലഹാരവും, ഇവിടങ്ങളിലെ മിസ്സ ഹോട്ടലുകളിലും കാണാം. ഉണക്കലരി പൊടിച്ച് ചൂടുവെള്ളമൊഴിച്ച് കുഴച്ച് നെയ്ചേർത്ത് വാഴയിലയിൽ വളരെ ഘനം കുറച്ച് പരത്തി ചുരുട്ടിക്കെട്ടി തേങ്ങാപ്പാലൊഴിച്ച് ഉണ്ടാക്കുന്നതാണത്. ഇതിൽ കുരുവില്ലാമുന്തിരിങ്ങയും വറുത്ത ഉറിയാൻ ചുളയും ഏലത്തരിയും ചേർക്കാറുണ്ട്.

ഞാൻ അലോർസ്റ്റാറിലെത്തിയ ദിവസം, നഗരം മുഴുവൻ പെരുന്നാളാഘോഷത്തിൻെറ തിക്കംതിരക്കിലുമായിരുന്നു. ഗവണ്മേണ്ട് രണ്ടു ദിവസത്തെ ഒഴിവാണ് പെരുന്നാളിന്നു നല്കുന്നത്. ജനങ്ങളുടെ വൈവിദ്ധ്യവും രൂപവൈചിത്ര്യവും കലർന്ന ഉടുപ്പുകൾ നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു. നിലത്തിന്നടിയിൽനിന്നു മുളച്ചുപൊങ്ങിയപോലെയും മുകളിൽനിന്നു തൂങ്ങിയിറങ്ങി വരുന്നതുപോലെയും കാണപ്പെടുന്ന ചെറുതും വലുതുമായ എലക്ട്രിക്ക് ട്യൂബ്ലൈററുകൾ ഓരോ വീട്ടിൻേറയും ഭിത്തികളിലും, മുക്കിലും മുകളിലുമായി നിലകൊള്ളുന്നു.

മുഖത്തു യാർഡ്ലി പൗഡർ പൂശി, കണ്ണുകൾ മഷിയെഴുതി വാലിട്ടു, തലമുടിയിൽ മുല്ലപ്പൂതൈലം പുരട്ടി ചുണ്ടുകളിൽ മനോഹരമായ ലിപ്സ്റ്റിക്കണിഞ്ഞ മലയൻ പെൺകിടാങ്ങൾ,

സരോങ്ങ്, കെബയ തുടങ്ങിയ വർണ്ണപ്പകിട്ടുള്ള ഉടുപ്പുകൾ—അവ ഇന്ത്യൻ സാരികളേയും ചൈനീസ് ശീത്തിനേയും അതിശയിപ്പിക്കുന്നു — ധരിച്ച കൂട്ടംകൂട്ടമായി നടന്നകലുന്നതു് നല്ലൊരു കാഴ്ചയായിരുന്നു. മലയൻ യുവാക്കന്മാർ വെൽവെററ് തൊപ്പിയും, കടുംനിറത്തിലുള്ള ലുങ്കിയും ലൂസായ ബുഷ്ക്കോട്ടും ധരിക്കുന്നു.

അലോർസ്റ്റാറിലെ പ്രധാന വ്യവസായം അരിമില്ലുകളാണ്. ചുററുപാടുനിന്നും വരുന്ന ആയിരക്കണക്കിൽടൺ നെല്ല് പാകപ്പെടുത്തുവാൻകഴിയുന്ന പടുകൂററൻ അരിമില്ലുകൾ ഇവിടെ ധാരാളമുണ്ടു്. എടുത്തുപറയത്തക്കതായി മററു പ്രധാന വ്യവസായങ്ങളൊന്നുമില്ല. നല്ലൊരു കച്ചവട കേന്ദ്രവുംകൂടിയാണ് ഈ പ്രദേശം. ചുററുപാടുമുള്ള കൃഷകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഇവിടത്തെ കച്ചവടം പ്രധാനമായും കൊയ്ത്തുകാലങ്ങളിലാണ് നടക്കുന്നതു്. അല്ലാത്ത കാലങ്ങളിൽ ഉറങ്ങിക്കിടക്കുകയായിരിക്കും അലോർസ്റ്റാറിലെ കച്ചവടക്കാർ. കച്ചവടക്കാരിൽ ഭൂരിഭാഗവും ചീനരാണ്.

ഇവിടെ പൊതു ഒഴിവു വെള്ളിയാഴ്ചയാണ്. ധാരാളം തുണിക്കടകളും, ഹോട്ടലുകളും. പലചരക്കുകടകളും ഇവിടെ കാണാനുണ്ടു്.

അലോർസ്റ്റാറിലെ പ്രധാന കാഴ്ച ആധുനികരീതികളിൽ പണിതിട്ടുള്ള ചെറിയചെറിയ വീടുകളാണ്. ഗവമ്മെണ്ടു സഹായത്തോടെയുള്ള സഹകരണ സൊസൈററികൾ, എളുപ്പവും സൗകര്യപ്രദവുമായവിധത്തിൽ തവണകളായി അടച്ചുവീട്ടാവുന്ന വ്യവസ്ഥകളിൽ നിമ്മിച്ചു ആവശ്യക്കാക്കു നൽകുന്ന സമ്പ്രദായം, പുതിയപുതിയ വീടുകളുടെ എണ്ണം വളരെയധികം വദ്ധിപ്പിക്കുന്നതിന്നു സഹായിച്ചിട്ടുണ്ടു്.

നമ്മുടെ നാട്ടിലെ ഗൃഹനിമ്മാണ സൊസൈററികൾ, നിമ്മിക്കുന്ന തരത്തിലുള്ള ഇടുങ്ങിയതും, പഴയ മട്ടിലുള്ളതുമായ

വീടുകളല്ല ഇവിടെ നിർമ്മിക്കുന്നതു്. നൂതനമായ വസ്തുശില്പവിദ്യയുപയോഗിച്ചു് ഒരു ചെറിയ കുടുംബത്തിന്നു സുഖമായും സൗകര്യമായും കഴിയത്തക്കവിധത്തിലാണു് ഓരോ കെട്ടിടത്തിൻെറയും സംവിധാനം.

ഇവിടെവെച്ചു ഒരു തനിമലയൻഗൃഹം സന്ദർശിക്കുവാനുള്ള ഭാഗ്യവും എനിക്കുലഭിച്ചു. കാലിൽ ഉയർത്തിക്കെട്ടിയ ആ ഗൃഹം മലയക്കാരൻെറ യഥാർത്ഥ ജീവിതത്തെ ശരിക്കും ചിത്രീകരിക്കുന്നു. ഒരു പെൻഷൻകാരനായ ജാരിഫും അദ്ദേഹത്തിൻെറ രണ്ടാൺമക്കളും മൂത്തവൻെറ ഭാര്യയുമാണവിടെ താമസിക്കുന്നതു്. ഈ രണ്ടാൺമക്കളും കഴിഞ്ഞവർഷം, ഇന്ത്യയിൽ രണ്ടു മാസത്തോളം ഒരു പര്യടനം നടത്തിയിരുന്നുവെന്നറിയാൻ കഴിഞ്ഞു.

ഇന്ത്യ എങ്ങിനെയിരിക്കുന്നുവെന്നു ഞാനവരോടു് അന്വേഷിച്ചു. ഡൽഹിയും ബേഗ്ലൂരും കാശ്മീരും നല്ല സ്ഥലങ്ങളാണെന്നവർ പറഞ്ഞു. പക്ഷെ കാലിൽ ഷൂസില്ലാതെ നടക്കുന്ന പോലീസുകാരനും, "അയ്യാ അയ്യാ" എന്നുവിളിച്ചു പിന്നാലെ കൂടി യാത്രക്കാരെ ശല്യപ്പെടുത്തുന്ന ഭിക്ഷക്കാരും, നിരത്തുകളിൽ അലഞ്ഞുനടക്കുന്ന പശുക്കളും അവയുടെ ചാണകവും ഇന്ത്യയെക്കുറിച്ചുള്ള അവരുടെ മതിപ്പു് വളരെയധികം ഇടിച്ചുകളഞ്ഞുവത്രെ.

ഇന്ത്യാഗവർമ്മെണ്ടു ടൂറിസ്റ്റുകൾക്കു ചെയ്തുകൊടുക്കുന്ന സൌകര്യങ്ങളെക്കുറിച്ചു അവർക്കു വലിയ മതിപ്പുണ്ടു്. വീടുമുഴുവൻ ചുററിക്കാണിക്കുന്നതിലും, ഓരോമുറിയിലും എന്നെക്കൊണ്ടുപോയി മനസ്സിലാക്കിത്തരുന്നതിലും ഇവർക്കു എന്തെന്നില്ലാത്ത അഭിമാനവും, ഉത്സാഹവുമുള്ളതുപോലെതോന്നി. ഒരു സന്തുഷ്ടകുടുംബം എങ്ങിനെയാവുമെന്നുള്ളതിൻെറ ഒരു നല്ല ചിത്രമാണു് ഞാനവിടെ കണ്ടതു്. അതിലെ സ്വീകരണമുറിയും കിടപ്പറകളും, തീൻമുറിയും, പാചകമുറിയും അവയിലെ നൂതനമായ സൌകര്യങ്ങളും കാണേണ്ടതുതന്നെ.

2277

KOTTAYAM PUBLIC LIBRARY
CHILDREN'S LIBRARY
No. 41006

റബ്ബറിൻെറ നാടായ മലയയിൽ, മലയക്കാരൻെറ സ്വഭാവവും റബ്ബറിൻേറതുപോലെയാണ്. സ്വഭാവശുദ്ധിയുള്ളവരും അന്യരുടെ ഐശ്വര്യങ്ങളിലും ഉയർച്ചയിലും ആത്മാർത്ഥമായി സന്തോഷിക്കുന്നവരുമായ ഇവർ താരതമ്യേന മടിയന്മാരാണ്. പെണ്ണുങ്ങൾക്കാണ് പുരുഷന്മാരെക്കാൾ അധികാരം.

ഇത്തരമൊരു സ്വഭാവം ദൈവം ഇവർക്ക് നല്കിയില്ലായിരുന്നുവെങ്കിൽ, ഇന്നു ഇന്ത്യക്കാരൻെറയും ചീനക്കാരൻെറയും സ്ഥിതി ദയനീയമാകുമായിരുന്നു. തങ്ങളുടെ നാട്ടിലേക്കു വെറും കയ്യോടെ വന്ന ഇവർ, ഇവിടെനിന്നു് ലക്ഷക്കണക്കിൽ സമ്പാദിക്കുന്നതിലും സ്വന്തം നാട്ടുകളിലേക്കതു് കൊണ്ടുപോകുന്നതിലും മലയക്കാർക്ക് യാതൊരു കണ്ണുകടിയുമില്ല. ഉയർന്ന ഉദ്യോഗസ്ഥന്മാരായും വൻകിട കച്ചവടസ്ഥാപനങ്ങളുടെ ഉടമകളായും വിദേശികളുണ്ടാവുന്നതിൽ അവർക്കു യാതൊരു ആക്ഷേപവുമില്ല. അവർക്കു സുഖിക്കണം, തിന്നണം, നല്ലപോലെ ഉറങ്ങണം. അവരുടെ സഹായ മനോഭാവവും സൗഹാർദ്ദപൂർവ്വമായ പെരുമാററങ്ങളും നമ്മെ ക്ഷണം വശീകരിക്കുന്നു. പ്രസന്നമായ മനുഷ്യത്വം അവിടെ മാനിക്കപ്പെടുന്നു.

എന്നാൽ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഈ ഒരു കാഴ്ചപ്പാടിന്നു കാര്യമായ വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്. മലയ മലയക്കാരൻേറതു് എന്നുള്ള മനോഭാവം ഇയ്യിടെ ഉയർന്നനിലയിലും താഴ്ന്നനിലയിലും കൂടിക്കൂടി വരുന്നുണ്ടു്. ഈ പ്രവണത ഇന്നെല്ലാസ്ഥലത്തും കാണുവാൻ തുടങ്ങിയിരിക്കുന്നു. പ്രധാനപ്പെട്ട ഗവൎമ്മണ്ടു് ഉദ്യോഗസ്ഥന്മാരും പോലീസ് –പട്ടാളത്തലവന്മാരും മലയക്കാർ മാത്രമായി മാറിവരികയാണ്.

ഒരിന്ത്യക്കാരൻ ഉയർന്ന ഉദ്യോഗത്തിലിരിക്കുകയാണെങ്കിൽ അയാൾ തൻെറ തൊട്ടുതാഴെയുള്ള മലയക്കാരന്നു താൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലി മനസ്സിലാക്കികൊടുക്കണമെന്നു നിർബ്ബന്ധമുണ്ടു്. പ്രസ്തുതമലയക്കാരൻ ജോലി മുഴുവനും പഠിച്ചുകഴിഞ്ഞാൽ ഇന്ത്യക്കാരനെ ഒന്നുകിൽ റിട്ടയർ ചെയ്യിക്കുകയോ

അല്ലെങ്കിൽ വേറെയേതെങ്കിലും സ്ഥലത്തേക്കു മാററുകയോ ചെയ്യും.

മലയക്കാരൻെറ അഭിവൃദ്ധിയെ ലാക്കാക്കി ഒട്ടധികം പദ്ധതികളാസൂത്രണം ചെയ്തുവരുന്നുണ്ടു്. വിദ്യാഭ്യാസരംഗത്തായാലും മറേറതു രംഗത്തായാലും മലയക്കാരന്നു മുൻഗണന നല്കിവരുന്നു.

ഇപ്പോഠം വേറൊരു പ്രശ്നം പൊങ്ങിവന്നിരിക്കുകയാണു്. യഥാൎത്ഥത്തിലുള്ള മലായികഠം "സക്കായികഠം" എന്ന പേരിലറിയപ്പെടുന്ന കാട്ടുജാതിക്കാരാണെന്നും മററുള്ളവരെല്ലാവരും തന്നെ ഈ നാട്ടിൽ കുടിയേറിപ്പാൎത്തവരാണെന്നുമുള്ള ഒരു വാദം ഇയ്യിടെ പൊങ്ങിവന്നിട്ടുണ്ടു്. ഭരണഘടനയിലെ ഒരു വാചകമാണു് ഈ വാദമുഖങ്ങളെ ന്യായീകരിക്കുന്നതു്.

"മലയയിലെ ആദിവൎഗ്ഗക്കാരും ശേഷം മലായിജാതിക്കാൎക്കും" ഇതിൽനിന്നു മലായക്കാർ, യഥാൎത്ഥത്തിൽ മലായയിലെ യഥാൎത്ഥ നാട്ടുകാരല്ലെന്നും ഇന്ത്യക്കാരേയും ചീനക്കാരേയും പോലെ വിദേശിയരാണെന്നുംവരുന്നു.

ഈ വാദങ്ങഠക്കു് വലിയ കഴമ്പില്ലെന്നാണു് തോന്നുന്നതു്. കാരണം, മലയൻ സുൽത്താക്കന്മാരിലും രാജാക്കന്മാരിലും മലയക്കാരല്ലാത്ത ഇതരജാതികളില്ല. ബ്രിട്ടീഷുകാർ മലയാസുൽത്താക്കന്മാരിൽനിന്നാണു്, അല്ലാതെ സക്കായികളിൽനിന്നല്ല, മലയാരാജ്യം കൈവശപ്പെടുത്തിയതു്.

ഇന്നു ഗവൺമെണ്ടു് സക്കായിവൎഗ്ഗക്കാരുടെ ഉന്നമനത്തിന്നു വേണ്ടി ഒരുപാടു് കാൎയ്യങ്ങഠം ചെയ്തുവരുന്നുണ്ടു്. ജന്മനാ ലജ്ജാശീലരും, പട്ടണങ്ങളിൽ താമസിക്കുന്നവരെ വെറുക്കുന്നവരുമായ ഇവരെ ഉദ്ധരിക്കുക വളരെ വിഷമകരമാണു്. അവൎക്കു പ്രത്യേക കോളണികളും, വ്യവസായസ്ഥാപനങ്ങളും, സ്കൂളുകളും സ്ഥാപിച്ചുകൊണ്ടു സാവധാനത്തിൽ ഉദ്ധാരണപ്രവൃത്തികഠം ചെയ്തുവരുന്നു.

മലയായിൽ 13 സ്റ്റേററുകളാണുള്ളതു്. പെനങ്കു്, പെർളീസ്, കെഡ്ഡ, പേരാ, ട്രങ്കാണു, കെലന്താൻ, പഹാങ്ങു്, സെലാ

ങ്കൂർ, നെഗ്റി, സെംബാലാൻ, മലാക്കാ, ജോഹാർ, ബോർണ്ണി യോ എന്നിവയാണവ.

നമ്മുടെ നാട്ടിലേതെന്നപോലെ, ഒരു ഗവർണ്ണരും അദ്ദേഹത്തിൻെറ കീഴിൽ തിരഞ്ഞെടുക്കപ്പെട്ട അസംബ്ലിയുമാണ് ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതു്. സ്റ്റേറ്റുകളുടെയെല്ലാം തലവനായി ഒരാളെ 5 വർഷത്തേക്കു് സ്റ്റേറ്റുഭരണാധികാരികൾ തങ്ങളിൽനിന്നുതന്നെ തിരഞ്ഞെടുക്കുന്നു. സുൽത്താന്മാരുടെ സുൽത്താൻ (ആഗോൺ) എന്ന പേരിലാണവർ അറിയപ്പെടുന്നതു്. നമ്മുടെ നാട്ടിലെ പ്രസിഡണ്ടിൻെറ അതേ പദവിയാണ് മലയായിൽ ആഗോനുമുള്ളതു്.

മലയൻ പാർലിമെൻറ് 'ദിവാനെആയത്ത്' (പ്രതിനിധി സഭ) 'ദാവാൻനഗാരാ' (സെനററ്) എന്നിങ്ങിനെയുള്ള രണ്ടു സഭകളടങ്ങിയതാണ്. ആദ്യത്തേതു് 5 കൊല്ലത്തേക്കു മുഴുവനായി തിരഞ്ഞെടുക്കപ്പെടുന്നവരടങ്ങിയതാണ്. രണ്ടാമത്തേതിൽ ഒരു ഭാഗം, തിരഞ്ഞെടുക്കപ്പെടുന്നവരും, ബാക്കി നോമിനേററ് ചെയ്യപ്പെടുന്നവരുമാണ്. രാജാധിരാജൻ (ആഗോങ്ങ്) ഭൂരിപക്ഷം ലഭിച്ച പാർട്ടിയിൽനിന്നു് ഒരാളെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കുന്നു.

മലയായിലെ ഭരണകക്ഷി Alliance (അലയൻസ്) എന്ന പേരിലറിയപ്പെടുന്ന മൂന്നു പാർട്ടികൾ ഒന്നിച്ചുചേർന്ന ഒരു സങ്കരകക്ഷിയാണ്. യുണൈറെറഡ് മലയൻ നേഷനൽ ഓർഗനൈസേഷനും (U. M. N. O.), മലയൻ ചൈനീസ് അസോസിയേഷനും (M. C. A.) മലയൻ ഇന്ത്യൻ കോൺഗ്രസ്സുമാണ് (M. I. C.) ഈ സങ്കരകക്ഷിയിലെ അംഗങ്ങൾ. ഇവിടുത്തെ പ്രമുഖ പ്രതിപക്ഷങ്ങൾ സോഷ്യലിസ്റ്റ് ഫ്രണ്ടും, മലയൻ ഇസ്ലാമിക്ക് പാർട്ടിയുമാണ്.

അലയൻസിലെ മൂന്നു പ്രധാനപാർട്ടികളുടേയും പേരിനോടു ചേർന്നു രസാവഹമായ തമാശകൾ —ഒട്ടേറെ യാഥാർത്ഥ്യബോധത്തോടുകൂടെയുള്ളവ— പ്രചരിച്ചുകാണുന്നുണ്ടു്.

"U. M. N. O." എന്നവാക്കിൻെറ അൎത്ഥം You Must Not Objeet എന്നാണത്രെ. അതയാതു ആരും തങ്ങാം പറയുന്നതിനെ എതിക്കരുതു് എന്നു്. എതിത്താൽ നാശം. ഇതു് ഒരളവോളം യഥാൎത്ഥമാണുതാനും. മലയക്കാരൻെറ സംഘടനയാണു് ഇന്നു യഥാൎത്ഥത്തിൽ അധികാരത്തിലിരിക്കുണതു്. തൻെറ നാടാണു് മലയയെന്ന മനോഭാവം അവനിൽ കുടികൊള്ളുന്നു.

അതേപോലെ M. C. A. എന്നതിൻെറ അൎത്ഥം Money Controlling Authority എന്നാണത്രെ. മലേഷ്യൻ സാമ്പത്തിക വ്യവസ്ഥയുടെ പ്രധാന കടിഞ്ഞാൺ പിടിക്കുന്നവർ ചൈന ക്കാരാണെന്നുള്ള അൎത്ഥത്തിലാണു് ഇപ്രകാരമൊരു വ്യാഖ്യാനം നല്കപ്പെട്ടിരിക്കുന്നതു്. കൂടാതെ മലയായിലെ ധനകാര്യവകുപ്പും വ്യവസായവകുപ്പും കയ്യാളുന്നതും ചീനക്കാരായ മന്ത്രിമാരാണു്.

ഇനി മൂന്നാമത്തേതു് M. I. C. എന്ന ഇന്ത്യൻ സംഘടന യാണു്. May I Come അതായതു് "ഞാൻ വരട്ടെയോ" എ ന്നാണത്രെ ഇതിന്നൎത്ഥം. ഇന്ത്യക്കാരൻെറ ശോചനീയാവസ്ഥ യെക്കുറിച്ചുള്ള ഒരു പരിഹാസമാണിതു്. നമ്മുടെ നാട്ടുകാരുടെ അപകൎഷബോധത്തെയാണിതു് സൂചിപ്പിക്കുന്നതു്.

മലയയിൽ വിദ്യാഭ്യാസം മൂന്നു ഘട്ടങ്ങളായാണു് നടക്കു ന്നതു്. ഒന്നാം ഘട്ടം കേംബ്രിഡ്ജ്വരേയും രണ്ടാം ഘട്ടം ഹൈ സ്കൂൾ സട്ടിഫിക്കററ് വരേയും മൂന്നാം ഘട്ടം കോളേജ് വിദ്യാ ഭ്യാസവുമാണു്. ഇതിൽ കേംബ്രിഡ്ജ് പരീക്ഷകാം ഇംഗ്ലണ്ടിൽ നിന്നു നേരിട്ടു നടത്തുന്നവയും, ഹൈസ്കൂൾ സർട്ടിഫിക്കററു് പരീക്ഷകാം മലയൻ സിൻഡിക്കേററു നടത്തുന്നവയുമാണു്. പരീക്ഷകളിൽ മലയൻ വിദ്യാൎത്ഥികളുടെ ഉത്തരക്കടലാസ്സിൽ 40 മാക്ക് കൂടുതൽ നൽകുന്നു.— അതിരഹസ്യമായ ഈ കൂടുതൽ മാക്കിടൽ സമ്പ്രദായംകാരണം, യൂണിവേർസിററി ക്ലാസ്സുകളി ലേക്കുള്ള പ്രവേശനം ഇവക്ക് സുഗമമാവുകയും, മററുള്ളവരുടെ വീക്ഷണത്തിൽ ഇവർ മാക്കടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച വരായി കണക്കാക്കപ്പെടുകയും ചെയ്യുന്നു.

ഇങ്ങിനെ ചെയ്യില്ലെങ്കിൽ, മലയൻകുട്ടികൾക്ക് ഒരിക്കലും ഒരു ഇന്ത്യൻ ബാലനുമായോ, ചൈനീസ് കുട്ടിയുമായോ മത്സരിക്കുവാൻ സാധിക്കുകയില്ലെന്നാണ് പറയപ്പെടുന്നതു്. ഇതു് കൊണ്ടായിരിക്കാം, മിക്ക ഇന്ത്യൻ വിദ്യാൎത്ഥികളും ഉയൎന്ന പഠനത്തിന്നായി ഇന്ത്യൻ യൂണിവേർസിററികളിലേക്കും ചീനർ ഫോർമോസയിലേക്കും പോവുന്നതു്.

ഇവകൾക്കെതിരായി ശബ്ദമുയർത്താൻ സാദ്ധ്യമല്ല. കാരണം മലയൻ കക്ഷിയുടെ പേരിന്നൎത്ഥംതന്നെ You must not object എന്നാണല്ലോ. അതുകൊണ്ടു് ഇത്തരം സംഗതികളുടെ നേരെ അമൎഷത്തോടുകൂടി കണ്ണടക്കുവാനേ ബാക്കിയുള്ളവൎക്ക് സാധിക്കുകയുള്ളൂ.

വെള്ളക്കാരുടെ അടിമകളായ മലയക്കാർ കൂടുതൽ ഉയരുമെന്നു് കരുതുന്നതു് ഒരബദ്ധമായിരിക്കും.

ഇവിടെ കറുത്ത് ഇന്ത്യക്കാരുണ്ടു്, മഞ്ഞ ചീനരുണ്ടു്, വെളുത്ത മലയക്കാരുണ്ടു്; അവരെല്ലാം സൌഹാൎദ്ദത്തിൽ വൎത്തിക്കുന്നു. വസ്ത്രധാരണ രീതികളിലും വല്ലാത്ത വൈചിത്ര്യമുണ്ടു്. സൂട്ടും കോട്ടും തലപ്പാവും താടിയും താടിക്കൊരു വലക്കെട്ടുമുള്ള സർ ദാർജിയും, ദോത്തി ധരിച്ച ബംഗാളിയും, തനി യൂറോപ്യൻ സൂട്ടുകാരനും, നീണ്ട കാൽസ്രാക്കിയും, അതിന്നുമീതെ ലുങ്കിയും, ഷർകേപ്പും ധരിച്ച മലയനും ഇവിടെയുണ്ടു്.

എല്ലാവരുടേയും സംസ്കാരങ്ങൾ സംരക്ഷിക്കപ്പെടുന്നു. അവരുടെ വ്യവസായങ്ങൾ വളരുന്നു. അവരുടെ വിദ്യാലയങ്ങളുയരുന്നു. ഏഷ്യയിലെ 'അത്ഭുതനാടു്' എന്ന പദവി മലയ അർഹിക്കുന്നു. സ്വതവേ കൃഷിയും പാട്ടും കൂത്തുമായി നടക്കുന്ന ശാന്തശീലരായ മലയക്കാർ ഒരിക്കൽ പോരിന്നിറങ്ങിക്കഴിഞ്ഞാൽ, അങ്കക്കോഴികളെപ്പോലെ ചത്തു വീഴുന്നതുവരെ വീറോടെ പോരാടിക്കൊണ്ടിരിക്കുന്നവരാണെന്നു് അടുത്തകാലത്തെ ചില സംഭവങ്ങൾ തെളിയിക്കുന്നു.

മലയയിൽ സാമൂഹ്യപരിഷ്ക്കരണങ്ങൾ എന്നും നടന്നു കൊണ്ടിരിക്കുന്നതിന്റെ തെളിവുകൾ നമുക്ക് ധാരാളം കാണുവാൻ സാധിക്കും. പുതിയസ്ക്കൂളുകൾ, ഹോസ്പിററലുകൾ, പള്ളികൾ, വീടുകൾ.... പട്ടണങ്ങളിലും ഗ്രാമങ്ങളിലും പരിവൎത്തനത്തിന്റെ അലയൊലികൾ!

കെട്ടാസംസ്ഥാനം എന്നും ജലത്തിൽ കുളിത്തു്നില്ക്കുന്ന സസ്യശ്യാമളമായ ഒരു സുന്ദരഭൂമിയാണു്. പച്ചനെൽപ്പാടങ്ങളുടെ ഞൊറികളും, പച്ചക്കാടുകളുടെ തൊങ്ങലുകളും, തടാകങ്ങളുടെ കിന്നരികളും ചാൎത്തിനില്ക്കുന്ന പ്രകൃതീദേവി. നൃത്തവും സംഗീതവും കലാസേവനവും നിത്യജീവിതത്തിന്റെ ഒരംശമായി അംഗീകരിച്ച ജനത. കരൾ കോരിത്തരിപ്പിക്കുന്ന അംഗലാവണ്യത്തോടുകൂടിയ തരുണീമണികൾ. ചെമ്പകപ്പൂവിന്റെ നിറവും കാക്കപ്പൂപോലുള്ള കണ്ണുകളും കുറുകിവെട്ടിയ മുടികളുമുള്ളവർ — അതാണു് കെട്ട. അതിന്റെ തലസ്ഥാനമാണു് അലോർസ്റ്റാർ. സ്വഭാവശുദ്ധിയിലും, പെരുമാററത്തിലും, ഔദാൎയ്യത്തിലും, അതിഥിമൎയ്യാദകളിലും ഉപചാരമനോഭാവത്തിലും, നൎമ്മബോധത്തിലും മററു മലേഷ്യക്കാരേക്കാളും ഉയൎന്ന നിലവാരം പാലിക്കുന്ന ഒരു ജനതയാണിവർ.

# തിരക്കുപിടിച്ച മനോഹരനഗരം

അലോർസ്റ്റാറിലെ 6 ദിവസത്തെ താമസത്തിന്നുശേഷം, ഞാൻ നേരെ പോയതു് പടിഞ്ഞാറെ അററത്തുകിടക്കുന്ന സിങ്കപ്പൂരിലേക്കാണു്. മലേഷ്യയുടെ മാറിടത്തിലൂടെ, കിഴക്കുനിന്നു നേരെ പടിഞ്ഞാറോട്ടുള്ള ഈ യാത്രാപരിപാടി നിശ്ചയിക്കുവാനുള്ള പ്രധാനകാരണം, മലയയെ കൂലങ്കഷമായി കാണുന്നതിന്നു മുമ്പ് ഒരോട്ടപ്രദക്ഷിണം ചെയ്യലായിരുന്നു.

തീവണ്ടിയുടെ രണ്ടാംക്ലാസ്സ് മുറിയിലിരുന്നുകൊണ്ടു്, മലയയുടെ മാറിടത്തിലൂടെ 500-ൽ പരം നാഴിക കടന്നുപോയപ്പോഴ് ഉണ്ടായതു് തികഞ്ഞ അനുഭവങ്ങളുടെ ഒരു പരമ്പര തന്നെയായിരുന്നു. മലയൻ റെയിൽവെ, നമ്മുടെ റെയിൽവേയിൽനിന്നു സൌകര്യത്തിലും സമയനിഷ്ഠയിലും, വൃത്തിയിലും തികച്ചും വിഭിന്നമാണു്.

മീററർഗേജുവണ്ടികളാണെങ്കിലും, ഇരിക്കാനുള്ള കുഷ്യൻ സീററുകളും, കിടന്നുറങ്ങുവാനുള്ള കിടക്കകളും, തലയണയും കുളിക്കുവാനുള്ള മററു സൌകര്യങ്ങളും, കരി പാറാത്ത ഡീസൽ എഞ്ചിനും എടുത്തുപറയത്തക്കവയാണു്. മൂന്നാംക്ലാസ്സ് മുറിയും, ഉയർന്ന മററു ക്ലാസുകളുമായുള്ള ഒരേയൊരു വ്യത്യാസം, താഴ്ന്ന ക്ലാസ്സുകളിൽ യാത്രക്കാർ സ്വല്പം കൂടിയിരിക്കുമെന്നതു മാത്രമത്രെ. ഡൽഹിയിൽനിന്നു മദിരാശിയിലേക്കുള്ള ഡിലക്സ് എക്സ്പ്രസ്സിലെ തിക്കും വൃത്തികേടുകളുമൊഴിവാക്കിയാൽ മലയയിലെ ഒരു സാധാരണ തീവണ്ടിയായി.

വൈകുന്നേരം 6 മണിക്കു വണ്ടികയറിയ, ഞാൻ രാവിലെ ഉണർന്നുനോക്കിയപ്പോഴ് ക്വാലാലമ്പൂർ സ്റ്റേഷനെ സമീപിക്കുന്നതായാണു് കണ്ടതു്. ഞാൻ ചുററും നോക്കി. കെട്ടാസംസ്ഥാനം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. റെയിൽവെപ്പാതക്കു സമീപം

റബ്ബർമരങ്ങൾ തുടർച്ചയായിക്കിടക്കുന്ന പടുകൂററൻ എസ്റ്റേററുകൾ കാണാമായിരുന്നു. കണ്ണെത്തുവോളംദൂരം റബ്ബർമരങ്ങളാണു്, ക്ഷേത്രഭിത്തിയിലെ വിളക്കുകൾപോലെ.

അവയുടെ തടികളിന്മേലുള്ള ചിരട്ടകളിൽനിന്നു് തമിഴത്തിപ്പെൺകിടാങ്ങൾ പാൽ ചുരത്തി എടുക്കുകയാണു്. വൃത്തികേടുകളുടെ പര്യായമായിത്തോന്നി, ഉന്തിനില്ക്കുന്ന നെററിയും, ചീമ്പൻ കണ്ണുകളുമുള്ള അവരെക്കണ്ടപ്പോൾ. കറുത്ത ചുണ്ടുകൾ മുറുക്കിച്ചുവപ്പിച്ചിരിക്കുന്നു. പുകയിലക്കറ കയറി കറുത്ത പല്ലു കൊണ്ടു തീവണ്ടിയാത്രക്കാരായ ഞങ്ങളോടു് കിന്നാരം പറയുകയാണെന്നുതോന്നി ഞങ്ങളെ നോക്കി ചിരിച്ചപ്പോൾ.

തീവണ്ടി വളരെ വേഗത്തിൽ ഓടിക്കൊണ്ടിരിക്കുകയാണു്. ചുററും പച്ചപിടിച്ച റബ്ബർക്കാടുകൾതന്നെ. ചിലപ്പോൾ ആ പച്ചപ്പരിവേഷത്തിൻെറ പശ്ചാത്തലത്തിൽ പട്ടണങ്ങളുണ്ടെന്നു് സൂചിപ്പിക്കുന്ന ഫാക്ടറി പുകക്കുഴലുകളും വീടുകളും തെളിഞ്ഞു കാണാം.

അങ്ങകലെയുള്ള തോടിൻെറ തീരത്തു് അർദ്ധനഗ്നകളായ സ്ത്രീകൾ കുളിക്കുന്നു; പരന്ന മരവടികൾകൊണ്ടടിച്ചു് മുണ്ടലക്കുന്നു, പിടയുന്ന കിടക്കവിരികളുടെ കഴുത്തുഞെക്കുന്നു, തമാശ പറഞ്ഞു ചിരിക്കുന്നു. പച്ചയിലകളുടേയും തവിട്ടുനിറമുള്ള പാപ്പിടങ്ങളുടേയും പശ്ചാത്തലത്തിൽ നീലജലമുള്ള തോടും സ്ത്രീകളുടെ വിളയാട്ടവും വളരെ ഹൃദ്യമായിത്തോന്നി.

കടുംനിറങ്ങളിലുള്ള ഉടുപ്പുകൾ ധരിച്ച മലയൻ പെൺകിടാങ്ങൾ റെയിൽപ്പാതക്കരികിലൂടെ നടന്നുപോയ്ക്കൊണ്ടിരുന്നതു് നയനാനന്ദകരമായ കാഴ്ചയായിരുന്നു. ഇവിടെ തീവണ്ടി 50–60 നാഴിക വേഗതയിലാണു് ഓടിക്കൊണ്ടിരിക്കുന്നതു്. ബർച്ചു്മരങ്ങൾ ഇടതിങ്ങിവളൎന്ന കുന്നിൻപാൎശ്വങ്ങളെ ഉരുമ്മിക്കൊണ്ടാണു് വണ്ടി നീങ്ങുന്നതു്. ഇവിടത്തെ ഒരു പ്രത്യേകത ഒരിഞ്ചു സ്ഥലംപോലും തരിശായി കിടക്കുന്നില്ലെന്നുള്ളതാണു്.

സ്വല്പം കഴിഞ്ഞു വണ്ടി ജനവാസം കുറഞ്ഞ വിശാലമായ കൃഷിപ്രദേശങ്ങളിലേക്കു കടന്നു. മരക്കാലിൽ കുത്തിനിത്തിയ മലയൻ ഗൃഹങ്ങൾ, മെല്ലെ കാഴ്ചക്കൊരുങ്ങിനില്ക്കുകയാണു്. പച്ചപ്പുൽമൈതാനങ്ങളിൽ അവിടവിടെ വൈക്കോൽ സംഭരിച്ചുവെച്ചതു കൗതുകകരമായൊരു കാഴ്ചയായിരുന്നു. ഒരേ വലിപ്പത്തിലുള്ള കൂററൻവള്ളങ്ങൾ കമഴ്ത്തിവെച്ചിരിക്കയാണെന്നേ തോന്നൂ.

ഇവിടത്തെ റെയിൽവെസ്റ്റേഷനുകൾ നമ്മുടെതുപോലെ വലിയ കെട്ടിടങ്ങളല്ല. ക്വാലാലമ്പൂരും, സിങ്കപ്പൂരും ഏററവും വലിയ സ്റ്റേഷനുകളാണെങ്കിലും, നമ്മുടെ ഷൊർണ്ണൂർ സ്റ്റേഷനോളമേ അവ്ക്കു വലിപ്പമുള്ളു. പൂന്തോട്ടങ്ങളാൽ മനോഹരമാണു് മിക്ക സ്റ്റേഷനുകളും. ചില തീവണ്ടിയാപ്പീസുകളിൽ ലഹരിപദാത്ഥങ്ങൾ വില്ക്കുന്ന ബാറിന്നുപുറമെ, ബാർബർഷാപ്പുകൾകൂടിയുണ്ടെന്നറിയുമ്പോൾ നമുക്കത്ഭുതംതോന്നും. ഇത്രയെല്ലാം ഇവിടെ സാധിക്കുന്നതു് ഒരുപക്ഷെ, യാത്രക്കാർ കുറവായതുകൊണ്ടാവാം.

ഭൂമദ്ധ്യരേഖക്കു 80 നാഴിക വടക്കായി സുമാത്രക്കും ബോർണ്ണിയോവിന്നുമിടയിൽ സ്ഥിതിചെയ്യുന്ന സിംഗപ്പൂർ ദ്വീപ് ഏഷ്യയിലെ ഒരു കൊച്ചുന്യൂയോക്കാണെന്നു് പറയാം. മലയാ ഉപദ്വീപിന്റെ തെക്കുഭാഗത്തു കിടക്കുന്ന ഈ ദ്വീപ് ഒരു വലിയ വാണിജ്യകേന്ദ്രവും പൂർവ്വദേശത്തെ പ്രധാന ബ്രിട്ടീഷു നാവികത്താവളവുമാണു്. 1824-ൽ ബ്രിട്ടീഷുകാർ ജോഹോർ സുൽത്താനോടു് ഇതു വിലക്കു വാങ്ങി. 1846 മുതൽ ഒരു ക്രൌൺ കോളണിയായി. 1859-ൽ സംസ്ഥാനമായി. 1963-ൽ ഫെഡറേഷൻ ഓഫ് മലേഷ്യയിൽ അംഗമായെങ്കിലും, അവസാനം അതിൽനിന്നു പിരിഞ്ഞുപോവുകയാണു് ചെയ്തതു്. ഇയ്യിടെയാണു് ഇരുരാജ്യങ്ങളിലെയും നാണയസമ്പ്രദായം വ്യവസ്ഥപ്പെടുത്തിയതു്.

സിംഗപ്പൂർ എന്ന വാക്കു് ''സിംഹത്തിന്റെ നഗരമെന്ന'' സംസ്കൃതപദത്തിൽനിന്നുണ്ടായതാണെന്നും, അതല്ല, ''സിങ്കാര''

എന്നറിയപ്പെടുന്ന, ജലപ്പരപ്പിൽ പൊങ്ങിനില്ക്കുകയും, ചെളിയിൽ വേരൂന്നി നില്ക്കുകയും, ചെയ്യുന്ന ഒരസാധാരണ ചെടിയുടെ വേരിനോടു ബന്ധപ്പെട്ടതാണെന്നുമുള്ള രണ്ടഭിപ്രായങ്ങളുണ്ട്. വെള്ളിപോലെ തിളങ്ങുന്നതും ഇളം നീലനിറം കലന്നുമായ ''സിങ്ക്'' എന്ന വെളുത്ത ലോഹമൂലകത്തിൻെറ പേരിനോടു ബന്ധപ്പെട്ടിട്ടാണോ സിംഗപ്പൂർ എന്ന നാമം ഉണ്ടായതെന്നും പറഞ്ഞുകൂടാ.

കടൽക്കൊള്ളക്കാരുടെ താവളമായിരുന്ന ഇവിടെ 1819 മുതല്ക്കാണ് ബ്രിട്ടീഷുകാർ കുടിയേറിപ്പാർക്കുവാൻ തുടങ്ങിയത്. മുക്കാൽഭാഗവും ചീനക്കാരധിവസിക്കുന്ന ഈ പട്ടണത്തിലെ ജനസംഖ്യാവദ്ധന ഭയങ്കരമാണ്. ഇപ്പോഠം 17,50,000 ആകുന്നു ജനസംഖ്യ. ഇന്നത്തെ തോതിലുള്ള വദ്ധന തുടരുകയാണെങ്കിൽ 1972 ആവുമ്പോഴേക്ക് അത് 25,00,000 ആയിത്തീരുമെന്നാണ് കണക്കാക്കിയിരിക്കുന്നതു്. മൂക്കു പരന്നു്, പളുങ്കുപോലെയുള്ള കണ്ണുകളുള്ള മഞ്ഞത്തൊലിക്കാരായ ചീനരുടെ നാടാണ് സിംഗപ്പൂരെന്നു് പറഞ്ഞാൽ, അതു് അതിശയോക്തിയാവില്ല.

ഇവിടത്തെ ഏററവും വലിയ ചൂട് 80° F ഉം ഏററവും കുറഞ്ഞതു 70° F ഉം ആണ്. വഷക്കാലം എന്നൊന്നില്ല. കൊല്ലം മുഴുവൻ ഇടക്കിടെ മഴ ലഭിച്ചുകൊണ്ടിരിക്കും.

ബ്രിട്ടീഷു കോമൺവെൽത്തിലെ ഏററവും വലിയ പട്ടണവും ലോകത്തിലെ അഞ്ചാമത്തെ വലിയ തുറമുഖവും ടിന്നും റബ്ബറും കയററി അയക്കുന്ന ലോകത്തിലെ ഒന്നാമത്തെ തുറമുഖവുമാണിത്. സിംഗപ്പൂർനഗരത്തോടു താരതമ്യപ്പെടുത്തുമ്പോഠം മദിരാശി ഒരു വലിയ ഗ്രാമം മാത്രമാണെന്നു പറയാം.

സിംഗപ്പൂരിൽ പുരോഗതിയുടെ ലക്ഷണങ്ങഠം ധാരാളം കാണാം. പാപ്പിടസൌകര്യങ്ങഠം ഇയ്യാംപാററകളെപ്പോലെ

KOTTAYAM PUBLIC LIBRARY No. CHILDREN'S LIBRARY

യാണ് പൊന്തിവരുന്നതു്. തീപ്പെട്ടി കുത്തിനിർത്തിയതുപോലെ തലയുയർത്തി നില്ക്കുന്ന അമേരിക്കൻ മാതൃകയിലുള്ള അംബരചുംബികളായ കെട്ടിടങ്ങൾ, തിയേററുകൾ, ബഹളംകൊണ്ടു ശബ്ദമുഖരിതമായ ... സംമുട്ടുന്ന കച്ചവടകേന്ദ്രങ്ങൾ, ഒന്നാംതരം കോൺക്രീററുനിരത്തുകൾ, ആധുനിക ഗതാഗതസൌകര്യങ്ങൾ — എന്തുകൊണ്ടു നോക്കിയാലും സിംഗപ്പൂർ ഏതൊരു പാശ്ചാത്യ പട്ടണത്തോടും കിടനില്ക്കും.

സിംഗപ്പൂരിലെ ജനസംഖ്യയിൽ 85 ശതമാനവും കുട്ടികളാണ്. അതുകൊണ്ടായിരിക്കാം ഇവിടെ കണക്കിലേറെ സ്കൂളുകളും അതിലേറെ സ്കൂൾ ബസ്സുകളും കാണപ്പെടുന്നതു്. സ്കൂൾ പിരിയുന്ന സന്ദർഭങ്ങളിൽ വാഹനങ്ങൾ വേഗതകുറച്ചു ഓടിച്ചുകൊള്ളണമെന്നു് നിയമംതന്നെയുണ്ടു്. ചെറിയ കുട്ടികൾക്കായുള്ള പാർക്കുകളും പ്രത്യേക സിനിമാശാലകളും കളിസ്ഥലങ്ങളും ധാരാളമായുണ്ടിവിടെ. മനോഹരമായി വസ്ത്രധാരണം ചെയ്ത ചെറിയ കുട്ടികൾ സ്കൂൾ ബേഗുകളുമായി രാവിലെ 6 മണിക്കു സ്കൂളുകളിലേക്കു കൂട്ടംകൂട്ടമായി പോകുന്നതു കാണാൻ നല്ല ചന്തമാണ്.

സിംഗപ്പൂർ എത്ര വേഗത്തിലാണ് പുരോഗമിക്കുന്നതു് എന്നതിന്നു് നല്ലൊരുദാഹരണമാണ് "ബുഡൊക്ക്". കടൽ തൂർത്തു കരയുണ്ടാക്കിക്കൊണ്ടുവരുന്ന ഈ സ്ഥലം ഇന്നു് സഞ്ചാരികളുടെ ഒരു പ്രധാന കാഴ്ചസ്ഥലമായി മാറിയിരിക്കുന്നു. അഞ്ചു നാഴികയോളം അകലെയുള്ള കുന്നുകളും പാറക്കല്ലുകളും തല്ലിപ്പൊട്ടിച്ചു, മണ്ണു് ഓട്ടോമേററിക്ക് കൺവയർ ബെൽട്ടുകളിലൂടെ കൊണ്ടുവന്നു പ്രവർത്തിക്കുന്ന ഈ സ്ഥലം തീർച്ചയായും സിംഗപ്പൂരിൻെറ ശോഭനമായ ഭാവിയെ വിളിച്ചോതുന്നു.

നൂററാണ്ടുകൾക്കുമുമ്പ് അവിടെയെത്തുന്ന കടൽക്കൊള്ളക്കാർ അടിമസുന്ദരികളുടെ അഴകൊഴുകുന്ന തലമുടി അഴിച്ചിട്ടു മാററുനോക്കി നഗ്നകളാക്കി നിർത്തി അവരുടെ നിറവും ഗുണവും

പരിശോധിച്ച് വില നിശ്ചയിച്ചിരുന്നു. ഇന്നിവിടെ അമേരിക്കൻ സ്ത്രീകൾ ആഭരണം വാങ്ങുന്നു, ചീനർ കച്ചവടം നടത്തുന്നു, കാമുകീകാമുകന്മാർ കൈ കോർത്തുപിടിച്ച നടന്നകലുന്നു. കലാമേന്മനിറഞ്ഞ പലതും ബുദ്ധക്ഷേത്രത്തിൻെറ സമീപപ്രദേശങ്ങളിൽ വാങ്ങാൻ കിട്ടും. കാശുകൊടുക്കാനില്ലാത്തവക്ക കണ്ടെങ്കിലും തൃപ്തിയടയാം — നാഗരികതയുടെ നേട്ടം!

സിംഗപ്പൂരിന്നു് പാപ്പിടസൌകര്യങ്ങളും ഫാക്ടറികൾക്ക് സ്ഥലമുണ്ടാക്കലും, ക്ലററൻ ഡിപ്പാട്ട്മെൻറൽ സ്റ്റോറുകൾക്ക് അടിത്തറ പാകലുമാണു് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഒരു വെടിക്ക് രണ്ടു പക്ഷികളെന്നപോലെ, ഒരേ സമയം രണ്ടു സ്ഥലങ്ങളാണു് ലഭിക്കുന്നതു്. ഒന്നു് കുന്നുകളും പാറകളും പൊളിച്ച നിരപ്പാക്കിയ സ്ഥലം. രണ്ടാമത്തേതു് ആ മണ്ണു കൊണ്ടു കടൽ നിരത്തിക്കിട്ടുന്ന പ്രദേശം. ജാപ്പൻകാരുടെ സാങ്കേതിക സഹായത്തോടെ നടക്കുന്ന ഈ വമ്പിച്ച ജോലികൾ മുഴുവൻതന്നെ യന്ത്രവൽക്കരിച്ചതുകൊണ്ടു, പ്രവൃത്തി വളരെയെളുപ്പത്തിലും കുറഞ്ഞ ചിലവിലും പൂർത്തിയാക്കാൻ സാധിക്കും.

സിംഗപ്പൂർ ഒരു സ്വതന്ത്ര തുറമുഖമാണു്. ഇവിടെ നിങ്ങൾക്ക് ഏതു് രാജ്യത്തിലുള്ള ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കുന്ന സ്ഥലത്തേക്കാൾ ആദായകരമായി ലഭിക്കുന്നു. ഒരുനിലക്കു പറഞ്ഞാൽ അന്താരാഷ്ട്രമത്സരമാണു് ഇവിടെ നടക്കുന്നതു്. കഴിവും സാമത്ഥ്യവുമുള്ളവർ, ഈ സ്വതന്ത്രതുറമുഖത്ത് കാര്യം നേടിപ്പോവുന്നു.

പാക്കിങ്ങിലും, കെട്ടിലും മട്ടിലും നൂതനമാർഗ്ഗങ്ങളുപയോഗിച്ച, ഗുണത്തിലും മററും വേണ്ടത്ര നിഷ്കൃഷ്യോടെ ഏററവും ആദായത്തിൽ പല നാട്ടിൽനിന്നും സാധനങ്ങൾ ഇവിടെ വന്നിറങ്ങുകയും മാക്കററു് പിടിച്ചടക്കുകയും ചെയ്യുന്നു. ഇവിടത്തെ കച്ചവടസമ്പ്രദായവും പഠനാർഹമാണു്.

ആദ്യകാലത്തു് വേണ്ടത്ര പരസ്യങ്ങൾ നല്കിയും കച്ചവടക്കാക്ക് കടങ്ങളനുവദിച്ചുമാണു് മാക്കററു് പിടിക്കുന്നതു്. ഇന്നു

പാശ്ചാത്യനാടുകളെ അതിശയിപ്പിക്കുംവിധം ചീനാസാധനങ്ങൾ ഇറക്കുമതിചെയ്യപ്പെടുന്നുണ്ട്. സിംഗപ്പൂരിലിറക്കുമതിചെയ്യുന്ന കമ്മ്യൂണിസ്റ്റ് ചീനാസാധനങ്ങൾക്ക് കയ്യുംകണക്കുമില്ല. യഥാർത്ഥത്തിൽ അവരുടെ ലോകകമ്പോളത്തിലേക്കുള്ള ആഞ്ഞടി പാശ്ചാത്യക്കും, ജപ്പാനും വലിയൊരു തലവേദനയായായത്തീർന്നിരിക്കയാണ്.

ഞാനിവിടെയുണ്ടായിരുന്നപ്പോഴാണ് ചീനാസാധനങ്ങൾ മാത്രംവില്ക്കുന്ന ഒരു ക്ലററൻ ഡിപ്പാർട്ട്മെൻറൽ സ്റ്റോർ റാഫിൾസിൽ തുറന്നതു്. അതിനകത്തു് കടന്നുചെന്നപ്പോൾ, ഞാൻ വല്ല ആലിസിൻേറയും മായാലോകത്തിൽ കടന്നുചെന്നതു് പോലെയുള്ള ഒരനുഭവമായിരുന്നു. പാതയിൽനിന്നു് നോക്കിയാൽ നന്നായി കാണത്തക്കവണ്ണം കണ്ണാടിക്കൂട്ടുകൾ നിറയെ "ചീപ്പ് സോപ്പ് കണ്ണാടി"സ്സാമാനങ്ങൾ നിരത്തിവെച്ച വിശാലമായ ഒരു പീടികഹാളിലേക്കു ഞാൻ കയറിച്ചെന്നു. വമ്പിച്ച ഒരു നാലുനിലക്കെട്ടിടം മുഴവനും ചീനയിൽനിർമ്മിച്ച വില്പനസാമഗ്രികൾ നിരത്തി പത്തുമുന്നൂറു വില്പനക്കാരും പത്തയ്യായിരം വിലപേശലുകാരുമായി സർവ്വദാതിരക്കുപിടിച്ചുകഴിയുന്ന ഈ കടയെ കമ്പോളമെന്നു വിളിക്കുന്നതായിരിക്കും ശരി. മൊട്ടുസൂചിതൊട്ടു് മോട്ടോർ സൈക്കിൾവരേയുള്ള എല്ലാ സാമാനങ്ങളും വില്പനക്കിറക്കിവെച്ച ഈ കമ്പോളഗോളം ഒരു ചീനക്കാരൻ മുതലാളിയുടേതാണ്. ചീനയുടെ വമ്പിച്ച പുരോഗതിയെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നവരെ, പരിഹസിക്കുവാനെന്നോണമാണ് ഓരോനിലയും സജ്ജീകരിച്ചിരിക്കുന്നത്. തങ്ങളുടെ സഞ്ചികൾ നിറയെ സാമാനവും വാങ്ങി പ്രസന്നവദനരായി ഇറങ്ങിപ്പോവുന്നവരെ സൂക്ഷിച്ചു നോക്കിനിന്നാൽ, ഇത് എളുപ്പത്തിൽ മനസ്സിലാകും. നമ്മുടെ കോഴിക്കോട് സൂപ്പർമാർക്കററിനെക്കാളും അഞ്ചിരട്ടി വലിപ്പമുള്ള ഈ സ്റ്റോറിൽ മററു രാഷ്ട്രങ്ങളിലെ സാധനങ്ങൾ വിപണനം ചെയ്യുന്നില്ല.

ചൈനയിൽ നെയ്ത തുണിത്തരങ്ങൾ സിംഗപ്പൂരിൽ കൊണ്ടുവന്നു് "സിംഗപ്പൂരിൽ നെയ്തതു്" എന്ന ലേബലുമൊട്ടിച്ചു ബ്രിട്ട

ണിലേക്കും മററും കയററി അയക്കുന്നതു് ഇയ്യിടെ കണ്ടുപിടി ച്ചതും, അതിനെച്ചൊല്ലി വലിയ ബഹളങ്ങളുണ്ടായതും പ്രസ്താവ്യമാണു്. ഈ നില തുടരുകയാണെങ്കിൽ ലോകകമ്പോളം തന്നെ, അടുത്ത ഭാവിയിൽ ചൈനക്കാർ പിടിച്ചടക്കുമെന്നു് ന്യായമായും സംശയിക്കാം.

ഇന്ത്യയുടെ പ്രധാന എതിരാളിയായി വന്നിരിക്കുന്നതു്, പാക്കിസ്ഥാനാണു്. അടുത്ത കാലംവരെ, ഇന്ത്യൻ സാരികൾക്കു് ഈ മാക്കററിൽ നല്ല ആവശ്യക്കാരുണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥാനം പാക്കിസ്ഥാൻ സാവധാനത്തിൽ കൈവശപ്പെടു ത്തിക്കൊണ്ടിരിക്കുന്നു. അവൎക്ക് ഇവിടെ ഒരു സാരി നെയ്ത്തു ശാല ആരംഭിക്കുവാനുള്ള പരിപാടിയും ഉള്ളതായി അറിയുന്നു.

കഴിഞ്ഞ ഹരിയായ ഉത്സവകാലത്തും അതിന്നു മുമ്പത്തെ ദീപാവലിക്കാലത്തും പാക്കിസ്ഥാൻ സാരികളായിരുന്നുവത്രെ കൂടുതൽ ചിലവായിരുന്നതു്. തീച്ചയായും നമുക്കൊരു ആപൽ സൂചനയാണിതു്. നമ്മുടെ കച്ചവടക്കാർ സാധനങ്ങൾ കൃത്യസമയത്തു് അയക്കുന്നില്ലെന്നും, സാമ്പിൾ കാണിച്ചമാതിരിയല്ല സാധനങ്ങളയക്കുന്നതെന്നുമുള്ള ഗുരുതരമായ പരാതികൾ കേൾക്കാനുണ്ടു്.

കൂടാതെ പാക്കിസ്ഥാൻ സാരികളുടെ വിലയും നമ്മുടേതുമായി താരതമ്യംചെയ്താൽ എത്രയോ കുറവാണു്. പെനാങ്കിൽ നിന്നു ഞാൻ രണ്ടു പാക്കിസ്ഥാൻ സാരികൾ വാങ്ങി. ഒന്നിന്നു് 10 വെള്ളിയും മറേറതിന്നു് 13 വെള്ളിയുമാണു് നല്കിയതു്. മടങ്ങിവന്നു അതിന്നു എന്തു വില ലഭിക്കുമെന്നന്വേഷിച്ചപ്പോൾ, 120ഉം 200ഉം രൂപാ യാതൊരു ബുദ്ധിമുട്ടുംകൂടാതെ ലഭിക്കുമെന്നാണറിഞ്ഞതു്. ഇതിൽനിന്നുതന്നെ, സാരികളുടെ, മേന്മയും വിലക്കുറവും നമുക്കു് മനസ്സിലാക്കാമല്ലോ. ഇന്നു് നമ്മുടെ സാരി നെയ്ത്തുകാരെ അലട്ടുന്ന പ്രധാന പ്രശ്നങ്ങളായിത്തീൎന്നിരിക്കയാണു് ഇവയെല്ലാം. ഈ മത്സരങ്ങളെയെല്ലാം തട്ടിനികത്തി, മുമ്പോട്ടുപോവണമെങ്കിൽ, ഒട്ടേറെ കാര്യങ്ങൾ ഇവിടെത്തന്നെ ശ്രദ്ധിക്കേണ്ടതായുണ്ടു്.

2277

ഇവിടത്തെ കൂററൻ ഡിപ്പാർട്ട്മെൻറൽ സ്റ്റോറുകളിലേക്ക് കയറിച്ചെന്നാൽ പണം ചിലവാകുന്നതു് എങ്ങിനെയെന്നു് മനസ്സിലാവുകയില്ല. അത്രയധികം വിവിധതരത്തിലുള്ള സാധനങ്ങൾ, ഒന്നു് മറെറാന്നിനേക്കാൾ നല്ലത് എന്ന വിധത്തിലാണു് സജ്ജീകരിച്ചുവെച്ചിരിക്കുന്നതു്.

സിംഗപ്പൂരിലെ റോഡുകളിലോടുന്ന കാറുകളുടേയും ട്രക്കുകളുടേയും മോട്ടോർസൈക്കിളുകളുടേയും എണ്ണം അതിശയകരമാണു്. ലോകത്തിലെ എല്ലാതരം വാഹനങ്ങളുമുണ്ടിവിടെ. അമേരിക്കയുടെ കൂററൻ ഷെവർലേററുകളും, ജർമ്മനിയുടെ മെർസിഡസ് ബെൻസും, ജപ്പാൻെറ യിസോട്ടോകളും, ഇംഗ്ലണ്ടിൻെറ റോൾസ് റോയ്സും, ഓക്സ്‌വേഗനും, അതേപോലെ ഹോണ്ട, യമാഹാ, ട്രയംഫ് തുടങ്ങിയ ലോകപ്രസിദ്ധങ്ങളായ മോട്ടോർസൈക്കിളുകളും, ലേബ്രട്ട, വെസ്പ തുടങ്ങിയ സ്കൂട്ടറുകളും അങ്ങോട്ടുമിങ്ങോട്ടും പരക്കംപായുന്നു.

ഇന്ത്യയുടെ സ്റ്റാൻഡേർഡ് കമ്പനിക്കാർ തങ്ങളുടെ കാറുകൾക്ക് കമ്പോളം ലഭിക്കുന്നതിന്നു് കിണഞ്ഞു പരിശ്രമിക്കുന്നുണ്ടെന്നാണു് കേൾക്കുന്നതു്. പക്ഷേ മാർക്കററിൽ പ്രവേശിക്കുവാൻ സാധിക്കുന്നില്ലത്രെ.

ഒരു കമ്പവലിമത്സരംപോലെയാണു് സിംഗപ്പൂരിലെ ട്രാഫിക്ക്. കാറും ബസ്സും മററു വാഹനങ്ങളുമെല്ലാം ഒരു ചങ്ങലയായി പെട്ടെന്നു നില്ക്കും. ആ ചങ്ങലയുടെ മുമ്പിലെയററം ഒരു ഫർല്ലോങ്ങ് ദൂരത്തുള്ള ഒരു ട്രാഫിക്ക് ലൈററിൻെറ മുമ്പിലായിരിക്കും.

ഇവിടെ കാൽനടക്കാരേയോ, അലസരായി നടക്കുന്നവരേയോ കാണുവാൻ പ്രയാസമാണു്. എന്തിന്നും തിരക്കു്, വല്ലാത്തധൃതി. ഇത്രയധികം വാഹനങ്ങൾ എങ്ങിനെയുണ്ടായെന്നു് ന്യായമായും നാം സംശയിച്ചുപോകും.

നമ്മുടെ നാട്ടിൽ ആവശ്യക്കാരാണു് ക്യൂനിന്നു് മുൻകൂർ പണമടച്ചു് അഞ്ചും ആറും വർഷങ്ങൾ കാത്തുനിന്നു വാഹന

ങ്ങൾ സമ്പാദിക്കുന്നതെങ്കിൽ, ഇവിടെ ഉല്പാദകരാണ് ആവശ്യക്കാരുടെ പിറകിൽ കൂ നില്ക്കുന്നതു്. നാളെ ഒരു കാറ് വാങ്ങണമെന്നു് നിങ്ങൾ മനസ്സിൽ വിചാരിച്ചാൽമതി, പിന്നെ കമ്പനി ഏജൻറുമാർ, അവർ ചെറുപ്പക്കാരികളായ സുന്ദരികളായിരിക്കും, നിങ്ങൾക്കു് സൈ്വരം തരില്ല.

ആകർഷകവും എളുപ്പവുമായ ഗഡുക്കളിൽ പണമടക്കുവാനുള്ള സൌകര്യത്തോടുകൂടി കാർ നിങ്ങളുടെ വീട്ടിന്നു മുൻവശം കൊണ്ടുവന്നു വെച്ചിരിക്കും. അത്രക്കും സുഗമമായവിധത്തിൽ വാഹനങ്ങൾ സമ്പാദിക്കാവുന്ന ഈ നാടുകളിലെ ജനങ്ങൾ തീച്ചയായും ഭാഗ്യവാന്മാർതന്നെ.

ഇതെല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും നമുക്കു് നമ്മുടെ ഗവൎമ്മണ്ടിൻെറ വഴിതെററിയ നയങ്ങളുടെ നേക്കാണ് അരിശം തോന്നുക. വിരലിലെണ്ണാവുന്ന കുത്തകമുതലാളിമാരെ സന്തോഷിപ്പിക്കുവാനായി മാത്രമല്ലേ, ലക്ഷക്കണക്കിന്നു് ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതെന്നു് തോന്നിപ്പോവും.

അപകടങ്ങൾ ഇല്ലാതാക്കാനായി കശ്നമായവിധത്തിൽ ഏററവും പരിഷ്കൃതരീതിയിൽ ഗതി നിയന്ത്രണം ചെയ്തുവരുന്നുണ്ടെങ്കിലും, സിംഗപ്പൂർ പട്ടണത്തിൽ കൊല്ലംതോറും ഉണ്ടാവുന്ന വാഹന അപകടങ്ങളും, അതിൽമരിക്കുന്ന ആളുകളുടെസംഖ്യയും ഒട്ടും കുറവല്ല.

രാമായണയുദ്ധകാണ്ഡത്തിൽ ഹനുമാൻ സ്വജനങ്ങളുടെ ജീവൻ വീണ്ടെടുക്കുവാൻവേണ്ടി ഔഷധങ്ങൾനിറഞ്ഞ ഒരു മല പിഴുതെടുത്തു പറന്നുവെന്നു കേട്ടിട്ടുണ്ടു്. സിംഗപ്പൂർ റെയിൽ വെസ്റ്റേഷനിൽനിന്നു് നഗരത്തിലേക്കുള്ള കാർ സഞ്ചാരത്തിന്നുശേഷം പുരാണേതിഹാസങ്ങളിൽ, വിശിഷ്യ ഹനുമാൻെറ പവ്വതമേന്തിപ്പറക്കലിൽ എനിക്കു കലശലായ വിശ്വാസംവന്നു.

വലിയതരം വാഹനങ്ങളും ചെറിയതരം ാടക്സികാറുകളും മററും തിക്കിത്തിരക്കി തെരുതെരെ സഞ്ചരിക്കുന്നതും, അനേക ലക്ഷം ജനങ്ങൾ ദ്രുതഗതിയിൽ പ്രയാണം ചെയ്യുന്നതും കാണു

മ്പോൾ "ലോകം അവസാനിക്കാൻ പോകുകയാണോ" എന്നു തോന്നും. ഏതോ ഒരു പുതിയലോകത്തു വന്നിറങ്ങിയതുപോലെയാണനുഭവപ്പെടുക. നാലുവശത്തും വഴികളും ജനപ്രവാഹവും, മനുഷ്യരുടേയും വാഹനങ്ങളുടേയുംമറവും ഇരമ്പലും ഒക്കെ നമ്മെ വല്ലാതെ അസ്വസ്ഥമാക്കുന്നു.

സിംഗപ്പൂരിലെ നിശാജീവിതം അതിശയകരമാണ്. മൂക്കിന്മേൽ പൌഡർ പൂശാതേയും, കവിളിൽ ബ്രഷ്പുരട്ടാതെയും ചുണ്ടുകളിൽ ലിപ്സ്റ്റിക്ക് തേക്കാതെയും ഇവിടുത്തെ പെണ്ണുങ്ങൾ പുറത്തിറങ്ങുകയില്ല. കാലിൽ ഹൈഹീൽ ഷൂസും കയ്യിൽ ഫാൻസിബേഗും ഘടിപ്പിച്ചിട്ടാണ് പോക്ക്. മാറു കഴിയുന്നത്ര നഗ്നമായിക്കാണിക്കുകയാണ് ഇന്നത്തെ പരിഷ്കാരം.

ന്യൂവേൾഡ്, ഗേവേൾഡ്, ഹാപ്പിവേൾഡ് എന്നിങ്ങനെ പേര് സൂചിപ്പിക്കുന്നമാതിരി നിരവധി ആനന്ദത്തിൻെറയും, കൂത്താട്ടത്തിൻേറയും ലോകങ്ങളുണ്ട്. ഇടത്തരക്കാരേയും അതേപോലെയുള്ളവരേയും ഉദ്ദേശിച്ചിട്ടുള്ളവയാണിവ. ധനികന്മാർക്കും കുബേരന്മാർക്കുമുള്ള നൃത്തശാലകളും, കബേരകളും ഇതിന്നു പുറമെയാണ്. അച്ഛനും അമ്മയുമൊഴികെ ബാക്കിയെന്തും ഇവകളുള്ളിൽ ലഭിക്കും.

ഈ നിശാക്ലബ്ബുകൾ 'മറീനോ' എന്ന പേരിലാണ് അറിയപ്പെടുന്നതു്. മധുരമാദകമായ സംഗീതത്തിലലിഞ്ഞുചേർന്ന് ആടുകയും പാടുകയും ചെയ്യുന്ന അർദ്ധനഗ്നകളായ കന്യകകളെ ദിവസേന ഒരു നോക്കുകാണുകയെന്നുള്ളതു് ഇവിടുത്തുകാർ പതിവാക്കിയിരിക്കുകയാണ്. ഈ വഴിക്കുള്ളിലേക്കുപോകുന്നവരുടെ മുഖത്തു പ്രസന്നതയുടേയും ചുണ്ടത്തു പുഞ്ചിരിയുടേയും നേരിയ രേഖകൾ പൊടിച്ചുനില്ക്കുന്നു.

ഇവിടെ ന്യൂ വേൾഡിൽ ഞാനും, മലേഷ്യൻ മലയാളിയുടെ പത്രാധിപരായ അബ്ദുല്ലയുംകൂടി ഇരുപതു് സെൻറ് ടിക്കറെറടുത്തു് അകത്തുകടന്നു. മാക്കററുകൾ, റസ്റ്റാറൻറുകൾ, ഷാപ്പുകൾ, പ്രദർശനശാലകൾ മുതലായവയെല്ലാമുണ്ട്.

ഞങ്ങൾ ഇതിനുള്ളിൽത്തന്നെ മററൊരു ടിക്കററെടുത്തു ഒരു തിയററിനുള്ളിൽ കയറി. അവിടെ ഒരു ചീനാനാടകം അരങ്ങേറുകയാണ്. ജിജ്ഞാസയോടുകൂടി ആ നാടകാവസാനം പ്രതീക്ഷിക്കുകയാണ് കാഴ്ചക്കാർ. ഞങ്ങൾ പുറത്തേക്കു കടന്നു ചെന്നു. തിരക്കുതന്നെ. മലയൻ സുന്ദരികൾ പലതരം പൂക്കളുള്ള സില്ക്കുവസ്ത്രങ്ങൾ ധരിച്ച് നൃത്തംവെക്കുകയാണ്. ഓക്ക്സ്ട്രാ സംഗീതത്തിൻെറ താളമേളങ്ങൾക്കനുസരിച്ച കാലുകളും കൈകളും ചലിക്കുന്നു. ഇരട്ടപിടിച്ചുകൊണ്ടു ആഹ്ലാദഭരിതരായി നൃത്തംവെക്കുകയാണവർ.

അതാ വേറൊരു നൃത്തം തുടങ്ങി. സംഘനായിക എഴുന്നേററു. പുറകെ മററുള്ളവരും എഴുന്നേററു. ഒരാൾക്കുപിമ്പിൽ ഒരാളായി വരിവരിയായി നിന്നു. ഏററവും പിന്നിലായിരുന്നു. കടലിൻെറ നീലിമ മുഴുവനും കണ്ണിലെഴുതിയ റാമ്മിയ.. എല്ലാം തയ്യാറായപ്പോൾ മുമ്പിൽനിന്നവൾ പാട്ടു തുടങ്ങി. കൂടെ നൃത്തവും. തുടർന്നു എല്ലാവരും ആരംഭിച്ചു. ലഘുവായ ചലനങ്ങളേ ഉണ്ടായിരുന്നുള്ളു. രണ്ട് ചേരിയായി പിരിഞ്ഞും ഒന്നിച്ചും നൃത്തംവെയ്ക്കുന്ന അവർ ചലിതജലബിംബിതമായ മഴവില്ലിൻെറ പ്രതീതിയാണുളവാക്കിയതു്. ഇടത്തേ കൈ ഒക്കത്തു്കുത്തി വലത്തെ കൈയിൽ ഉറുമാൽ വീശിക്കൊണ്ടു ആഞ്ഞും കുനിഞ്ഞും കഴുത്തുവെട്ടിയും തലങ്ങും വെലങ്ങും നീങ്ങിയിരുന്ന അവൾ അണമുറിഞ്ഞുചേരുന്ന ജലപ്രവാഹത്തിലെ തിരമറിയലിനെയാണ് സ്മരിപ്പിച്ചതു്.

ഇതവസാനിച്ചതോടുകൂടി വേറൊരു നൃത്തം ആരംഭിച്ചു. "യൂ യൂ യൂ . . . . . യൂ യൂ യൂ" പല്ലവിയുമാണ് തുടങ്ങിയതു്. 11 നർത്തകികൾ നൃത്തംചെയ്തു മുറിക്കകത്തേക്കു കടന്നു. വർണ്ണോജ്ജ്വലമായ പട്ടുവസ്ത്രങ്ങൾ — നീല, മഞ്ഞ, പച്ച, ചുവപ്പ്, ഇളം ചുവപ്പ് ആ മുറിയിലെ വായുവിലലഞ്ഞു. വെളുത്ത മുഖങ്ങളും ചുകന്ന ചുണ്ടുകളുമുള്ള ആ പ്രൗഢാംഗനകൾ, അവരുടെ മൈലാഞ്ചി പുരട്ടിയ കൈകൾ, നീലിമയാർന്ന ചുരുണ്ട തലമുടി, ലാഘവമുള്ള ശരീരഘടന. നൃത്തം പൊടിപൊടിക്കുകയാണ്.

സിംഗപ്പൂർ, ധനാഢ്യരുടേയും വ്യവസായപ്രമുഖരുടേയും നാടാണെന്നുള്ളതിൽ സംശയമില്ലെങ്കിലും, ഇരുളടഞ്ഞ ജീവിതവും അവിടെ കാണാം. മാളികമുകളിൽ എയർകണ്ടീഷൻഡ് മുറികളിൽ ജീവിക്കുന്നവരോടൊപ്പം, ചാളക്കുടിലുകളിൽ മലിനമായ ചുററുപാടുകളിൽ താമസിക്കുന്നവരുമുണ്ട്. പക്ഷെ നമ്മുടെ രാജ്യത്തെയപേക്ഷിച്ച് ഇവരുടെ അനുപാതം സ്വല്പം കുറവാണെന്നുമാത്രം.

ചില തെരുവുകൾ വൃത്തികെട്ട വേശ്യകളുടെ വിഹാരരംഗങ്ങളാണ്. സംസ്കാരത്തിൻെറ കണികപോലും അവരിലില്ല. കൂട്ടില്ലാതെപോകുന്ന വിദേശിയനെക്കണ്ടാൽ ഒട്ടിച്ചേരുകയായി. മുഖത്തു യാർഡ്‌ലി പൌഡർ വാരിപ്പൂശി, കണ്ണുകളിൽ മഷിയെഴുതി വാലിട്ടു, മുടിയിഴകളിൽ മുല്ലപ്പൂതൈലം പൂശി, ചുണ്ടുകളിൽ മധുരമൂറുന്ന ലിപ്സ്റ്റിക്ക് അണിഞ്ഞു, നിശാഗന്ധിയുടെ പൂക്കൾ തലനിറയെ ചൂടി, ഇരുട്ടുള്ള ഉൾത്തെരുവുകളിലും, കെട്ടിടങ്ങളുടെ പ്രവേശന ദ്വാരങ്ങളിലുംവെച്ച് തങ്ങളുടെ ശരീരം കുറഞ്ഞ വിലക്കു വില്ക്കുന്നു അവർ.

ആയിരക്കണക്കിലാണവർ സിംഗപ്പൂരിലേയും ക്വാലാലമ്പൂരിലേയും നിശാജീവിതത്തിൽ അമർന്നിരിക്കുന്നതു്. വാടക കുറഞ്ഞ ഹോട്ടലുകളിലെ അധികം മുറികളും അവർ കരസ്ഥമാക്കിയിരിക്കുകയാണ്. അതേ സമയംതന്നെ നല്ല വീടുകൾ വാടകക്കെടുത്ത് സകല ആഢംബരങ്ങളോടുംകൂടി വ്യാപാരം ചെയ്യുന്ന സ്ത്രീകളും വിരളമല്ല.

ശരീരസൌന്ദര്യം തികച്ചും പ്രകടിപ്പിക്കുന്ന ദേഹത്തിൽ ഒട്ടിനില്ക്കുന്ന ഫ്രോക്കുകൾ ധരിച്ച ചീനപ്പെൺകിടാങ്ങളാണ് ഈ തൊഴിലിൽ അധികവും മുഴകിക്കാണുന്നതു്.

വാസ്തവത്തിൽ ജീവിതത്തിലെ അപകടങ്ങളും, കുണ്ടും കുഴികളും വേണ്ടത്ര മനസ്സിലാക്കുംമുമ്പ് ഇതിൽ വീണുപോയ നിർഭാഗ്യരായിരിക്കാം ഇവർ. അല്ലെങ്കിൽ പ്രേമത്തിൻെറ പേരിൽ സ്വയം നശിച്ചിട്ടുള്ളവരാവാം. എന്തായാലും സമുദായത്താൽ

കപ്പലിച്ചവറെന്നപോലെ വാരി പുറത്തുതള്ളപ്പെട്ടിട്ടുള്ളവരാണി വർ. അവിടുന്നു കരകയറുവാൻ കുറെയെല്ലാം ശ്രമിച്ചശേഷം തോൽവി സമ്മതിച്ചു അവിടെക്കിടന്നു കൂടുതൽ കൂടുതൽ ചീഞ്ഞു പുഴുത്തു നാറുന്നവർ.

ഈ കറുത്ത പുള്ളികളെക്കുറിച്ചു കൂടുതൽ ചിന്തിക്കുവാനാണു് ഇവരുടെ എണ്ണമററ വ്യൂഹങ്ങളെ പല സ്ഥലങ്ങളിലും വെച്ചു കണ്ടപ്പോൾ എനിക്കു തോന്നിയതു്. അവർ എലികളെപ്പോലെയാണു്. മാളങ്ങളിലും ഇരുൾനിറഞ്ഞ മൂലകളിലുമാണു് വാസം. സമുദായവും സമുദായത്തിലെ ഭാഗ്യവാന്മാരും അവരെ ആവശ്യമുള്ളപ്പോഴെല്ലാം വേട്ടയാടുകയാണു്. രാത്രികാലങ്ങളിൽ അറച്ചറച്ചാണവർ പുറത്തിറങ്ങുന്നതു്. കണ്ണില്ലാത്തർ അവരെ കാണില്ല. സമുദായം അവരെ വെറുക്കുന്നു; അവർ സമുദായത്തേയും. സഹതാപം അവക്കൊരിടത്തുനിന്നും ലഭിക്കുന്നില്ല. അതിൻെറ ഫലമായി അവരുടെ ഉള്ളിലും സഹതാപത്തിൻെറ ഉറവകൾ ഉണങ്ങി വറുന്നു.

എങ്ങും തങ്ങാതെ ഓടിക്കൊണ്ടിരിക്കുന്ന ഉല്ലാസബസ്സിലെ ഉയന്ന സീററിലിരുന്നുകൊണ്ടു് തെരുവുകളിലെ ചലനങ്ങളേയും ഒരജ്ഞാത പ്രവാഹത്തിൽപെട്ടു് എങ്ങോട്ടെന്നില്ലാതെ സഞ്ചരിക്കുന്ന ജനസമൂഹത്തേയും, മിന്നാമിനുങ്ങിൻ കൂട്ടങ്ങളെപ്പോലെ നിരങ്ങുന്ന മോട്ടോർകാറുകളേയും വീക്ഷിക്കുമ്പോൾ പട്ടിണിയും യുദ്ധഭീതിയും നിറഞ്ഞ ഈ ലോകത്തിൽനിന്നകന്നു്, ആനന്ദത്തിൻേറയും സൌന്ദര്യത്തിൻേറയും സങ്കേതമായ ഒരു ഗന്ധർവ്വലോകത്തിലൂടെ പറന്നുപോവുകയാണെന്നു് തോന്നിപ്പോവും.

# തെക്കുകിഴക്കനേഷ്യയിലെ ഇന്ത്യക്കാരും മലയാളികളും

ഒരു മാസത്തെ എൻെറ ഇവിടങ്ങളിലെ താമസം നമ്മുടെ നാട്ടുകാരെ സംബന്ധിച്ച കുറെയേറെ മനസ്സിലാക്കുവാനുള്ള അവസരം എനിക്ക് ലഭ്യമാക്കിത്തന്നുവെന്നുള്ളത് ഒരു ചെറിയ സത്യം മാത്രമാണ്.

ഒരു കാൽ ഇന്ത്യയിലും മറെറകാൽ തങ്ങൾ പ്രവൎത്തിയെടുക്കുന്ന സ്ഥലത്തുമായാണ് നമ്മുടെ നാട്ടുകാരുടെ ജീവിതം. ഇതിൽ നിന്നുതന്നെ ഇവരുടെ ആത്മാൎത്ഥതയേയും ഈ രാജ്യത്തോടുള്ള അവരുടെ കൂറിനേയും സംശയിക്കുന്ന ഒട്ടേറെ പരിതസ്ഥിതികൾ ഇന്നുളവായിരിക്കയാണ്.

ഇതിന്നുദാഹരണങ്ങളായി എടുത്തുദ്ധരിക്കുവാൻ ധാരാളം സംഗതികളുണ്ട്. ഏതെങ്കിലും ഒരു പൊതുയോഗത്തിന്നു പ്രധാന മന്ത്രി തുങ്കു അബ്ദുൾറഹിമാൻതന്നെ വരികയാണെന്നിരിക്കിലും, ഭാരതീയർ അധികമായി തടിച്ചുകൂടുകയില്ല. പ്രത്യുത ഇന്ത്യയിൽ നിന്ന് ഏതെങ്കിലും ഒരു രണ്ടാംകിട നേതാവോ, സിനിമാതാരമോ വന്നാൽമതി ആയിരക്കണക്കിന്നാണ് ഇവർ വന്നുചേരുക.

ഇയ്യിടെ അണ്ണാദുരെ വന്നപ്പോഴും, സിനിമാനടി വൈജയന്തിമാല എത്തിയപ്പോഴും, ഇന്ത്യക്കാരുടെ ഉത്സാഹത്തള്ളിച്ച മൂലം കോലാലമ്പൂരിലെ റോഡുഗതാഗതംവരെ സ്തംഭിച്ചു പോയത്രെ.

മറെറാരു രസികൻ ഉദാഹരണംകൂടിയുണ്ട്. ഒരിക്കൽ കോലാലമ്പൂരിലെ മെർദേക്കാസ്റ്റേഡിയത്തിൽവെച്ച് ഇന്ത്യൻ ഹോക്കി ടീം മലയൻ ടീമുമായി കളിക്കുകയായിരുന്നുവത്രെ. അന്ന് പ്രധാനാതിഥിയായി ഉപപ്രധാനമന്ത്രി തുൻ റസാക്കും കളിസ്ഥലത്തുണ്ടായിരുന്നു.

ഇന്ത്യൻ ടീം ഗോളടിക്കുമ്പോഠം പടക്കങ്ങഠം പൊട്ടിച്ചും വാദ്യോഘോഷങ്ങളോടുകൂടിയുമായിരുന്നുവത്രെ കാണികളിലുണ്ടായിരുന്ന ഇന്ത്യക്കാർ ആനന്ദം പ്രകടിപ്പിച്ചിരുന്നതു്. നിർഭാഗ്യത്തിന്നു് അന്നേദിവസം കാണികളായുണ്ടായിരുന്നവരിൽ ഭൂരിപക്ഷം ഇന്ത്യക്കാരായിരുന്നു.

ഈ ഉത്സാഹത്തള്ളിച്ച കണ്ടു് രോഷാകുലനായ മന്ത്രി ചോദിച്ചുവത്രെ "നാം ഇപ്പോഠം കളി കണ്ടുകൊണ്ടിരിക്കുന്നതു് കോലാലമ്പൂരിൽവെച്ചോ അതോ ഡൽഹിയിൽവെച്ചോ" എന്നു്.

ഇത്തരം കാര്യങ്ങഠം നമ്മുടെ കൂറിനേയും ആത്മാർത്ഥതയേയും ചോദ്യം ചെയ്യുന്നവയാണു്. എന്നാൽ ചീനരെസ്സംബന്ധിച്ചേടത്തോളം ചിത്രം തികച്ചും വിഭിന്നമാണു്. അവരുടെ ഉള്ളിൽ എന്തെല്ലാം ഗൂഢോദ്ദേശ്യമുണ്ടായാലുംശരി, ബാഹ്യമായി അവർ തങ്ങഠംവസിക്കുന്ന പ്രദേശങ്ങളോടു് തികച്ചും കൂറു പുലർത്തിവരുന്നു.

ഇന്ത്യക്കാരുടെ കൂറിനേയും ആത്മാർത്ഥതയേയും വെല്ലുവിളിക്കുന്ന മറെറാരു സംഭവമാണു്, മാസംപ്രതി രണ്ടുകപ്പൽ,—ഓരോന്നിലും 1500ൽപരം യാത്രക്കാരുമായി—ഇന്ത്യയിലേക്കു് പുറപ്പെടുന്നുവെന്നുള്ളതും ലക്ഷക്കണക്കിന്നു വിലവരുന്ന സാധനങ്ങഠം കടത്തിക്കൊണ്ടു് പോവുന്നുവെന്നുള്ളതും.

ഇവിടത്തെ ഇന്ത്യക്കാർ തങ്ങളുടെ ഭാവിയിൽ ശുഭാപ്തിവിശ്വാസക്കാരല്ല. മലയയിലെ ഒട്ടാകെയുള്ള 100 ലക്ഷം ജനങ്ങളിൽ 40 ലക്ഷം മലയക്കാരും 40 ലക്ഷം ചീനരും ബാക്കി 20 ലക്ഷം ഇന്ത്യക്കാരുമാണു്. ഇതിൽനിന്നു് ഒരു സംഗതി വളരെ വ്യക്തമായിക്കാണാം. മലായക്കാരും ചീനരും തുല്യശക്തിയുള്ളവരാണു്. അതുകൊണ്ടു് ഇന്ത്യക്കാർ ഏതുപക്ഷത്തേക്കു ചായുന്നുവോ, അവിടെ ഭൂരിപക്ഷം ലഭിക്കുന്നു. ഇന്നത്തെ ഇവിടത്തെ രാഷ്ട്രീയത്തിൽ മലയക്കാരും ഇന്ത്യക്കാരും ഒരുമിച്ചു പ്രവർത്തിക്കുന്നു.

എന്നാണ് എപ്പോഴാണ് ഒരു സിലോണും, ബർമ്മയും ഇവിടേയും ആവർത്തിക്കുകയെന്നാക്കും ഊഹിക്കുവാൻ സാദ്ധ്യമല്ല. കാരണം മന്ത്രിപ്രമുഖരായ ജോഹർ, ഡോക്ടർ സെയ്ത്, തുൻ അബ്ദുറസ്സാക്ക് തുടങ്ങിയവർ തികഞ്ഞ മലയൻവാദികളാണ്.

എൻെറ ഈയാത്രക്കിടയിൽ എനിക്കു് നിരവധി മലയാളികളുമായും അവരുടെ എണ്ണമില്ലാത്ത സംഘടനകളുമായും അടുത്തിടപഴകാൻ സന്ദർഭം ലഭിച്ചു. ഇവരിലൂടെത്തന്നെ ഈ നാട്ടുകളിൽ മററു പലയിടങ്ങളിലുമായി ജീവിക്കുന്നവരെക്കുറിച്ചും, അവരുടെ വ്യാപാര–ജീവിതനിലപാടുകളെസ്സംബന്ധിച്ചും കുറച്ചൊക്കെ മനസ്സിലാക്കുവാനും കഴിഞ്ഞു.

മലായിലും സിംഗപ്പൂരിലും ഇൻഡോനേഷ്യയിലുംകൂടി നോക്കിയാൽ ഏററവുമധികം മലയാളികളുള്ളതു് സിംഗപ്പൂരിലാണ്. ഗവർമ്മെണ്ടു് ഉദ്യോഗസ്ഥന്മാരായും കച്ചവടക്കാരായും തൊഴിലാളികളായും കോൺട്രാക്ട്വേല ചെയ്യുന്നവരായും ആറായിരത്തിൽ പരം മലയാളികൾ ഇവിടെത്തന്നെയുണ്ടുപോൽ.

ഞാനിവിടേക്കു് വരുന്നതിന്നുമുമ്പ് നമ്മുടെ ഈ മറുനാടൻ സഹോദരന്മാരെപ്പററി ചില വലിയ തെററിദ്ധാരണകൾ എനിക്കുണ്ടായിരുന്നു. കഷ്ടപ്പാടും ക്ലേശങ്ങളും നിറഞ്ഞ ജീവിതമാണ് ഇവർക്കുള്ളതെന്നും ആധുനിക സുഖങ്ങളുടെ മടിത്തൊട്ടിലായ ഈ ഭൂലോകസ്വർഗ്ഗത്തിൽ കട്ടുറുമ്പുകളുടെ മാതിരിയുള്ള ജീവിതമാണ് ഇവർ നയിക്കുന്നതെന്നുമായിരുന്നു എൻെറ ധാരണ.

എന്നാൽ എനിക്കു തെററുപററിയതാണെന്നു വേഗം മനസ്സിലായി. എൻെറ സങ്കല്പചിത്രത്തിൽനിന്നു തികച്ചും വിഭിന്നമായ ചുററുപാടാണ് ഇവിടെയുള്ളതു്. സാമാന്യം നല്ലനിലയിൽ കച്ചവടം ചെയ്യുന്നവരെ ഞാൻ കണ്ടു. ചീനരെപ്പോലും വെല്ലുവിളിക്കുന്ന കോൺട്രാക്ടർമാരും, ഉയൻ്റ തസ്ഥികയിലുള്ള ഉദ്യോഗസ്ഥന്മാരും മലയാളികളിൽ ഒട്ടേറെയുണ്ടെന്നു അവരെയെല്ലാം കണ്ടപ്പോഴാണ് എനിക്കു മനസ്സിലായതു്.

പക്ഷേ ഒന്നുപരമാർത്ഥമാണ്. വളച്ച്യ അല്ലെങ്കിൽ അഭിവൃദ്ധി — അതു് ഇവരെസ്സംബന്ധിച്ചേടത്തോളം താരതമ്യേന കുറവാണെന്നുപറയാം. കാരണം ഇവരുടെയെല്ലാം വലത്തേകാൽ മലയാളക്കരയിലും ഇടത്തേകാൽമാത്രം ഇവിടെയുമാണ്. ഒരു കച്ചവടം അഭിവൃദ്ധിപ്പെടണമെങ്കിൽ ലാഭത്തിലെ സിംഹഭാഗവും കച്ചവടമുതലുകളായി മാററേണ്ടിയിരിക്കുന്നു. എന്നാൽ ഇവരെ സംബന്ധിച്ചേടത്തോളം വർഷാവസാനത്തെ ലാഭത്തിൽ നേർപകുതി നാട്ടിൽ സ്വത്തെടുത്തും, മററെ പാതിയിൽ കുറച്ചു ഭാഗം ഇന്ത്യൻ കസ്റ്റംസിൽ കൈക്കൂലിയായി നൽകിയും, ബാക്കിയുള്ളതു് കപ്പൽക്കൂലികൊടുത്തും ഇവർ തീക്കുന്നു.

ഇതിന്നവരെ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. കാരണം തക്കതായ മറുപടി പറയുവാനുണ്ടു്. നമ്മുടെ പഴമക്കാർ കൂടെ കുടുംബാഗങ്ങളെക്കൊണ്ടുവന്നില്ല, നമ്മളും അവരെ പിന്തുടന്നു് ഭാര്യാമക്കളേയും മററുഉടയവരേയും നാട്ടിൽ നിത്തുവാൻ നിർബ്ബന്ധിതരായിത്തീരുന്നു. കൂടാതെ ഇനിയുള്ള കാലഘട്ടം, മറുനാട്ടുകാരെസ്സംബന്ധിച്ചേടത്തോളം മലായയിൽ ആശ്വാസകരമല്ലതാനും.

ഉള്ളതുകൊണ്ടു് അഭിമാനകരമായ ജീവിതം നയിക്കുവാനും സന്തോഷപ്രദവും ആനന്ദകരവുമായ ചുററുപാടുകൾ സൃഷ്ടിക്കുവാനും ഇവക്കു് കഴിയുന്നു. മലയാളികളുടെ പ്രത്യേകതയാണ് നമ്മബോധം. കോപ്പിരികാട്ടാനും, കോമാളിവേഷം കെട്ടാനുമാണ് പടച്ചവൻ അവനെ സൃഷ്ടിച്ചതെന്നുവരെ തോന്നിപ്പോകും. തന്മൂലം മറുനാട്ടിൽ മലയാളികൾ താമസിക്കുന്നയിടം കണ്ടുപിടിക്കുക വളരെയെളുപ്പമാണ്. കല്യാണപ്പന്തലിൽ നിന്നു് “കോളാമ്പിപ്പാട്ടു്” കണക്കിലാണ്, അവർ പാക്കുന്നിടത്തു ചിരി അണപൊട്ടി കുലംകുത്തി പരന്നൊഴുകുന്നതു്.

മലയാളികളിൽ കഷ്ടപ്പെടുന്നവരില്ലെന്നു് പറഞ്ഞുകൂടാ. ഏതൊരു സമുദായത്തിലേയും പോലെ കൂലിവേലക്കാരെയും യാതൊരു ജോലിയുമില്ലാത്തവരെയും അവരിലും കാണാൻ സാധി

ച്ചെന്നുവരും. ഞാൻ കാമറോൺ കുന്നുകളിലെ ഒരു ചായത്തോട്ടം സന്ദൎശിച്ചപ്പോഠം, അവിടത്തെ കൂലിവേലക്കാരായ ചില മലയാളികഠം എന്നെ വന്നുകണ്ടിരുന്നു. കവിളുകഠം നാടൻ സോഡക്കുപ്പികഠംപോലെ ഒട്ടിയിരുന്നു; കഴുത്തു കോഴിക്കാൽപോലെ മഞ്ഞച്ചിരുന്നു; കൈയും കാലും ഉണങ്ങിയ ചുള്ളിക്കമ്പുകളാണന്നേതോന്നൂ ഒററനോട്ടത്തിൽ. ഇവർ തങ്ങളുടെ തമിഴരോ മററുള്ളവരോ ആയ സഹപ്രവൎത്തകരോടൊപ്പം ഇരുട്ടറക്കകത്ത് ചീഞ്ഞ മാംസങ്ങളും വിലകുറഞ്ഞ മദ്യവും കഴിച്ചു ജീവിക്കുന്നുണ്ടാവാം. എന്നാൽ ഇവരെയെടുത്തുകാട്ടി, മലയാളികളെ ഒന്നടങ്കം ഇടിച്ചുതാഴ്ത്തുന്നത് തികഞ്ഞ അനീതിയായിരിക്കും.

എത്രയാലോചിച്ചിട്ടും ഉത്തരം കണ്ടുപിടിക്കുവാൻ കഴിയാത്ത ഒരു വാസ്തവംകൂടി ഇവിടത്തെ മലയാളി സുഹൃത്തുക്കളെക്കുറിച്ചോൎക്കുമ്പോഠം ഓൎമ്മയിൽ പൊങ്ങിവരുന്നു. നമ്മുടെനാട്ടിൽ ഒരതിഥിവന്നാൽ, എങ്ങിനെയെങ്കിലുംവേഗം പോയാൽ മതിയെന്നുള്ള വിചാരക്കാരായിരിക്കും, നമ്മിൽ അധികപേരും. എന്നാൽ അങ്ങിനെയുള്ള ഒരു നാട്ടിൽനിന്നുവരുന്ന ഈ മലയാളികഠം അതിഥിസല്ക്കാരത്തിലും അതിഥികളെ പ്രീതിപ്പെടുത്തുന്നതിലും കാട്ടുന്ന അമിതമായ ഉത്സാഹം എങ്ങിനെ കൈവന്നുവെന്നതാണ് മനസ്സിലാവാതെയിരിക്കുന്നത്. ഒരു പക്ഷെ നാട്ടിൻെറ സമ്പൽ സമൃദ്ധിയോ, അല്ലെങ്കിൽ ദൂരെയുള്ള സ്വന്തംനാട്ടിൽനിന്നു വരുന്നവരോടുള്ള ബഹുമാനാദരങ്ങളോ ആവാം അവരെ ഇതിന്നു പ്രേരിപ്പിക്കുന്നതു്.

മലബാർ മുസ്ലിംകളുടെ ഇവിടേക്കുള്ള കുടിയേറിപ്പാൎപ്പുകളെസ്സംബന്ധിച്ച രസകരമായ പല കഥകളുമുണ്ടു്. കഷ്ടിച്ചു മുക്കാൽ നൂററാണ്ടേയായിട്ടുള്ളൂ നമ്മുടെയാളുകഠം ഇവിടെ കുടിയേറിപ്പാൎക്കുവാൻ തുടങ്ങിയിട്ടു്. ആദ്യകാലത്തുവന്നവർ ഇവിടെ നേന്ത്രപ്പഴം പൊരിച്ചു വിൽക്കുന്നവരായിരുന്നുവത്രെ.

ഇത് ആരാണ് ഇവൎക്കു പഠിപ്പിച്ചുകൊടുത്തതെന്നോ അല്ലെങ്കിൽ പഴംപൊരിച്ചതിന്നിത്രവലിയ മാൎക്കററ് ഇവിടെ ലഭിക്കു

മെന്നു ഇവൎക്ക മനസ്സിലാക്കിക്കൊടുത്തതു ആരാണെന്നോ ഉള്ള തിന്നു യാതൊരു തെളിവുമില്ല. മലായക്കാർ ഇവരെ 'കായപൊ രിച്ചു വില്ക്കുന്നവർ' എന്നൎത്ഥമുള്ള "പീസാംഗോരികാ" എന്നാ യിരുന്നു വിളിച്ചുവന്നിരുന്നത്.

ബോത്ത (മുടി പററെവടിക്കുന്നവർ) കളും പിശുക്കന്മാരു മായ ഇവരെ മലയക്കാൎക്ക തികച്ചും പുഛമായിരുന്നുവത്രെ. വാസ്ത വത്തിൽ ഇവരുടെ മുൻകാലചരിത്രത്തിലേക്കു കണ്ണോടിച്ചുനോ ക്കിയാൽ എന്തുമാത്രം ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിച്ചു കൊണ്ടാണ് ഈ മരുപ്പച്ചയിലെത്തിയതെന്ന് മനസ്സിലാക്കാവു ന്നതാണ്. കന്നുകാലികളെപ്പോലെ കപ്പലിൽ തിക്കിക്കയറി, മലയായിൽ കൊണ്ടുവന്നു തള്ളപ്പെട്ടവരാണ്. എട്ടുംപൊട്ടും തിരിയാതെ സമൃദ്ധിയുടെ മരീചികയുംതേടി എത്തിയവർ. അടിമകളായിട്ടാണ് അവർ ജീവിച്ചിരുന്നതു്. മനുഷ്യരാണ് തങ്ങളെന്ന ബോധം അവരെ തീണ്ടിയിരുന്നില്ല, തീണ്ടാതിരി ക്കാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിച്ചുമിരുന്നു. പകലൊക്കെ പണിയെടുത്തും അന്തിമയങ്ങിയാൽ വല്ല ഇരുട്ടറക്കകത്തോ, കള്ളഷാപ്പിലോ കിടന്നുമയങ്ങിയും കഴിഞ്ഞുകൂടിപ്പോന്ന അവർ അടിമത്തംപോലും അനുഗ്രഹമായിക്കരുതിയിരുന്നതിൽ അത്ഭുത പ്പെടാനില്ലായിരുന്നു.

എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോഴേക്കു വലിയ മാററ ങ്ങൾ സംഭവിക്കുകയും, മലബാറികൾ വിശ്വാസത്തിൻേറയും ബഹുമാനത്തിൻേറയും പ്രതീകങ്ങളായിമാറുകയും ചെയ്തു. മല ബാറികൾക്കു പണം കടം നല്കുവാനും സാധനങ്ങൾ യാതൊരു ലക്ഷ്യവുമില്ലാതെ വിട്ടുകൊടുപ്പാനും തയ്യാറായി പലരും മുമ്പോ ട്ടുവന്നു. സിംഗപ്പൂരിൽ ഇന്നും "മലബാർ സ്ട്രീററ്" എന്ന പേരിൽ ഒരു പ്രധാന തെരുവുണ്ടെന്നുള്ളത് ഇതിന്നു നല്ല തെളി വാണ്. മലബാറികൾക്കു ലഭിച്ചിരുന്ന ഈ വിശ്വാസം മററുള്ള വൎക്ക ലഭിച്ചിരുന്നില്ലെന്നുള്ളതും ഈ സന്ദൎഭത്തിൽ ഓൎക്കേണ്ട താണ്.

CHILDREN'S LIBRARY

സിംഗപ്പൂരിൽ ഇന്നു് കെട്ടുറപ്പുള്ള ഒരു ഭരണകൂടമുണ്ടു്. പ്രധാനമന്ത്രി ലീകവാൻയൂ ലോകത്തിലെ ഏററവും ചെറുപ്പക്കാരനായ പ്രധാനമന്ത്രിമാരിൽ ഒരാളും, ഭരണകാര്യങ്ങളിൽ അതിനിപുണനുമാണു്. പഠനകാലത്തുതന്നെ തൻെറ ബുദ്ധിവൈഭവം പ്രകടിപ്പിച്ചിരുന്ന ഈ കൃശഗാത്രൻ ഇന്നു ലോകത്തിലെതന്നെ പ്രശസ്തന്മാരായ നേതാക്കളിലൊരാളത്രെ.

നാം വിശ്വസിക്കുന്ന ജനാധിപത്യം ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്നഭരണം, അതായതു് വ്യക്തികളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽനിന്നു ഭിന്നമായി, ഭരണത്തിൽ സമൂഹത്തിൻെറ നിയന്ത്രണത്തിന്നു പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു ഭരണമാണല്ലോ. മദ്ധ്യകാലഘട്ടത്തിൽ ജനാധിപത്യ ചിന്തകൾക്കു പ്രോത്സാഹനം നല്കിയ മിൽ, ലോക്കു്, റൂസോ, ജഫേഴ്സൺ തുടങ്ങിയവരുടെ ചിന്താഗതിയും, പിന്നീടു് രൂപഭേദംവന്ന ജനാധിപത്യവും വിശ്വസിക്കുന്ന നാലു കാര്യങ്ങൾ: 1) നിശ്ചിത കാലഘട്ടംതോറും ആവർത്തിക്കുന്ന തെരഞ്ഞെടുപ്പുകൾ (2) അഭിപ്രായപ്രകടനസ്വാതന്ത്ര്യം (3) നിയമപീഠങ്ങളുടെ മുമ്പിൽ സ്വകാര്യപൌരന്മാക്കും ഉദ്യോഗസ്ഥന്മാക്കും തുല്യമായ അവകാശങ്ങളും ബാദ്ധ്യതകളും (4) സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ ന്യായാസനങ്ങൾ എന്നിവയാണു്.

എന്നാൽ സിംഗപ്പൂരിലെ ജനാധിപത്യം മേൽപറഞ്ഞ വീക്ഷണകോണിലൂടെ നോക്കുകയാണെങ്കിൽ, ഒരു കണ്ണാടിക്കൂട്ടിലാണെന്നേ പറയാൻവയ്ക്കു. ഇവിടെ നമ്മുടെ നാട്ടിലേതുപോലെ അത്ര അഭിപ്രായസ്വാതന്ത്ര്യമില്ല. ഭരണകാര്യങ്ങളിൽ അകാരണമായി വിമശനം നടത്താനും സാദ്ധ്യമല്ല.

അതേസമയം ഒരു കാര്യം അഭിമാനജനകമാണു്. നാട്ടിൻെറ അഭിവൃദ്ധിക്കും പുരോഗതിക്കും നിസ്വാത്ഥമായും നിഷ്കളങ്കമായും പാടുപെടുന്ന കഴിവുററ ഒരു ഭരണകൂടമാണു് ഇന്നു് സിംഗപ്പൂരിന്നു് ലഭിച്ചിട്ടുള്ളതു് എന്നുള്ളതാണതു്.

സിംഗപ്പൂർ ഒരു സ്വതന്ത്ര തുറമുഖമാണെന്നിരിക്കിലും, ഉല്പാദകരെക്കൊണ്ടു ഇവിടെനിന്നുതന്നെ തങ്ങളുടെ സാധനങ്ങറം ഉല്പാദിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു നയമാണ് ഇപ്പോറം ഗവമ്മേണ്ടിന്നുള്ളത്. ഇറക്കുമതി സാധനങ്ങളുടെ മേൽ ചെറിയതോതിൽ ഡ്യൂട്ടിചുമത്തിയും, ഇറക്കുമതിക്കാരെ നിരുത്സാഹപ്പെടുത്തുന്ന ഒരു ചുററുപാട് സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ടു ഉദ്ദേശിച്ച ഫലം കൈവരുന്നുമുണ്ട്.

ലോകത്തിലെ മേലെക്കിടയിലുള്ള പല ഉല്പാദകരും ഇവിടെ അവരുടെ ഫാക്ടറികറം ആരംഭിച്ച ഉൽപാദനം തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ടു നിരവധിയാളുകറംക്ക് ജോലിയുണ്ടാകുമെന്നതിന്നു പുറമെ, രാജ്യത്തിൻെറ സാമ്പത്തികഘടനയിൽ വമ്പിച്ച പുരോഗതിയുണ്ടാവുകയും ചെയ്യുന്നു.

പാൽക്കട്ടി, ടൂത്ത്പേസ്റ്റ്, സോപ്പ്, ചെറിയ സ്കൂട്ടറുകറം തുടങ്ങിയവ നിമ്മിക്കുന്ന ഒട്ടേറെ യൂറോപ്യൻ ഫാക്ടറികറം ഇവിടെ ശാഖകറം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഇതിൻെറ മകുടോദാഹരണമാണ് ജൂറോങ്ങിലെ വ്യവസായ എസ്റ്റേററ്. കാടുകളും മേടുകളും നിറഞ്ഞ് സുമാർ കാൽനൂററാണ്ടിന്നു മുമ്പ് കൊള്ളക്കാരുടേയും കള്ളക്കടത്തുകാരുടേയും അഭയകേന്ദ്രമായിരുന്ന ഈ സ്ഥലത്ത് 900-ൽപരം ഏക്കർ സ്ഥലത്തായി നീണ്ടുകിടക്കുന്ന ഈ എസ്റ്റേററ് സിംഗപ്പൂരിൻെറ ഭാവിയുടെ നിറഞ്ഞ വാഗ്ദാനവും, ഏഷ്യയിലെ ഒരു മാതൃകാ വ്യവസായ കേന്ദ്രവുമായി നിലകൊള്ളുന്നു. ചെറുകിട വൻകിട വ്യവസായങ്ങളുടെ കേളീരംഗമായ ജൂറോങ്ങ് അത്ഭുതങ്ങളുടെ ഒരു ലോകംതന്നെയാണെന്നു പറയുന്നതിൽ തെററില്ല.

കൂററൻ കപ്പൽ നിമ്മാണകേന്ദ്രവും, സിമൻററ് ഫാക്ടറികളും പെട്രോറം ശുദ്ധീകരണശാലയും, ചെറുകിട റബ്ബർ വ്യവസായങ്ങളും ടിൻവ്യവസായങ്ങളും ഒരുമിച്ചിതിനെ മനോഹരമാക്കുന്നു.

ഇതിന്നകത്ത് വളരെയേറെ പുതിയ ഫാക്ടറികൾ ഉയൎന്നു വരുന്നതായും കാണുന്നുണ്ട്. ഇവിടേക്കുമാത്രം വിദ്യുഛക്തി സപ്ലൈചെയ്യുവാനുള്ള ഒരു തെർമൽപ്ലാൻറിൻെറ പ്രവൃത്തിയും ധ്രുതഗതിയിൽ പൂൎത്തിയായിവരികയാണ്.

ഒരു വ്യവസായത്തിന്നാവശ്യമായ എല്ലാ പ്രാഥമികാവശ്യങ്ങളും ഇതിന്നുള്ളിലുണ്ടെന്നുള്ളതാണ് ജുറോങ്ങിൻെറ പ്രത്യേകത. സാധനങ്ങളുടെ കടത്തു ആവശ്യത്തിന്നായുള്ള കര-കടൽ-റെയിൽ സൌകര്യങ്ങളും, വിദ്യുഛക്തി, വെള്ളം തുടങ്ങിയവയും ഇതിന്നുള്ളിൽ ശാസ്ത്രീയമായി സംഘടിപ്പിച്ചിരിക്കുന്നു.

സിംഗപ്പൂരിൽ വ്യവസായ വളർച്ചയോടൊപ്പംതന്നെ, അതിന്നനുസൃതമായുള്ള തൊഴിലാളിക്ഷേമപദ്ധതികളും ധാരാളമുണ്ടായിട്ടുണ്ട്. ലോകത്തിലെ ഏററവുമുയൎന്നതും നല്ലത്പോലെ സംഘടിച്ചതുമായ ട്രേഡ്യൂണിയൻ പ്രസ്ഥാനം ഇവിടെയാണെന്നു പറയാം. ഇന്നു ഈ പ്രസ്ഥാനത്തിൻെറ വളൎച്ച്ച മുററിയിരിക്കുകയാണ്. ഇനിയും ഇതിനെ വളരാനനുവദിക്കുകയാണെങ്കിൽ, വ്യാവസായികമായ മാന്ദ്യം ഉളവാകുമെന്നു് ഭയപ്പെടുന്നതിനാൽ ലീ ഗവൎമ്മണ്ടു്, ഇതിനെ സാവധാനത്തിൽ അടിച്ചമൎത്തിവരികയാണ് ചെയ്യുന്നതു്.

സിംഗപ്പൂർ നഗരമദ്ധ്യത്തിലുള്ള ട്രേഡ്യൂണിയൻ കെട്ടിടം ഇവിടത്തെ ഏററവും മനോഹരവും ഉയൎന്നതുമായ കെട്ടിടമാണ്. കണ്ണാടിയിലും ഉരുക്കിലും വാൎത്തെടുത്ത ഒരു വെണ്ണക്കൽ കൊട്ടാരമെന്നു വേണമെങ്കിൽ ഇതിനെ വിളിക്കാം. ഈയ്യിടെ ഇവിടം സന്ദൎശിച്ച അന്നത്തെ ഇന്ത്യാ വൈസ്പ്രസിഡണ്ടു് സാക്കീർഹുസൈൻ ആലോചനായോഗങ്ങൾ നടത്തിയിരുന്നത് ഇവിടെവെച്ചായിരുന്നു.

ഇതിന്നുള്ളിലെ മനോഹരമായ സമ്മേളന ഹാളുകളും വിരുന്നുസൽക്കാര മുറികളും മററും കാണുമ്പോൾതന്നെ, ഈ പ്രസ്ഥാനത്തിൻെറ വളൎച്ച്ചയുടെ ഏകദേശരൂപം നമുക്ക് മനസ്സിലാവും. പക്ഷെ തികഞ്ഞ സംയമനവും, ആലോചനാപൂൎവ്വമായ നയങ്ങ

ളമാണ് യൂണിയനുള്ളത്. പരസ്പരസഹായത്തിനും തൊഴിൽ പരിതസ്ഥിതികഠം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ഓരോ ജോലിയിൽ ഏപ്പെട്ടിരിക്കുന്ന തൊഴിലാളികഠം ചേൻണ്ടാക്കുന്ന സംഘടന എന്നത്ഥം വരുന്ന ശരിക്കുമുള്ള ട്രേഡ്യൂണിയൻ പ്രസ്ഥാനമാണ് ഇവിടെയുള്ളത്.

ഫാക്ടറിസ്വത്തുക്കഠം നഷ്ടപ്പെടുത്തുക, അനാവശ്യമായും അകാരണമായും ഉല്പാദനപ്രക്രിയകഠം മന്ദീഭവിപ്പിക്കുക, ഘരാവോകഠം സംഘടിപ്പിക്കുക തുടങ്ങിയ പ്രവത്തനങ്ങഠം ഇവക്കില്ലെന്നാണ്, ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ആളുകളുമായി സംസാരിച്ചപ്പോഠം എനിക്കു മനസ്സിലായത്.

പക്ഷെ സിംഗപ്പൂരിലെ ജീവിതസൂചികയുടെ വദ്ധനക്കുള്ള പ്രധാനഹേതു ഈ തൊഴിലാളി സംഘടനയുടെ കടിഞ്ഞാണില്ലാത്ത വളച്ച്യയാണെന്നുള്ള ഒരഭിപ്രായം ഇയ്യിടെ പൊന്തിവന്നിട്ടുണ്ട്.

# മലാക്കയിലേക്ക്

സിംഗപ്പൂരിൽനിന്നു ഞാൻ മലയാ ഉപവൻകരയുടെ പടിഞ്ഞാറെ അററത്തു കിടക്കുന്ന "സ്വപ്നനാട്" എന്ന പേരിലറിയപ്പെടുന്ന മലാക്കയിലേക്ക് പുറപ്പെട്ടു. 200 നാഴിക ദൂരമുള്ള ഈ യാത്ര ഒരു എക്സ്പ്രസ്സ് ബസ്സിലായിരുന്നു.

സിംഗപ്പൂരിൽനിന്നു പുറമേക്കു പോകുമ്പോറം ജോഹാർ അതിർത്തിയിൽവെച്ചു കശ്ശനമായ പരിശോധനക്ക് യാത്രക്കാർ വിധേയരാകേണ്ടതുണ്ട്. സിംഗപ്പൂർ ഒരു സ്വതന്ത്ര തുറമുഖമായതിനാൽ, ഇവിടെനിന്നു പുറമേക്കുപോകുന്ന സാധനങ്ങളിന്മേൽ 25 ശതമാനത്തോളം ഡ്യൂട്ടിചുമത്തുന്നുണ്ട്. ഇവിടെ കസ്റ്റംസിലും മററു പരിശോധനാ സ്ഥലങ്ങളിലും, എന്തെങ്കിലും കൈമടക്കാനുള്ള പ്രവണത യാത്രക്കാരിലും, അത് വാങ്ങാനുള്ള വാസന ഉദ്യോഗസ്ഥന്മാരിലും കാണാമായിരുന്നു. ഇപ്രകാരമുള്ള അനുഭവങ്ങറം എനിക്കു പിനാങ്കിൽവെച്ചും ഉണ്ടായിരുന്നു. പിനാങ്കും ഇതേപോലെ ഒരു സ്വതന്ത്ര തുറമുഖമായതിനാൽ, അവിടെനിന്നു പുറമേക്കു കൊണ്ടുപോവുന്ന സാധനങ്ങളിന്മേൽ മലയൻ ഗവമ്മെണ്ടു ഡ്യൂട്ടികെട്ടുന്നുണ്ട്.

പ്രകൃതിയും മനുഷ്യനും യന്ത്രവും ഒരു പുതിയ സഹകരണവ്രതത്തോടെ സമ്മേളിക്കുന്ന ആ കൃഷികഭൂമികളെ കൌതുകത്തോടെ വീക്ഷിച്ചുകൊണ്ടു്, ഞാൻ മലയൻ ഗ്രാമങ്ങളിലൂടെ യാത്രതുടന്നു. ദൂരെ പഴയ മാതൃകയിലുള്ള ഒരു കൊട്ടാരം കാണാമായിരുന്നു. നൂററാണ്ടുകളുടെ തണൽ തലോടുന്ന ക്രൂററൻ വൃക്ഷങ്ങറം നിറഞ്ഞ വനശകലങ്ങളുടേയും, വിശാലമായ ഫലവൃക്ഷത്തോപ്പുകളുടേയും വിടൎന്നില്ക്കുന്ന പൂങ്കാവനങ്ങളുടേയും മദ്ധ്യത്തിലാണ് ഈ നരച്ച കൊട്ടാരം നിലക്കൊള്ളുന്നത്.

ബസ്സ് നല്ല വേഗതയിലാണ് പായുന്നത്. ഞാൻ ഉള്ളൊന്ന് പരിശോധിച്ചു. വലിയ ഹോട്ടലിലെ ഒരു മുറിപോലെ

എല്ലാ നവീന സജ്ജീകരണങ്ങളും ഘടിപ്പിച്ചതാണ് ആ ബസ്സ്. വിമാനത്തിലേതുപോലുള്ള സീററുകളാണ്. ചാരിക്കിടക്കണമെന്നുണ്ടെങ്കിൽ പിന്നിലെ ബട്ടൺ അമർത്തിയാൽ മതി.

ഞങ്ങൾ ഇപ്പോൾ ഒരു വലിയ നദിയെ തൊട്ടുരുമ്മിക്കൊണ്ടാണ് പായുന്നത്. ചെറിയ പാറകളിലും ഉരുളൻ കല്ലുകളിലും ചെന്നുതട്ടി അലകളിളക്കിക്കൊണ്ടാണ് നദിയൊഴുകുന്നത്. ഓരോന്നും എടുത്തു ശ്രദ്ധാപൂർവ്വം കഴുകി, വൃത്തിയാക്കിയിട്ടു തിരിയെ നദിയിൽ പ്രതിഷ്ഠിച്ചതാണെന്നേ തോന്നൂ ആ കല്ലുകൾ കണ്ടാൽ. നദിയിൽ എല്ലായിടത്തും അടിഭാഗം വ്യക്തമായി കാണാമായിരുന്നു. എത്ര ഭംഗിയേറിയ നീലിമയും, സ്ലാർലെററ് ഒഹാറയുടെ കണ്ണുകൾ മാതിരി ലേശം ഹരിതച്ഛവികലർന്ന നീലിമയും അതിന്നുണ്ടായിരുന്നു.

മലയയിലെ പരന്നുകിടക്കുന്ന കൊച്ചുകുന്നുകളിൽ തങ്ങിനില്ക്കുന്ന തരുനിരകളുടെ പത്രനിബിഡമായ ശിരോഭാഗങ്ങൾ, സുവർണ്ണകാന്തി പ്രസരത്താൽ മനോഭിരാമങ്ങളായി പ്രകൃതിസൌന്ദര്യത്തെ ശതഗുണീഭവിപ്പിക്കുന്നു. മനംമയക്കുന്ന മന്ദഹാസം വഴിഞ്ഞുകൊണ്ട മനോഹരവേഷധാരിണിയായ പ്രഭാതദേവി ഭൂമണ്ഡലത്തെ പ്രണയനിർവ്വിശേഷം ആശ്ലേഷം ചെയ്യാനാരംഭിച്ച ആ പുണ്യമുഹൂർത്തത്തിൽ പ്രശാന്തമായ അന്തരീക്ഷം കോൾമയിർ കൊള്ളുന്നു.

ഞങ്ങൾ ഇവയെല്ലാം പിന്നിട്ട് ഇപ്പോൾ ഒരുകൂട്ടം കുന്നിൻ ചെരുവുകളുടെയിടയിലൂടെ പാഞ്ഞുപോവുകയാണ്. കുറെനേരം ഓടിത്തളർന്നതുപോലെ ബസ്സ് സ്വല്പം മെല്ലെയാണ് നീങ്ങിക്കൊണ്ടിരുന്നതു്. സ്വല്പം കിതക്കുന്നുണ്ടെന്നും തോന്നി. സുഗന്ധം പരത്തുന്ന ആർത്ത്മീസിയാ പോലുമില്ല ആ കുന്നുകളുടെ നഗ്നതയെ ആച്ഛാദനം ചെയ്യാൻ. വെറുപ്പുളവാക്കാൻ പോന്ന ഒരു കാർക്കശ്യമുണ്ടു് ഈ കുന്നുകൾക്ക്. അതുപോലെതന്നെ ഒരു ഗാംഭീര്യവും; അന്തസ്സിൽ ഉയർന്നുനില്ക്കുന്ന അവ, സ്വയം നുറുങ്ങി വലിയ പാറക്കെട്ടുകളും കൽക്കഷ്ണങ്ങളും ഉരുണ്ടു് വന്നു

കിടന്നു് ഞങ്ങളുടെ മാൎഗ്ഗത്തിൽ പ്രതിബന്ധം സൃഷ്ടിക്കുവാൻ തുടങ്ങുന്നതുപോലെ തോന്നിപ്പോവുന്നു.

ബസ്സ് വീണ്ടും സുന്ദരമായ പാതയിലേക്ക് പ്രവേശിച്ചു. പച്ചമൂടിയ കുന്നുകളുടേയും റബ്ബർ തോട്ടങ്ങളുടേയും അരുകിലൂടെയുള്ള ഒരു കയററം കയറുകയാണ് ഞങ്ങരം. പ്രഭാതത്തിൽ തീററക്കിറങ്ങിയ ആട്ടിൻപററത്തെ നയിച്ചുകൊണ്ടുള്ള ഇടയച്ചെറുക്കന്മാരുടെ വിളിയും ചിരിയും അവിടെ കേരംക്കാം.

മലയയിലെ ഏററവും വലിയ സമ്പത്തായ റബ്ബർ തോട്ടങ്ങരം ഈ രാജ്യത്തിൻെറ ഐശ്വൎയ്യത്തിൻെറ പ്രതീകമായി നില കൊള്ളുന്നു. ഇവിടങ്ങളിലെ കൂലിവേലക്കാർ പാലെടുത്തു് കൊണ്ടുപോവുന്നതു് മോട്ടോർ സൈക്കിളുകളിലാണു്. നാം താമരശ്ശേരിയിലൂടെ കല്പററയിലേക്കു സഞ്ചരിക്കുകയാണെന്ന പ്രതീതിയാണുളവാകുക. എന്നാൽ മനോഹരമായ നിരത്തുകളും വൈവിധ്യം കലൎന്ന കാറുകളുടേയും മോട്ടോർ സൈക്കിളുകളുടേയും ഇടതടവില്ലാത്ത പരക്കം പാച്ചിലുകളും കാലിൽ കുത്തിപ്പൊക്കിയിട്ടുള്ള മലയൻ ഗൃഹങ്ങളും നാം മറേറതോ ലോകത്തിലാണെന്നു നമ്മെ ഓൎമ്മപ്പെടുത്തുന്നു.

മലായ്ക്കുക്കു അതിൻേറതായ ഒരു ചരിത്രമുണ്ടു്. പതിനാലാം നൂററാണ്ടോടുകൂടിയാണതാരംഭിക്കുന്നതു്. സിംഗപ്പൂരിൽനിന്നു ഒളിച്ചോടിപ്പോന്ന ജാവൻ ചക്രവൎത്തി "മജപാലിത്ത്" ആണു് മലാക്ക സ്ഥാപിച്ചതു്.

1400-ൽ സ്ഥാപിതമായ ഈ നഗരം ഒരു പ്രധാന വാണിജ്യകേന്ദ്രമായി ഉയൎന്നു. മലാക്കയിലെ രാജാക്കന്മാർ മലയൻ ഉപദ്വീപുകടന്നു സുമാത്രായിലേക്കുകൂടി അവരുടെ ശക്തി വ്യാപിപ്പിച്ചിരുന്നു. ഇവരാണു് ഇസ്ലാംമതം മലായയിൽ എത്തിച്ചതു്.

ഐശ്വൎയ്യത്തിൻെറയും സമൃദ്ധിയുടേയും പരമകാഷ്ഠയിൽ സ്ഥിതിചെയ്തിരുന്ന മലാക്കയെസ്സംബന്ധിച്ചു രസകരമായ ഒരു ചൊല്ലുണ്ടു്:— "ഒരെലിക്കു് മലാക്കയിലെ വീടുകളിലെ ഓടുകരം മുഴുവൻ ഒരിക്കൽ ഓടിക്കടക്കണമെങ്കിൽ ഒരു വൎഷം വേണ്ടി

വരും.'' അത്രക്കും സമൃദ്ധിയുള്ള ഒരു പട്ടണമായിരുന്നുവത്രെ ഇതു്. ''മലാക്കൻ ചൂരൽകൊണ്ടടിക്കുക'' എന്നതു് പഴയകാലത്തെ പോലീസുപ്രയോഗങ്ങളിൽ ഒന്നായിരുന്നു. സ്വർണ്ണം, ആനക്കൊമ്പു്, സുഗന്ധദ്രവ്യങ്ങൾ, ചൂരൽ മുതലായവ കയററുമതി ചെയ്യുകയും പകരം പരുത്തി, സിൽക്കു്, ലോഹങ്ങൾ തുടങ്ങിയവ ഇറക്കുമതി ചെയ്യുകയും ചെയ്തിരുന്നു.

1511-ൽ അൽഫോൻസാ ഡി ആൽബുക്കക്കിൻെറ നേതൃത്വത്തിലുള്ള പോർത്തുഗീസുസേന ഇതു പിടിച്ചെടുത്തതോടുകൂടി മലാക്ക ഒരു പോർത്തുഗീസുകോളണിയായി. അവരിവിടെ കോട്ടകളും പള്ളികളും പണിയുകയും 130 കൊല്ലത്തോളം അതിനെ അജയ്യമാക്കി നിർത്തുകയും ചെയ്തു. 1641 മുതൽ 1824 വരെ ഡച്ചുകാരുടെ കൈവശമായിരുന്നു. അവരിവടെ തങ്ങളുടെ ശില്പകലാവൈഭവങ്ങൾ പ്രകടിപ്പിക്കുകയും, ക്രിസ്തുചർച്ചു്, സ്റ്റാസ്തീസ, ഫീരൻ തെരുവിലെ വീടുകൾ തുടങ്ങിയവ നിർമ്മിക്കുകയും ചെയ്തു. ഇന്നും ഇവ ഡച്ചുകാരുടെ ശില്പകലാവൈദഗ്ദ്ധ്യം വിളിച്ചോതിക്കൊണ്ടു സ്ഥിതിചെയ്യുന്നു.

1824-ൽ ഡച്ചുകാർ സുമാത്രയിലെ ബെൺകൂലൻ പ്രദേശത്തിനുവേണ്ടി ബ്രിട്ടീഷുകാൎക്കു ഈ സ്ഥലം കൈമാറി. റങ്കൂണിന്നു പ്രാധാന്യം വൎദ്ധിച്ചതോടെയാണു് ഇതിൻെറ പ്രാധാന്യം ക്ഷയിക്കാൻ തുടങ്ങിയതു്.

മലയാ ഉപദ്വീപിൻെറ തെക്കുപടിഞ്ഞാറെ തീരത്തു് മലാക്കാ കടലിടുക്കിൻെറ സമീപത്തു സ്ഥിതിചെയ്യുന്ന ഇതിൻെറ വിസ്തീർണ്ണം 633 ച. നാഴികയും ജനസംഖ്യ 2,58,500 മാണു്. ഇതിൻെറ തലസ്ഥാനം മലാക്കാനഗരമാണു്.

മലാക്കയിലെ എൻെറ താമസം ''ന്യൂ ഡച്ചു് ഹോട്ടൽ'' എന്ന ഒരു പഴയ ഡച്ചുമാതൃകയിലുള്ള ഹോട്ടലിലായിരുന്നു. സർവ്വസൌകര്യങ്ങളുമുള്ള ഒരു ഹോട്ടലാണിതു്. താമസം, ഭക്ഷണം ഈ രണ്ടുകാര്യങ്ങളിലും ഡച്ചുകാർ പ്രത്യേകം ശ്രദ്ധാലുക്കളാണു്. പാശ്ചാത്യനാഗരികതയുടെ നാനാസൌകര്യങ്ങളോടുംകൂടി പൌ

രസ്സ്യനാട്ടിൻെറ പരിമളവും ഗാനാത്മകതയും പകത്തിക്കാട്ടുവാൻ ഇവർ സമത്ഥരാണു്. എങ്കിലും ഇതു് ഒരു ശുദ്ധദേശീയഹോട്ട ലാണു്. ദേശീയനാററം, ദേശീയമാലിന്യം, ദേശീയഅശ്രദ്ധ എല്ലാം ഇവിടെ അനുഭവപ്പെടുന്നുണ്ടു്.

മലാക്കയിലെ ഭൂരിപക്ഷം ജനങ്ങളും ചൈനക്കാരാണു്. ഞാൻ താമസിച്ചുകൊണ്ടിരുന്ന ഹോട്ടലിൻെറ നേരെ താഴെയാ യിരുന്നു ഇവിടത്തെ പ്രധാനമാക്കററു്. പച്ചക്കറിമാക്കററും, പന്നിയിറച്ചിമാക്കററും കൂടിയുള്ള ഈ സ്ഥലത്തെ പുലർകാല ത്തെ തിക്കംതിരക്കും കാണേണ്ടതുതന്നെയാണു്.

ഇവിടെ പുലച്ചെ 4–5 മണിയോടുകൂടി കച്ചവടക്കാർ എത്തിത്തുടങ്ങും. 6മണിയോടുകൂടിയാണു് കച്ചവടം തുടങ്ങുന്ന തു്. പന്നിയിറച്ചി വില്ക്കുന്ന വിധവും, പന്നികളെ കശാപ്പു ചെയ്യുന്ന രീതിയും ആരിലും അറപ്പുണ്ടാക്കും. ചുട്ടുപഴുത്ത ഇരു മ്പുകമ്പി ഗുദത്തിലൂടെ കയററിയാണു് പന്നികളെ കൊല്ലുന്നതു്. അതിന്നുശേഷം ചൂടുള്ള വെള്ളത്തിൽമുക്കി, ഒരു ബ്രഷ്കൊണ്ടു് രോമങ്ങളെല്ലാം തുടച്ചുനീക്കി, അടിവയററിൽ ഒരു ചെറിയ ദ്വാരമുണ്ടാക്കി അതിലൂടെ കുടൽമാലകളും മററും പുറത്തേക്കെടു ക്കുന്നു. അതിന്നുശേഷം ഇവയെ അപ്പടിതന്നെ വില്ക്കാനുള്ള സ്ഥലത്തേക്കു കൊണ്ടുവരുന്നു. പിൻകാൽ മുകളിലേക്കായി കെട്ടിത്തൂക്കിയിരിക്കുന്ന ഈ മാംസപിണ്ഡങ്ങളെ ദൂരെനിന്നു നോക്കുമ്പോഠം ജീവനില്ലാത്തവയാണെന്നു് പറയുവാൻ പ്രയാസ മായിരിക്കും. ഈ ചെറിയ പട്ടണത്തിൽ ഇത്രയധികം പന്നിക ളെ കശാപ്പുചെയ്യുന്നുണ്ടെങ്കിൽ, സിംഗപ്പൂരിലേയുംമററും കഥ കഠം ഊഹിക്കലായിരിക്കും ഭേദം.

10മണിയോടുകൂടി ഒരുകഷ്ണവും ബാക്കിയില്ലാതെ ചിലവാ യിപ്പോകും. എന്തും ഭക്ഷിക്കുന്ന ഈ കൂട്ടക്കു ഇങ്ങിനെയൊരു സ്വഭാവമുണ്ടാക്കിയതിൻെറ പിന്നിൽ ഒരു കഥയുണ്ടു്. ചീന യിൽ വളരെക്കാലം കൊടുംപട്ടിണിയായിരുന്നു. അന്നു് അവർ മനുഷ്യനെയൊഴിച്ചു ബാക്കിയെന്തുംതന്നെ ഭക്ഷിക്കുവാൻ തുട

ങ്ങി. ഭക്ഷിക്കണമെന്നുണ്ടെങ്കിൽ അതിന്നു രുചിയും വേണമ ല്ലോ. അങ്ങിനെ പലവിധത്തിലുള്ള പാചകസമ്പ്രദായവും അവർ പഠിച്ചു. പന്നിയായാലും വേണ്ടതില്ല, താറാവായാലും തരക്കേടില്ല. അതിൻെറ ഒരുഭാഗവും അവർ വെറുതെ വിടുക യില്ല. കുടലും നാവും വാലും എല്ലാംതന്നെ അവർ ഭക്ഷിക്കുന്നു.

അവരുടെ ഭക്ഷണസമ്പ്രദായങ്ങളിൽ കടലൊച്ചുകൾ, ആടി ൻെറ ഞരമ്പുകൾ, താറാവിൻെറ പാദത്തോലി, ഒരാഴ്ച പഴക്കവും കരിങ്കല്ലിൻെറ കട്ടിയുമുള്ള തടിയൻ ത്രുക്കിറൊട്ടികൾ, മുതലാ യവ പെടുന്നു. ചീനർക്കേററവും ഇഷ്ടം ഇന്ത്യൻ ഷാക്കമത്സ്യ ത്തിൻെറ ചിതമ്പൽകൊണ്ടുണ്ടാക്കിയ പശയുള്ള ഒരുതരം സൂപ്പാ ണ്. രണ്ടേമുക്കാൽ ദിവസം വേണമത്രെ ഈ വിശേഷപ്പെട്ട സൂപ്പുണ്ടാക്കുവാൻ. 5 കൊല്ലം പഴക്കമുള്ള താറാവുമുട്ട ഭക്ഷിക്കു വാൻ എനിക്ക് സന്ദർഭം ലഭിച്ചു. താറാവുമുട്ട ഉപ്പ്ചേർത്ത് ഭൂമി ക്കടിയിൽ കുഴിച്ചിടുകയാണ് ചെയ്യുന്നതു്.

മറെറാരുപ്രത്യേകത പുരുഷന്മാരെ മാക്കററിൽ കാണുന്നി ല്ലെന്നുള്ളതാണ്. 99ശതമാനവും സ്ത്രീകളാണ്, മാക്കററിലേ ക്കുവരുന്നതു്. ഫ്രോക്കുകൾധരിച്ച ചെറുപ്പക്കാരികളും, കാലു റയും അങ്കിയും ധരിച്ച മദ്ധ്യവയസ്കരും, അഴിഞ്ഞ ഉടുപ്പുകൾ ധരിച്ച വൃദ്ധകളും എന്തെന്നില്ലാത്ത ആവേശത്തോടുകൂടി അങ്ങു മിങ്ങും പാഞ്ഞുനടന്ന്, വിലപേശി സാധനങ്ങൾ വാങ്ങുന്നതു് കാണേണ്ടതുതന്നെയാണ്. മൂന്നുനാലുമണിക്കൂർനേരത്തെ കച്ചു വടംകൊണ്ടു എത്രയധികം സാധനങ്ങളാണ് വിററുതീരുന്നതെ ന്നുള്ളതിന്നു കയ്യും കണക്കുമില്ല.

ഡച്ചുവീടുകൾ കാണാൻ നല്ലഭംഗിയുള്ളവയാണ്. ലോ കം മുഴുവനും സഞ്ചരിച്ച ഒരമേരിക്കൻരസികനോടു് ''എങ്ങിനെ ആനന്ദം കണ്ടെത്താം'' എന്നു ചോദിച്ചപ്പോൾ, അയാൾ ഇങ്ങി നെ പറഞ്ഞുവത്രെ:—''ഒരു ജപ്പാൻകാരി ഭാര്യ, ഒരു ചീനത്തി അടുക്കളക്കാരി, ഒരു ഡച്ച് വീടു്''. ഇവ മൂന്നുമായാൽ ആന ന്ദത്തിന് വേറെ വഴി നോക്കേണ്ടെന്നു്.

വാസ്തവത്തിൽ ഡച്ച വീടുകളും ചീനത്തികളുടെ മാക്ക്ററിങ്ങും കണ്ടപ്പോഠം ഇതു് യഥാൎത്ഥമാണെന്നു് തോന്നിപ്പോയി.

മലാക്കയിൽ ധാരാളം ഇന്ത്യക്കാരുള്ളതായിക്കണ്ടു. കൂടാതെ ഒട്ടധികംപേൎക്ക തമിഴ് പരിചയമുള്ളതായും തോന്നി.

മലാക്കയിലെ പ്രധാന സായംകാല സമ്മേളനസ്ഥലം, സെയ്ൻറ് പീറേറർസ് പള്ളിക്കഭിമുഖമായിനില്ലുന്ന കടൽത്തീരവും, അതിനോടനുബന്ധിച്ചുള്ള പാൎക്കമാണു്. കുട്ടികഠംക്ക് കളിക്കുവാനുള്ള സ്ഥലവും ഫുട്ട്ബോഠം തുടങ്ങിയവക്കുള്ള ഗ്രൌണ്ടുകളും വയസ്സന്മാൎക്ക പ്രത്യേകമായുള്ള ചാരുകസേരകളും ഇവിടെയുണ്ടു്.

കാമുകീകാമുകന്മാൎക്കും മററും വിഹരിക്കുവാനുള്ള പൊന്തക്കാട്ടുകഠം പള്ളിക്കുചുററിലുമുണ്ടു്. പുള്ളിബ്ലൌസു ധരിച്ച പത്രാസ്സുകാട്ടുന്ന പ്രൌഢകളും മാറിടം തുള്ളിച്ചുനടക്കുന്ന മധുരപ്പതിനേഴുകാരികളും അവരെ പിന്തുടൎന്നു നടക്കുന്ന കാമകിങ്കരന്മാരും ഇവിടെ നേൎത്ത ഇരുട്ടിൽ ചില നിഴൽ നാടകങ്ങഠം സൃഷ്ടിക്കുന്നു.

സന്ധ്യക്കു 6 മണി കഴിഞ്ഞു തനിച്ചു ഇതിലൂടെ നടക്കുന്നതു് അപകടകരമാണെന്നാണു് പറയുന്നതു്. ഇണകളെ കിട്ടാത്തവരുണ്ടെങ്കിൽ പിടിച്ചുകൊണ്ടുപോയ്ക്കളയുമത്രെ. പക്ഷെ എനിക്കങ്ങിനെയൊരനുഭവമുണ്ടായില്ല. ഒരുപക്ഷെ ഞാൻ പോയദിവസം എല്ലാവൎക്കും ഇണകളെ ലഭിച്ചിട്ടുണ്ടായിരിക്കണം. ഒട്ടിച്ചേൎന്നു പരസ്പരാലിംഗനത്തിൽ ലയിച്ച ധാരാളം ഇരട്ടകഠം അങ്ങുമിങ്ങും യാതൊരു നാണവുമില്ലാതെ കിടക്കുന്നതായിക്കണ്ടു. തനിച്ചുനടക്കുന്ന എന്നെപ്പോലുള്ളവരെ പരിഹസിച്ചുംകൊണ്ടായിരുന്നു അതു്.

അസാധാരണ രൂപമിയന്ന ഏതാനും പാറകളുടെ ഒരു കൂട്ടമുണ്ടിവിടെ. മരങ്ങളില്ല. ഒരു പുൽക്കുന്നുപോലും കാണാനില്ല. മാക്ബെത്ത് നാടകത്തിലെ യക്ഷിസഹോദരികഠക്കുപോലും അനുയോജ്യമല്ലാത്തൊരു നശിച്ച സ്ഥലമാണിതു്.

# മലേഷ്യയുടെ തലസ്ഥാനത്ത്

അറുപതു–എഴുപതു നാഴിക വേഗതയിലോടിക്കൊണ്ടിരിക്കുന്ന ഒരു 1966 മോഡൽ ഷവർലേററ് കാറിലാണ് മലാക്കയിൽനിന്നു മലേഷ്യയുടെ തലസ്ഥാനമായ കോലാലാമ്പൂരിലേക്ക് ഞാൻ പുറപ്പെട്ടത്. ഇവിടങ്ങളിലെ കാർസവാരി എപ്പോഴും മനസ്സിൽ ഒരു തീക്കനൽ കോരിയിട്ടതുപോലെയാണ്. പ്രത്യേകിച്ചും യുവാക്കന്മാരായ ചീനരാണ് സാരഥികളെങ്കിൽ. മലാക്കയിൽനിന്നു 90 നാഴിക അകലെയാണ് കോലാലാമ്പൂർ.

ടിൻ വ്യവസായത്തിൻെറ ചരിത്രത്തോടുകൂടിയാണ് കോലാലാമ്പൂരിൻെറ ചരിത്രവും ആരംഭിക്കുന്നതു്. 1887–ൽ രാജാ ജുമാഅത്ത് ചൈനക്കാരുടെ സഹായത്തോടുകൂടി തകരം കുഴിച്ചെടുക്കുന്ന മൈനിങ്ങ് പ്രവൃത്തി ഒന്നാമതായാരംഭിച്ചു. തകരമാണ് ഇവിടത്തെ ഏററവും വലിയ വ്യവസായം.

900 AD യിൽ തന്നെ അറബികൾ ഈ വിലപിടിച്ച ലോഹവുമന്വേഷിച്ചു ഇവിടെ വന്നിരുന്നുവെന്നതിന്നു തെളിവുകളുണ്ട്. വിദേശികളുടെ വരവിന്നും പല രാജവംശങ്ങളും തകരുന്നതിന്നും പ്രധാന കാരണക്കാരൻ ഈ കറുത്ത സ്വർണ്ണമായിരുന്നുവെന്ന് ചരിത്രം ഘോഷിക്കുന്നു.

ഇവിടത്തെ മറെറാരു പ്രധാന ഉല്പന്നം റബ്ബറാണ്. എപ്പോഴും പാലെടുക്കുന്നതിന്നനുകൂലമായ കാലാവസ്ഥ. മലയൻ സാമ്പത്തിക വ്യവസ്ഥയെ താങ്ങിക്കൊണ്ടുനില്ക്കുന്ന രണ്ടു മുഖ്യഘടകങ്ങളാണ്, തകരവും റബ്ബറും.

കോലാലാമ്പൂർ മലേഷ്യയുടെ തലസ്ഥാനമെന്നതിന്നു പുറമെ സെലാങ്കൂർ സംസ്ഥാനത്തിൻെറ തലസ്ഥാനവുമാണ്. ക്ലാങ്ക് നദീമുഖത്തുനിന്ന് 27 മൈൽ ഉള്ളിലേക്കുമാറി, നദീതീരത്തു സ്ഥിതിചെയ്യുന്ന ഇതിന്നുചുററും ധാരാളം റബ്ബർതോട്ടങ്ങളും വെളുത്തീയഖനികളുമുണ്ട്.

2277

ബ്രിട്ടീഷ് റസിഡൻടായിരുന്ന ഫ്രാങ്ക്സ്വററർ ഹോം ആണ് കോലാലാമ്പൂരിനെ ഇന്നു കാണുന്നവിധത്തിൽ പരിഷ്ക്കരിപ്പിച്ചത്. സിംഗപ്പൂരിനെയപേക്ഷിച്ച് ഇവിടെ തിരക്കു കുറവാണെങ്കിലും, എന്തിന്നുംപോന്ന ഒരു നഗരമാണിതെന്നുള്ളതിൽ സംശയമില്ല. മിന്നൽവേഗത്തിൽ ഓടിയകലുന്ന കാറുകളും, വൻകിട വ്യവസായങ്ങളും, മൈനിങ്ങ് കേന്ദ്രങ്ങളും ഇതിനെ ലോകത്തിലെ തിരക്കേറിയ നഗരങ്ങളിലൊന്നാക്കി മാററിയിരിക്കുന്നു.

ജാപ്പാനെക്കഴിച്ചാൽ ഭൂമിയുടെ ഈ ഭാഗത്തെ ഏററവും സമ്പത്തുള്ള രാജ്യവും ഇതുതന്നെ. 170 കൊല്ലത്തെ ബ്രിട്ടീഷുഭരണം ഈ പ്രദേശത്തെ സാമ്പത്തികക്കഴിവിനെ തികച്ചും ഊററിക്കുടിക്കുകയുണ്ടായില്ല. മാത്രമല്ല സ്വാതന്ത്ര്യം സമ്പാദിക്കുവാൻ മലയക്ക് രക്തം ചിന്തേണ്ട ആവശ്യവും നേരിട്ടില്ല. ജനങ്ങളിലധികവും ചീനക്കാരാണ്. ഭാരതീയരും കുറവല്ല.

വിവിധ നിറങ്ങളിലുള്ള ഉടുപ്പുകൾ ധരിച്ച മലയക്കാരും ചീനരും സയാമികളും ഇന്ത്യക്കാരും ഇടതടവില്ലാതെ അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കുന്നതു് കാണാമായിരുന്നു. ആറും എട്ടും നിലകളുള്ള ഊക്കൻ കെട്ടിടങ്ങൾ, ഖുബ്ബകളുള്ള പള്ളികൾ, ആധുനികരീതിയിലുള്ള ഹോട്ടലുകൾ, കച്ചവടസ്ഥലങ്ങൾ ഇവയെല്ലാം കോലാലമ്പൂരിനെ ഒരു നല്ല അന്തസ്സുള്ള നഗരമാക്കിത്തീർക്കുന്നു.

വസ്ത്രത്തിലും, ഭക്ഷണത്തിലും, നഗരസംവിധാനത്തിലും, ശുചീകരണത്തിലും ഇവിടെ പാശ്ചാത്യ പരിഷ്ക്കാരവുമായുള്ള സമ്പക്കം വ്യക്തമായിക്കാണാം.

അഴകുള്ള പുതിയ പുതിയ കാറുകൾ, മോട്ടോർ സൈക്കിളുകൾ, പിൻവശം ഡീസൽഎഞ്ചിൻ ഘടിപ്പിച്ച ബസ്സുകൾ എല്ലാം നിരത്തുകളിലൂടെ ഓടി അടുക്കുകയും അകലുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഏഷ്യയിലെ ഒരാധുനികനഗരമാണിതെന്നു പറയാം — മനോഹരമായ കോൺക്രീററു നിരത്തുകൾ വാഹനങ്ങൾക്കു വരുവാനും പോകുവാനും സൌകര്യമുണ്ടാക്കുന്നതിന്നുവേണ്ടി രണ്ടും മൂന്നും നാലുമായി വീതിയുള്ള വെളുത്ത രേഖകൾകൊണ്ടു വിഭജിച്ചിരിക്കുന്നു. നഗരത്തിന്നുള്ളിൽ യാതൊരു ലക്കമില്ലാതെ വേഗതയുടെ പരിമിതിവിട്ടു കാറോടിച്ചുപോകുന്നവരെ പിടികൂടാൻ പ്രത്യേകം മോട്ടോർ സൈക്കിൾ പോലീസ് വിഭാഗവുമുണ്ടു്. ക്ലിഫ്സ് കോർണറാണു് നഗരത്തിൻെറ ഹൃദയം. ഏതു സമയവും തിക്കും തിരക്കുമാണവിടെ. വൈകുന്നേരമായാൽ ക്ലിഫ്സിൽ കൂടുതൽ തിരക്കായി. ബഹളം തന്നെ.

കോലാലമ്പൂരിൽ മനോഹരവും, വൈവിദ്ധ്യമാൎന്നതുമായ ധാരാളം പട്ടുക്കുററൻ എടുപ്പുകളുണ്ടു്. നവീനരീതിയിലുള്ള ഈ കെട്ടിടങ്ങൾ, കെട്ടിടങ്ങൾ നിരത്തിയ വലിയൊരു കാഴ്ചബംഗ്ലാവുപോലെയാണു് — ഇതിൽ എടുത്തുപറയത്തക്ക ഒരു കെട്ടിടമാണു് ചാർട്ടേഡ് ബേങ്ക് ബിൽഡിങ്ങ്. ഇതിന്നുള്ളിലെ എസ്കലേററർ (Escalator) ഇതിന്നുമുമ്പു് മോസ്കോവിൽ ഞാൻ കണ്ടിരുന്നതാണെങ്കിലും, നമ്മുടെ നാട്ടുകാൎക്കു് ഒരു പുതുമയുള്ളതാണു്.

ലിഫ്ററ് ഇൻഡ്യയിലെ വലിയ നഗരങ്ങളിലുള്ളവൎക്കെല്ലാം പരിചയമുള്ളതാണല്ലോ. എന്നാൽ ഈ (Escalator) ഇന്ത്യയിൽ ഒരിടത്തുമില്ലാത്തതിനാൽ അതു് പെട്ടെന്നു് കാണുമ്പോൾ തികച്ചും ഒരു പുതുമയാണു്. ഒരുകൂട്ടം പടികൾ മുകളിലോട്ടല്ലെങ്കിൽ താഴോട്ടു് ഓടിക്കൊണ്ടിരിക്കുന്നതു് കണ്ടാൽ ആദ്യം ഒന്നു് സംശയിച്ചുപോകും. നാം നടന്നു് മുകളിൽ കയറുകയോ, താഴേക്കിറങ്ങുകയോ ചെയ്യുന്നതു് വളരെ ആയാസകരമാണല്ലോ. ലിഫ്ററിൽ ആണെങ്കിൽ പരിമിതമായ ആളുകൾക്കു് മാത്രമേ ഒരേസമയത്തു് കയറാൻ സാധിക്കയുള്ളു. അതുകൊണ്ടു് ആളുകൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്റ്റേഷനുകളിലും, ഇത്തരം ബേങ്കുപോലത്തെ സ്ഥാപനങ്ങളിലും, അവരെ ആ ഒഴുക്കിൽത്തന്നെ മുകളിലോട്ടും താഴോട്ടും കൊണ്ടുപോകുന്നതിനായി

ട്ടാണ് ഈ ഓട്ടുന്നപടികൾ. ഫാക്ടറികളിലെ കൺവെയർ ബെൽററിൽ സാധനങ്ങൾ സഞ്ചരിക്കുന്നതുപോലെ നാം ഈ എസ്കലേററിൽ കയറി വെറുതെയങ്ങു നിന്നുകൊടുത്താൽമതി. അതു് കൊണ്ടുപോയ്ക്കൊള്ളും. പക്ഷെ അതിൻെറ അററത്തു് ആദ്യം ചവുട്ടിക്കയറുമ്പോൾ നമ്മളെയുംകൊണ്ടു മുമ്പോട്ടുള്ള പോക്കു് ഒന്നു് പരിഭ്രമിപ്പിക്കും. അതുപോലെ അതിൽനിന്നു് മറേറ അററത്തു് ഇറങ്ങുമ്പോഴും.

കോലാലാമ്പൂർ, സന്ദർശകരെസ്സംബന്ധിച്ചേടത്തോളം ഒരു സ്വർഗ്ഗമാണു്. കൺകുളിർക്കെ കാണുവാനും, പഠിക്കുവാനും, ആനന്ദിക്കുവാനും, ആസ്വദിക്കുവാനുമുള്ള വക ധാരാളമുണ്ടിവിടെ.

ഇവിടെ ഒരാഴ്ചക്കാലം താമസിക്കുകയെന്നതു് ഒരു പ്രശ്നമായി ഒരിക്കലും അനുഭവപ്പെടുകയില്ല. പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു് ത്വരിതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പ്രദേശം നവംനവങ്ങളായ പല അനുഭൂതികളും പുതുമയും കാഴ്ചക്കാരിലുണ്ടാക്കുന്നു.

ഇവിടെവെച്ചു എനിക്കു നല്കപ്പെട്ട ഒരു സ്വീകരണത്തിൽ, മോസ്കോനഗരത്തെ കോലാലാമ്പൂരുമായി താരതമ്യം ചെയ്യുവാൻ എന്നോടാവശ്യപ്പെടുകയുണ്ടായി. 1965-ൽ റഷ്യയിൽ, സാംസ്കാരിക വിനിമയ പരിപാടിയനുസരിച്ചു് ഒരു മാസത്തോളം ഞാൻ ചുററിസഞ്ചരിച്ചിട്ടുണ്ടായിരുന്നു.

"വാസ്തവത്തിൽ എന്നെസ്സംബന്ധിച്ചേടത്തോളം ഈ ആവശ്യപ്പെടൽ" ഇരുട്ടത്തു് അടിക്കുമ്പോലെയാണു് തോന്നിയതു്. കാരണം ഈ രണ്ടു തലസ്ഥാനനഗരികളും തമ്മിൽ താരതമ്യം ചെയ്യുവാനായി യാതൊന്നുമില്ല. ഒന്നു് വടക്കെ ധ്രുവത്തിലാണെങ്കിൽ, മററൊന്നു് തെക്കെ ധ്രുവത്തിലായിരുന്നു — പക്ഷെ ഒന്നെനിക്കു് പറയുവാൻ കഴിഞ്ഞു. ഇത്രയും അൾട്രാമോഡേൺ ഫേഷനിൽ നടക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും, ഇത്രയും വൈവിദ്ധ്യമാർന്ന വാഹനങ്ങളും മോസ്കോ തെരുവുകളിൽ കാണപ്പെടുകയില്ലെന്നുള്ളതു്.

മോസ്കോവിൽ എത്രകാലം താമസിച്ചാലും മതിവരില്ല. കാരണം ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ, പാർക്കുകൾ, മുതലായവ കുറെനാൾ കണ്ടുകഴിയുമ്പോൾ പിന്നെ പുതുമപോകും. നേരെമറിച്ച് സാംസ്കാരികജീവിതം, സംഗീതം, നൃത്തം, സാഹിത്യം, നാടകം, ചിത്രകല മുതലായവയിൽകൂടി ഓരോകാലത്തും പുതുക്കപ്പെട്ടുപോരുന്നു. ഈ കലകൾ കേവലമൊരു ന്യൂനപക്ഷമായ കലാകാരന്മാരുടെ കൗതുകത്തിന്നായി മാത്രമോ, അല്ല പരീക്ഷകൾ അതും വളരെക്കാലങ്ങൾക്കുശേഷം,—പാസ്സാകുവാനായി മാത്രമോ ഉപയോഗിക്കേണ്ട മന്ത്രങ്ങളല്ല. മനുഷ്യജീവിതത്തിൽ ശാരീരികാവശ്യങ്ങൾക്കുള്ളതെല്ലാം തേടിമുരടിക്കുന്ന മനസ്സിൻെറ കൗതുകത്തിന്നായി സാധാരണക്കാരനും ആസ്വദിക്കാവുന്നതാണ്.

ഈ സംഗതിയിൽ മോസ്കോ മറേറതുനഗരത്തെക്കാളും ഉയർന്നനിലവാരം പുലർത്തുന്നു. അവിടത്തെ ബാലേനൃത്തങ്ങളും, ബോൾഷോയ് തിയേററുകളും, സാംസ്കാരികജീവിതത്തെ ചൂണ്ടിക്കാണിക്കുന്ന പ്രതിമകളും, നാടകങ്ങളും കോലാലാമ്പൂരിൽ കാണുകയില്ല.

കോലാലാമ്പൂർ ഈവക കാര്യങ്ങളിൽ തികച്ചും വിജനമായ മരുഭൂമിയാണെന്ന് ഞാൻ കരുതുന്നില്ല. കാരണം ഇവിടത്തെ ദേശീയ പള്ളിയും, മ്യൂസിയവും മററും മററും സ്തുത്യർഹങ്ങളായ കാഴ്ചവസ്തുക്കളാണ്.

കോലാലാമ്പൂർ റെയിൽവെസ്റ്റേഷനിൽനിന്നു കഷ്ടിച്ച് അരനാഴികയകലെ സ്ഥിതിചെയ്യുന്ന മനോഹരമായ ദേശീയ പള്ളി ഇവിടത്തെ ഏററവും പ്രധാനപ്പെട്ട കാഴ്ചയും മലയക്കാരുടെ ചിരകാല സ്വപ്നത്തിൻെറ സാക്ഷാൽക്കാരവുമാണ്.

വിശ്വവിഖ്യാതരായ അനേകം ശില്പികൾ അഹോരാത്രം പണിയെടുത്തുണ്ടാക്കിയതാണ് ഈ പള്ളിയെന്ന് ഒററനോട്ടത്തിൽതന്നെ മനസ്സിലാകും. ശില്പകലയിൽ അതിരില്ലാത്ത വൈദഗ്ധ്യവും, ചിലവാക്കാൻ കണക്കില്ലാത്ത പണവുമുണ്ടെങ്കിൽ

എത്രമാത്രം ഗാംഭീര്യവും, സൌന്ദര്യവും സൃഷ്ടിക്കാമോ അതിവിടെകാണാം.

സുന്ദരവും സമുന്നതവുമായ ഈ സൃഷ്ടി സന്ദൎശകന്മാരിൽ വിസ്മയബഹുമാനസങ്കലിതമായ വിവിധ വികാരങ്ങരം ഉണ്ടാക്കുന്നു. കലാവൈദഗ്ദ്ധ്യത്തിൻെറ പരമോദാഹരണമായി പരിലസിക്കുന്ന ആ ദേവാലയം, ആരാധകരേയും സന്ദൎശകരേയും രോമാഞ്ചം കൊള്ളിച്ചുകൊണ്ടു് ഉയൎന്നുനില്ക്കുന്നു.

പതിമൂന്നു ഏക്കർ സ്ഥലത്തു് ഹരിതവൎണ്ണമായ കുന്നിൻപുറത്തു സ്ഥിതിചെയ്യുന്ന ഈ പള്ളി നിൎമ്മിക്കുവാൻ പത്തുകോടി മലയൻവെള്ളിയാണത്രെ ചിലവായതു്? ചുററും വെള്ളംനിറഞ്ഞ കിടങ്ങു്; അതിൽ താമരപ്പൂക്കളും ആമ്പൽ പൂക്കളും വിടൎന്നുനില്ക്കുന്നു. പ്രധാന പ്രാൎത്ഥനാലയം നദീജലത്തിൽ പ്രതിബിംബിച്ചു കാണാം. വൃത്താകൃതിയിലുള്ള പള്ളിയുടെ പല ഭാഗങ്ങളിലും ഉയൎന്നു നില്ക്കുന്ന മിനാരങ്ങളുണ്ടു്. പ്രധാന മിനാരത്തിന്നു 245 അടി ഉയരവും അതിൽ 18 നക്ഷത്രങ്ങളുള്ള ഒരു ചിഹ്നവുമുണ്ടു്. ഈ നക്ഷത്രങ്ങരം മലായിലെ 13 സ്റ്റേററുകളേയും ഇസ്ലാമിലെ 5 അടിസ്ഥാന തത്വങ്ങളേയും സൂചിപ്പിക്കുന്നു.

പള്ളിയിലേക്കു പ്രവേശിക്കുവാൻ 10 വാതിലുകളുണ്ടു്. പള്ളിക്കകത്തും ചുററും മനോഹരമായ ഉദ്യാനങ്ങളും ചെറിയ കാർപാൎക്കുകളും അനവധിയാണു്. ഇവിടത്തെ "മിംബർ" ഇന്ത്യാഗവൎമ്മണ്ടു് സമ്മാനിച്ചതാണത്രെ. വെള്ളിപൂശി, തിളങ്ങുന്ന നക്ഷത്രതിലകമുള്ള ഇതു് പള്ളിക്കകത്തു് ശോഭിക്കുന്നു. പള്ളിക്കകത്തെ പ്രാൎത്ഥനക്കുള്ള ഏൎപ്പാടുകരം കണ്ടാൽ ഒരിക്കലെങ്കിലും അവിടെ പ്രാൎത്ഥനക്കുകൂടിപ്പോകുവാൻ ആഗ്രഹം തോന്നിപ്പോവും. ഈ ഒരൊററയാവശ്യത്തിന്നുമാത്രമായി, അതായതു് വെള്ളിയാഴ്ച നമസ്കാരത്തിന്നു പങ്കെടുക്കുന്നതിന്നുമാത്രമായി, രണ്ടുനാരംകൂടി കോലാലാമ്പൂരിൽ ഞാൻ താമസിക്കുകയുണ്ടായി. ഇവിടെ പ്രാൎത്ഥനക്കു ധാരാളം സ്ത്രീകരം പങ്കെടുക്കുന്നതും കണ്ടു.

എന്നാൽ നമ്മുടെ നാട്ടിലേതിൽനിന്നു തികച്ചും വിഭിന്ന മായ രീതിയിലാണ് ഇതിന്നകത്തേക്കു സ്ത്രീകൾ പ്രാൎത്ഥനക്കായി വരുന്നതു്. നമ്മുടെയിടയിൽ സ്ത്രീകൾ തലമുഴുവൻ മറച്ചു, നല്ല അച്ചടക്കത്തോടുകൂടിയാണ് വരുന്നതെങ്കിൽ, ഇവിടെ നേരെ മറിച്ചാണ് നടക്കുന്നതു്. ഇവിടെ പുരുഷന്മാരാണ് തലയിൽ തൊപ്പിയും, കയ്യിൽ ടൌവ്വലുമായി പള്ളിയിലേക്കു് വരുന്നത്.

പ്രധാന പുരോഹിതൻെറ എയർകണ്ടീഷൻചെയ്ത ഓഫീസ്, പ്രധാനാതിഥികൾക്കുള്ള ഇരിപ്പിടമുറി, മുതലായവയും കാണേണ്ടവയാണ്. ഇവിടെ വെള്ളിയാഴ്ച പ്രാൎത്ഥനക്കു് മലായിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും വരാറുണ്ടു്. ഞാനുണ്ടായിരുന്ന ദിവസം ഉപപ്രധാനമന്ത്രി തുൻഅബ്ദുറസാക്കിനെ ഇവിടെവെച്ചു കാണുവാൻ സാധിച്ചു. തികച്ചും സാധാരണക്കാരനെപ്പോലെ അദ്ദേഹം മററുള്ളവരോടൊപ്പം പ്രാൎത്ഥനയിൽ പങ്കുകൊണ്ടു.

നേഷനൽ മ്യൂസിയമാണ് ഇവിടത്തെ മറെറാരു പ്രധാന കാഴ്ച. മ്യൂസുകൾ ഗ്രീക്ക് ഇതിഹാസത്തിലെ കലാദേവതമാരാണ്. സ്യൂസിൻെറ ഒമ്പതു് സന്താനങ്ങളാണ് ഇവർ. ഓരോരുത്തർ ഓരോ കലാവിഭാഗത്തിൻെറ അധിദേവതയാണെന്നാണ് വിശ്വസിക്കപ്പെടുന്നതു്. 1963 ആഗസ്റ്റ് 31–ാംനു- ഉൽഘാടനം ചെയ്യപ്പെട്ട ഈ മ്യൂസിയം ഗ്രീക്ക് ഇതിഹാസത്തിലെ മ്യൂസുകളോടു് ശരിക്കും നീതിപുലൎത്തുന്നതും, ഏഷ്യയിലെതന്നെ ഒരു പ്രധാന കാഴ്ചയായിരിക്കണമെന്നു് കരുതി പണിതീൎത്തതുമാണ്.

ഇതിൻെറ നിൎമ്മാണത്തിന്നു് മലയൻ ശില്പകലാവിദഗ്ദ്ധന്മാരെ സഹായിക്കുവാനായി ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നും ശില്പികളെ കൊണ്ടുവന്നിരുന്നു.

ഇവിടെ കാണാൻ ധാരാളമുണ്ടു്. പഴയ മൺപാത്രങ്ങൾ, നാണയങ്ങൾ, ഓട്ടുവിളക്കുകൾ, മരംകൊണ്ടും മണ്ണുകൊണ്ടും ലോഹങ്ങൾകൊണ്ടും നിൎമ്മിച്ച പലതരം വിഗ്രഹങ്ങൾ, താളിയോല

ഗ്രന്ഥങ്ങൾ തുടങ്ങിയ പ്രദർശനവസ്തുക്കൾ നല്ല അടുക്കോടും ചിട്ടയോടും കൂടി പല അറകളിലും സംഭരിച്ചു വെച്ചിട്ടുണ്ട്.

ഒരു നാട്ടിന്റെ പ്രാചീന സാംസ്കാരിക പ്രവണതകളെസ്സംബന്ധിച്ച മനസ്സിലാക്കുവാൻ ചരിത്രപുസ്തകങ്ങളെക്കാളും, പലപ്പോഴും എളുപ്പത്തിൽ പ്രയോജനപ്പെടുന്നതു, അവിടത്തെ പൂർവ്വീകർ മരത്തിലും കല്ലിലും ലോഹത്തിലും മററും കൊത്തിവെച്ച കലാശില്പങ്ങളാണ്. ഇത്തരം പ്രാചീന വസ്തുക്കളുടെ കലവറകളാണല്ലോ മ്യൂസിയങ്ങൾ. പ്രാചീനകാലത്തിന്റെ ഒരേകദേശജ്ഞാനം സരളമായി ലഭിക്കുവാനുള്ള സകല സൌകര്യങ്ങളും ഇതിന്നുള്ളിൽ ശരിപ്പെടുത്തി വെച്ചിരിക്കുന്നു.

മറെറാരു പ്രധാനദൃശ്യം റബ്ബറിനെയും ടിൻ വ്യവസായത്തെയും സംബന്ധിച്ചുള്ളതാണ്. മലായിലെ വനസ്സമ്പത്തിനെപ്പററിയും പക്ഷിമൃഗാദികളെക്കുറിച്ചുമുള്ള ഉരംഗാലറി വിജ്ഞാനപ്രദമാണ്. മറെറാരുഭാഗത്തു വിലപിടിച്ച മനോഹരമായ ഒരു കട്ടിൽ—ആനക്കൊമ്പിൽ പണിതീർത്തു സ്വർണ്ണത്തകിടുകൾ പതിച്ചു രത്നഖചിതമായ ഒരു വിചിത്രവസ്തു—അതിവിശേഷമായ പച്ച വില്ലീസുകൊണ്ടു് നിർമ്മിച്ച മൃദുലമായ ഒരു കിടക്കയുമുണ്ടു്.

മറെറാരിടത്തു ആനക്കൊമ്പുകൊണ്ടു് ആകർഷണീയമായി പണിചെയ്ത ഒരു മേശ വിളങ്ങുന്നുണ്ടു്. പണ്ടുകാലത്തെ സുൽത്താന്മാരുടെ കിടപ്പറയിലെ വസ്തുക്കളായിരുന്നുവത്രെ അവ.

കോലാലമ്പൂരിൽനിന്നു കഷ്ടിച്ചു 8 നാഴികയകലെ, തരിശായിക്കിടന്നിരുന്ന 400 ഏക്കർ സ്ഥലം ഇന്നു് പുതുമയുടേയും പുരോഗതിയുടേയും ഉൽക്കർഷത്തിന്റെയും ചിഹ്നമായി മാറിക്കഴിഞ്ഞിരിക്കയാണ്. നവംനവങ്ങളായ നിരവധി കൊച്ചു വീടുകളാലും, വീതിവിസ്താരമുള്ള നിരത്തുകളാലും ആകർഷകങ്ങളായ ഷോപ്പിങ്ങ് സെൻററുകളാലും മനോഹരങ്ങളായ പാർക്കുകളാലും ഈ പ്രദേശം ഒരു കൊച്ചു സ്വർഗ്ഗമായി മാറിയിരിക്കുന്നു. ‘‘പെററാലിങ്ങ് ജയ’’യാണിതു്. ഒരാധുനികനഗരത്തിന്റെ കൊച്ചുപതിപ്പാണ് പെററാലിങ്ങ് ജയ.

ഇതിൻെറ തൊട്ടടുത്തായി മലായി യൂണിവേർസിററിയും യൂണിവേർസിററി പള്ളിയും സ്ഥിതിചെയ്യുന്നു. കൂററൻ കെട്ടിടങ്ങളുള്ള യൂണിവേർസിററിക്ക് 700 ഏക്കറോളം വിസ്താരമുണ്ട്. സ്വർണ്ണം പൂശിയ താഴികക്കുടങ്ങളോടുകൂടിയ ഒരു കലാസൃഷ്ടിയാണ് യൂണിവേർസിററി പള്ളി.

ഭാഗ്യംകൊണ്ടാണ് പ്രസിദ്ധമായ "തൈപ്പൂസാൻ" ഉത്സവത്തിൽ പങ്കെടുക്കുവാൻ എനിക്കു സാധിച്ചതു്. ഇവിടത്തെ തമിഴരുടെ ഏററവും പ്രധാനമായ ഈ ഉത്സവം നഗരത്തിൽ നിന്നു 8 നാഴിക അകലെയുള്ള ബാട്ടുഗുഹകളിലെ ക്ഷേത്രത്തിൽ വെച്ചാണ് ആഘോഷിക്കുന്നതു്.

ഏതാണ്ട് 250 അടി ഉയരമുള്ള ഒരു കുന്നുമുഴവനും പുഷ്പിക്കുന്ന വൃക്ഷലതാദികൾകൊണ്ടു പുതപ്പിച്ചിരിക്കുകയാണ്. എവിടെയും ഭംഗിയുള്ള പൂക്കൾ. വെള്ള, ചുവപ്പ്, നീല, റോസ്, മഞ്ഞ, വിവിധവർണ്ണങ്ങൾ. കുന്നിൻെറ അഗ്രത്തിൽ ഒരു ഊക്കൻ ക്ഷേത്രം. അതിൻെറ ശിഖരം ഉരുണ്ടു നേത്തു ആകാശത്തിലേക്കു ഉയരുന്നു. അടുത്തുതന്നെ ഉയരമുള്ള ഒരു കൊടിമരം. കപ്പലിലെ കൊടിമരംപോലെതന്നെ. സ്വർണ്ണത്തകിടടിച്ച ക്ഷേത്രശിഖരത്തിൽ സൂര്യരശ്മി തട്ടിയുള്ള പ്രകാശം. കണ്ണുമഞ്ഞളിച്ചുപോയി. എല്ലാ ഭാഗത്തുകൂടെയും കുന്നിലേക്കു കയറാം. ചവിട്ടുപടികൾ മുകളിലേക്കു പോകുകയാണ്. ഇരുഭാഗത്തും ഉയരം കുറഞ്ഞ മതിലുകളുണ്ട്. മതിലുകളും പടികളും വെള്ളയടിച്ചവയാണ്.

ഞങ്ങൾ എഴുന്നേററു മെല്ലെ മുകളിലേക്കുള്ള നടകൾ കയറി ക്ഷേത്രമുററത്തെത്തി. ക്ഷേത്രത്തിനകം, നീലവിളക്കുകൾ കൊളുത്തിയിരുന്നതിനാൽ പ്രകാശമാനമായിരുന്നു. കരിങ്കൽ ഭിത്തികളിലും മരംകൊണ്ടുള്ള കതകുകളിലും കൊത്തുപണികൾ ഉണ്ടായിരുന്നു.

ആയിരക്കണക്കിൽ ഭക്തന്മാർ തിങ്ങിക്കൂടുന്ന ഈ ഉത്സവം പ്രധാനമന്ത്രി തുങ്കു അബ്ദുൾറഹിമാൻെറ സാന്നിദ്ധ്യത്തിലാണ് ആഘോഷിച്ചതു്. ഒരു റോയൽ ഹെലികോപ്ററിൽ വന്നിറ

ങ്ങിയ അദ്ദേഹത്തേയും ഇതരമന്ത്രിമാരെയും ക്ഷേത്രഭാരവാഹികാം സ്വീകരിച്ചതു വളരെ് ആഘോഷത്തോടുകൂടിയായിരുന്നു.

മുസ്ലീംകാംക്ക മക്കയും ജപ്പാൻകാക്ക ഫൂജിയാമയും മംഗോളിയക്കാക്ക ബോഗ്ദാദാലയുമെന്നപോലെ ഒരു വിശുദ്ധ കേന്ദ്രമാണ് മലേഷ്യൻ തമിഴക്ക ബാട്ടുഗുഹകളെന്ന് അദ്ദേഹം തൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി.

മലേഷ്യൻ പാർലിമെൻറ്മന്ദിരം ഹരിതവൎണ്ണമേട്ടകളാൽ ചുററപ്പെട്ട ഒരുയൎന്ന പ്രദേശത്തു സ്ഥിതിചെയ്യുന്നു. ഈ കൂററൻ മണിമാളികയുടെ മാർബിാം ഭിത്തികളും, മകുടങ്ങളും, വൎണ്ണസ്പടിക ജാലകങ്ങളും ഇളംപച്ചനിറമുള്ള തടാകജലത്തിൽ ഉച്ചവെയിലിൽ പ്രതിഫലിക്കുന്നതു വിസ്മയാവഹമായ ഒരു കാഴ്ചയത്രെ.

മലയക്കാരുടെ അളവററ ഐശ്വര്യത്തിന്നും പ്രതാപത്തിന്നും, സൌന്ദര്യബോധത്തിന്നും ഇതു സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും, നമ്മുടെ പാർലിമെൻറ് മന്ദിരത്തിന്നുള്ള ഗാംഭീര്യവും അന്തസ്സും ഇതിന്നുണ്ടോയ്യെന്നു സംശയമാണ്.

ഇതിന്നകത്തുവെച്ച പാർലിമെൻറ് സമ്മേളനം നടക്കുന്നതു് വീക്ഷിക്കുവാനുള്ള ഭാഗ്യം എനിക്കു് അവിചാരിതമായാണ് ലഭിച്ചതു്. അന്നേദിവസം പാർലിമെൻറ് സമ്മേളിക്കുന്നുണ്ടെന്നു് ഞാൻ കരുതിയിരുന്നതല്ല. വെറുതെ ആ വെണ്ണക്കൽ കൊട്ടാരം ഒന്നു കാണുവാൻ മാത്രമായാണ് ഞാൻ അവിടേക്കു ചെന്നതു്. എത്തിയപ്പോഴാണ് അറിഞ്ഞതു്, അന്നു് സെഷൻ ഉണ്ടെന്നും വൈകുന്നേരം 6½ മണിവരെ അതു് നീണ്ടുനില്ക്കുമെന്നും. ഞാൻ വാച്ചിൽ നോക്കി, സമയം 5 മണി.

ഉടനെത്തന്നെ സ്വീകരണമുറിയിൽ ചെന്നു, അതിന്നുള്ളിലേക്കു പ്രവേശിക്കുവാനുള്ള അനുവാദം ആവശ്യപ്പെട്ടു. ഒരു ചീനക്കാരനായ ഉദ്യോഗസ്ഥനായിരുന്നു സ്വീകരണഉദ്യോഗസ്ഥൻ.

അദ്ദേഹം എന്നെ ആകപ്പാടെ ഒന്നു വീക്ഷിച്ചു. മലയൻ പാർലിമെൻറ്ഹോളിലേക്കു കടക്കണമെങ്കിൽ, ഒന്നുകിൽ ഫുാം

സ്യൂട്ടിലോ അല്ലെങ്കിൽ ദേശീയവേഷത്തിലോ ആവണമെന്നു് ഒരു നിയമമുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ഞാൻ അപ്പോഠം വെറും ഒരു സ്ലാക്കും ട്രൌസറും മാത്രമെ ധരിച്ചിട്ടുണ്ടായിരുന്നുള്ളു.

ഇതു് കേട്ടപ്പോഠം എനിക്കു തികഞ്ഞ നിരാശയാണുണ്ടായതു്. കാരണം, അവിടെനിന്നു ഞാൻ താമസിക്കുന്ന ഹോട്ടലിലേക്കു ടാക്സി ലഭിക്കുക പെട്ടെന്നു് സാദ്ധ്യമല്ല. അപ്പോഠംതന്നെ ടാക്സി ലഭിച്ചില്ലെങ്കിൽ ഹോട്ടലിൽ പോയി ഡ്രസ്സ്ചെയ്തു മടങ്ങിയെത്താനും വിഷമമാണു്. എനിക്കാണെങ്കിൽ പിറേറദിവസം ക്വോലാലമ്പൂർ വിടേണ്ടതുമുണ്ടു്.

ഞാനുടനെ, ആ ഉദ്യോഗസ്ഥന്നരികിലേക്കുചെന്നു് സംഗതികഠം വിവരിച്ചുകൊടുത്തു. ഒരുപക്ഷെ ഇന്നു് ഇതിന്നു സൌകര്യപ്പെട്ടില്ലെങ്കിൽ എൻെറ ജീവിതത്തിൽ ഇനിയൊരിക്കലും മലയൻ പാർലിമെൻറ് കാണാൻ കഴിയില്ലെന്നു് പറഞ്ഞപ്പോഠം, നല്ലവനായ ആ ഉദ്യോഗസ്ഥൻ, തൻെറ മുമ്പിലുള്ള പുസ്തകങ്ങഠം മടക്കി, തൻെറകൂടെ വരുവാൻ പറഞ്ഞു. എന്നെ അദ്ദേഹത്തിൻെറ കാറിൽ കയററി, ഞാൻ താമസിക്കുന്ന ഹോട്ടലിൽ വന്നു ഡ്രസ്സ്ചെയ്യിച്ചു, മടങ്ങി പാർലിമെൻറ് നടക്കുന്നതുകാണുവാനുള്ള ഭാഗ്യമുണ്ടാക്കിത്തന്നു.

പാർലിമെൻറ്മന്ദിരത്തിന്നടുത്തായി സ്ഥിതിചെയ്യുന്ന ഒരുദ്യാനമാണു് ലെയ്ക്ക്ഗാർഡൻസ്. ഇതിന്നു പ്രകൃതിദത്തമായ ഒരു മനോഹാരിതയുണ്ടു്. തലക്കു ലഹരിപിടിപ്പിക്കുന്ന, കണ്ണഞ്ചിപ്പിക്കുന്ന ഒരു പൂങ്കാവനമാണിതു്. ഇതിന്നുചുററിലുമായി ഒഴുകുന്ന ചെറിയ നദികഠംക്കു കുറുകെയിട്ടിരിക്കുന്ന ബെഞ്ചിൻെറ ഇരുഭാഗത്തും പൂമണം പകരുന്ന വള്ളികഠം കയറിപ്പററിയിട്ടുണ്ടു്.

ഒരരുവി, അതിൻെറ മുകളിൽ മനോഹരമായ ഒരു മരപ്പാലം, പാലത്തിൻെറ അടിവേലിയിൽ പലതരം പൂക്കഠം വിടർത്തുന്ന ലതകഠം, കേറിപ്പടർന്നുകിടക്കുന്നു. നോക്കുന്നേടത്തെല്ലാം പൂക്കഠം. പ്രകൃതിസൌന്ദര്യം നുകർന്നു മറന്നു് അവിടെയെല്ലാം

KOTTAYAM PUBLIC LIBRARY CHILDREN'S LIBRARY

ഒരു മുഴുഭ്രാന്തനെപ്പോലെ ഞാൻ അലഞ്ഞുനടന്നു. അതിന്നപ്പുറം വിസ്താരമുള്ള പുൽമെത്ത, ചെടികൾ, ജലധാരായന്ത്രങ്ങൾ, ചെറിയ കുററിക്കാട്ടുകൾ, നടപ്പാതകൾ. ആയിരക്കണക്കിന്നു സ്ത്രീപുരുഷന്മാരെക്കാണാം അവിടെ. അവർ നടക്കുന്നു, ഇരിക്കുന്നു, സംസാരിക്കുന്നു, കിടക്കുന്നു, ഫോട്ടോയെടുക്കുന്നു. പുഷ്പിക്കുന്ന ചെടികൾകൊണ്ടും ലതകൾകൊണ്ടും നിബിഡമായ ഒട്ടേറെ രമ്യഹർമ്മ്യങ്ങളുണ്ടിവിടെ. അവയുടെ തണലിൽ പ്രേമപ്രകടനങ്ങൾ ഇടതടവില്ലാതെ നടന്നുകൊണ്ടിരുന്നു.

തലയിൽ കിളിക്കൂട്ടുകളണിഞ്ഞ, ചുണ്ടത്തു് നേർവരമീശകളണിഞ്ഞ തേനൊലിപ്പൂവാലന്മാർ, ചെന്തൊണ്ടിവായ്മലരുകൾ, സുന്ദരക്കുട്ടന്മാർ, മൂരിക്കുട്ടന്മാർ ഇവരുടെ ഒരു ബഹളമാണവിടെ.

നഗരമദ്ധ്യത്തിൽനിന്നു 10 നാഴികയോളം അകലെ അനേകം ഏക്കർ വിസ്താരമുള്ള വലിയ ഒരു കാട്ടുപ്രദേശത്താണു് മൃഗശാല സ്ഥിതിചെയ്യുന്നതു്. മലേഷ്യയിലെ എല്ലാ നാട്ടുവൃക്ഷങ്ങളും കാട്ടുവൃക്ഷങ്ങളും ഇവിടെ തഴച്ചുവളരുന്നു. ചുററും റബ്ബർ എസ്റ്റേററുകളുമുണ്ടു്. പല വർണ്ണത്തിലുള്ള മത്സ്യങ്ങൾ, ആകൃതിയിലും പ്രകൃതിയിലും വൈവിധ്യത്തിന്നു വേണ്ടത്ര വില കല്പിച്ചിട്ടുണ്ടു്. വെള്ളം നിറച്ച വലിയ ചില്ലുപെട്ടികളിലാണിവയെ ഇട്ടിരിക്കുന്നതു്.

ചുററും ഉയൎന്ന കമ്പിവേലി. അതിന്നുള്ളിൽ ഒരു കൃത്രിമവനം. അവിടെയാണു് സിംഹം, പുലി, മുതലായ വന്യമൃഗങ്ങളെ താമസിപ്പിച്ചിരിക്കുന്നതു്. കമ്പിവേലിക്കുചുററും നടക്കുവാൻ നടപ്പാതകളുമുണ്ടു്. മറെറാരു ഭാഗത്തു് ഒരു ചെറിയ തടാകം — കളിവഞ്ചിയിൽ കയറി വിനോദയാത്ര ചെയ്യാൻ സൗകര്യമുണ്ടു്.

ചുററും പുഷ്പിക്കുന്ന ചെടികളും മരങ്ങളും. അങ്ങിനെ കാട്ടും നാട്ടും കൂടിച്ചേരുന്ന ഈ ഉദ്യാനത്തിൽ ധാരാളം സുഖസൌകര്യങ്ങളുണ്ടു്, സമയംപോക്കുവാൻ.

സന്ദൎശകന്മാർ കുറവല്ല. എട്ടുപത്തു് അംഗങ്ങളുള്ള കുടുംബങ്ങൾ, സ്കൂൾകുട്ടികൾ, നവദമ്പതികൾ, സൌകര്യമായി മുട്ടിയുരുമ്മിയിരുന്നു വൎത്തമാനം പറഞ്ഞു രസിക്കുവാൻ വന്നിട്ടുള്ള കാമുകീകാമുകന്മാർ — എല്ലാംകൊണ്ടും രസകരമായ ഒരു പ്രദേശമാണിതു്.

ഇവിടത്തെ പ്രധാന പലഹാരം മാവു് നീളത്തിൽ വേവിച്ചെടുത്തു്, അതിൽ ഇറച്ചി, മത്സ്യം, മുട്ട, പച്ചക്കറികൾ മുതലായവ ചേൎത്തുണ്ടാക്കുന്ന "മീർഗേരജ്" ആണു്. നമുക്കതിൽ വലിയ രുചി തോന്നുകയില്ലെങ്കിലും മലയക്കാരുടേയും ചീനക്കാരുടേയും ഒരു മുഖ്യാഹാരമാണിതു്. ഉന്തുവണ്ടികളിലും മോട്ടോർ സൈക്കിളുകളിലും സൈക്കിൾറിക്ഷകളിലും ചെറിയ ചെറിയ പലഹാരക്കടകൾ നിരത്തിലൂടെ നീങ്ങുന്നതുകണ്ടാൽ ഇതെല്ലാം ആരു തിന്നുതീൎക്കാനാണു് എന്നു് നാം സംശയിച്ചുപോകും.

# കാമറോൺ കുന്നുകളിലേക്ക്

കോലാലംപൂരിലെ ആറു ദിവസത്തെ താമസത്തിന്നു ശേഷം ഞാൻ പോയതു് ഒരു സുഖവാസസ്ഥലമായ കാമറോൺ കുന്നുകളിലേക്കാണ്. 250 നാഴികയോളംവരുന്ന ഈ യാത്ര ഒരു ടാക്സികാറിലായിരുന്നു.

പല നിലക്കും അവിസ്മരണീയമായിരുന്നു ഈ യാത്ര. ഒന്നാമതു് ഏററവും പുതിയ മെർസിഡസ് ബെൻസ് കാറിൽ റേഡിയോസംഗീതം ആസ്വദിച്ചുകൊണ്ടുള്ള പോക്ക്. രണ്ടാമതു് ടാക്സിഡ്രൈവർ ഹിയോചൂമിൻെറ സക്സ്സ്സ് ഡ്രൈവിങ്ങ്. വേഗത കുറക്കുവാനായി എത്രതന്നെ താണുകേണപേക്ഷിച്ചിട്ടും അവൻ യാതൊരു ഭാവഭേദവുംകൂടാതെ തൻെറ പറക്കൽ തുടന്നു. 100 K. M. വേഗത്തിൽ ഒരു കുന്നിൻെറ മുകളിലേക്കു വണ്ടി കുതിച്ചുകൊണ്ടിരിക്കുമ്പോഠം ഞാൻ കണ്ണുമടച്ചിരുന്നു ചിന്തിച്ചു, ഒരുപക്ഷെ അടുത്ത ഇറക്കത്തിന്നു് ആയാഠം വേഗംകുറച്ചേക്കാനിടയുണ്ടെന്നു്. കാമറോണിലേക്കുള്ള വഴിയുടെ ഇരുവശവുമുണ്ടായിരുന്ന നയനാനന്ദകരമായ കാഴ്ചകഠം നോക്കി, ഇറക്കമൊവുമ്പോഴേക്കു് അവൻെറ സ്പീഡോമീററർ ഇഴഞ്ഞിഴഞ്ഞു 120 K. M. ലേക്കു കയറുന്നതു കാണാം. എതിർവശത്തുനിന്നു് ഏതാണ്ടിതേസ്പീഡിൽ പറന്നെത്തുന്ന ഒരു വണ്ടി ഞങ്ങളുടെ ടാക്സിയുമായി കൂട്ടിമുട്ടാൻപോകുന്നു എന്നാകുമ്പോഠം ഹിയോചു എല്ലാം മറന്നപോലെ ഒരിളിഭ്യൻചിരി ചിരിക്കും.

പക്ഷെ എൻെറ അസ്വാസ്ഥ്യം ഞാൻ പുറമേക്കു കാണിക്കുവാൻ ധൈര്യപ്പെട്ടില്ല. അതിന്നു കാരണം കാറിലെ എൻെറ കൂട്ടുകാരായിരുന്നു. എൻെറകൂടെ യാത്രചെയ്തിരുന്നവർ ചീനപ്പെൺകിടാങ്ങളായിരുന്നു. അതിവേഗതയിൽ മുമ്പോട്ടുപായുന്ന കാറിൽ, മുട്ടിനുമേല്പോട്ടുപൊങ്ങിയ ഫ്രോക്കുകഠം ധരിച്ചു് മാറിട

ത്തിൻെറ മുക്കാൽഭാഗവും തുറന്നിട്ട ജാക്കററും ധരിച്ച് യാതൊരു ക്ലേശവും കൂടാതെ എന്നെ തൊട്ടുരുമ്മി ഇരുവശവുമിരുന്ന, അവരുടെ ചങ്കുറം കണ്ടപ്പോഠം, കാറിൻെറ വേഗതയോടൊപ്പം തന്നെ എൻെറ മനസ്സും അമ്പരപ്പിലൂടെ പാറുകയായിരുന്നു.

മൂന്നുപേരിൽ ഒരാഠം 28 വയസ്സ് പ്രായമായ മീതോവായിരുന്നു. അവഠം മുമ്പിലെ സീററിൽ ഡ്രൈവറുടെ അടുത്താണിരുന്നിരുന്നതു്. എൻെറ ഇരുവശവുമിരുന്നിരുന്നവർ 22-ഉം 20-ം വയസ്സുള്ള കീയോവും ലൂകീയുമായിരുന്നു. ഇവരെല്ലാവരുംതന്നെ കാമറോൺ കുന്നുകളിലേക്കു സുഖവാസത്തിന്നു പോവുകയാണെന്നും, ഞാനുംകൂടി അവരോടൊപ്പം ചേരുന്നതിൽ ഇഷ്ടമേയുള്ളവെന്നും പറഞ്ഞപ്പോഠം, കാറിൻെറ മണിക്കൂറിൽ 130 സ്പീഡിലുള്ള ഓട്ടം എനിക്കു് അതിയായ ആശ്വാസം നല്കുന്നതുപോലെ അനുഭവപ്പെട്ടു. വാസ്തവത്തിൽ ഇപ്പോഴാണു് സ്ത്രീഹൃദയത്തിൻെറ ഒരിക്കലും സ്ഥിരതയില്ലാത്ത ഗതിവിഗതികഠം എന്നെ അത്ഭുതപ്പെടുത്തിയതു്. ചന്ദ്രനെപ്പോലെ അതിൻെറ ആകൃതി എപ്പോഴും മാറിക്കൊണ്ടേയിരിക്കും. ഏതു കാററിനും വളയുന്ന ഞാങ്കണയാണതു്. പക്ഷേ എത്ര വലിയ കൊടുങ്കാററിലും ഒടിയുകയില്ല. ആകാശത്തിലെ മിന്നൽക്കൊടിക്കു നക്ഷത്രത്തിൻെറ സ്ഥിരതയില്ലെന്നുള്ളതു് ഒരു യാഥാർത്ഥ്യമായി എനിക്കനുഭവപ്പെട്ടു. തീച്ച്യായും അവരോടൊത്തുള്ള ആ കാർയാത്ര ഗ്രീഷ്മത്തുവിലെ ചന്ദ്രികോജ്ജ്വലമായ ഒരു രാത്രിയിൽ പ്രേമവതിയായ ഒരു സുന്ദരിയുമൊന്നിച്ച ട്രെയ്നിൽ യാത്രചെയ്യുന്ന പരമാനന്ദമാണു് എന്നിലുളവാക്കിയതു്.

സമയം നാലുമണി കഴിഞ്ഞിട്ടേയുള്ളു. എന്തൊരു രാജകീയമായ സായാഹ്നം. 22 കാരററ് സ്വർണ്ണംപോലെയുള്ള മേഘവിരിപ്പുകഠം വിരിച്ച പശ്ചിമ ചക്രവാളത്തിൽ കാവ്യമനോഹരമായ ഒരു വര നീണ്ടിക്കൊണ്ടിരുന്നു. പ്രകൃതിഭംഗി ഏതെങ്കിലും പ്രകാരത്തിൽ ഒന്നനുഗ്രഹിക്കാത്ത ഗ്രാമമൂലകഠം ഇവിടെ കാണുകയില്ല. എന്നാൽ ആ ഗ്രാമപാർശ്വത്തിലെ പ്രകൃതി തീക

ച്ചം ഒരു പുതിയ സ്വൎഗ്ഗീയസ്വപ്നത്തിൻെറ പ്രതീതിയാണുളവാകുന്നതു്: ഞാൻ തരിച്ചുനിന്നുപോയി. ഗംഭീരങ്ങളായ കരിമ്പാറക്കുഞ്ഞുങ്ങളെ എളിയിൽചേൎത്തുപിടിച്ചുകൊണ്ടു് നില്ക്കുന്ന പച്ചമലകഠം, അവയുടെ ഇടയിൽക്കൂടി പളുങ്കുനീരൊഴുകുന്ന കാട്ടരുവി, പച്ചക്കാടുകളുടെ പൂങ്കവിളിൽ ചുംബിച്ചുകൊണ്ടു് ആ അരുവി പൊട്ടിച്ചിരിക്കുകയാണു്.

ദാരിദ്ര്യത്തോടു് പടവെട്ടാൻ തെയ്യാറായിനില്ക്കുന്ന കൃഷക കന്യകമാരുടെ കൈവിരലുകഠംപോലെയുള്ള ഇലകളോടുകൂടിയ തേയിലത്തോട്ടങ്ങഠം പച്ചക്കടൽമാതിരി അങ്ങിനെ പരന്നുകിടക്കുന്നു. ഇളംമഞ്ഞു് ഇറങ്ങിവരികയാണു്. മഞ്ഞിൽ നീരാടിയ പരന്ന പച്ചപ്പാടങ്ങളിൽ പോക്കുവെയിൽ പൊന്നുരുക്കിയൊഴിക്കുന്നു; മുത്തുപതിച്ച മരതകപ്പുരവതാനിയിൽ പൊൻകസവിഴകഠം തുന്നിച്ചേൎക്കുന്നതുപോലെ. വളക്കൂറുള്ളമണ്ണിൻെറ അസുഖകരമെങ്കിലും ആരോഗ്യദായകമായ ഗന്ധം നാസാദ്വാരങ്ങളിലേക്കു് തുളച്ചുകയറുന്നു. പീലിക്കുടകഠംപോലെയുള്ള തെങ്ങുകളും കൈവിശറികഠം നിവൎത്തിയതുപോലെയുള്ള വാഴത്തോപ്പുകളും ഇളംകാററിൽ നൃത്തംവെയ്ക്കുകയാണു്.

പെട്ടെന്നാണു് ആട്ടുകരയുന്നശബ്ദത്തിൽ കീയോ ഒന്നു ചുമച്ചതു്. ഞാൽ കണ്ണുമടച്ചു ദിവാസ്വപ്നം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. സംഗതിയന്വേഷിച്ചപ്പോഠം, അവൾക്കു് ഛൎദ്ദിവരുന്നുണ്ടെന്നും, ഉടനെ കാർ നിൎത്തണമെന്നും പറഞ്ഞു. ഹിയോച്ചു കാർ ഒരു സൈഡിലാക്കിനിൎത്തി.

അവളും പിന്നാലെ ഞാനും ഇറങ്ങി. തുടൎന്നുണ്ടായ അവളുടെ ഛൎദ്ദി, വാസ്തവത്തിൽ കണ്ടുകൊണ്ടുനിന്നിരുന്ന എനിക്കുംകൂടി ഒരു മനംപിരട്ടലുണ്ടാക്കി. എന്തെല്ലാമാണു് അവഠം ഛൎദ്ദിച്ചതെന്നതിന്നു യാതൊരു കണക്കുമില്ല. ഒരു പക്ഷേ പന്നിയുടെ വാലോ, 5 കൊല്ലം പഴക്കമുള്ള താറാവുമുട്ടയോ, സ്രാവിൻെറ ചിതമ്പൽകൊണ്ടുണ്ടാക്കിയ സൂപ്പോ ആയിരിക്കാം.

ഏതായാലും ഈ ചാട്ടി ഒരുകണക്കിന്നു നന്നായി. അവിട്ടുന്നങ്ങോട്ടു മലകാം കടക്കുന്നതുവരെ നമ്മുടെ ഡ്രൈവർ സാവധാനത്തിലായിരുന്നു കാർ ഡ്രൈവ് ചെയ്തതു്.

നമ്മുടെ ഊട്ടിയേയോ, കൊടൈക്കനാലിനെയോ ഓർമ്മിപ്പിക്കുന്ന ഈ സ്ഥലത്തു് ധാരാളം പാർക്കുകാം പല ഭാഗത്തായി കണ്ടു. ചായത്തോട്ടങ്ങളും വൃക്ഷത്തോപ്പുകളും വളരെ മനോഹരമാണു്. അനേകം ഏക്കർ വിസ്താരമുള്ള ഒരു വലിയ ഉദ്യാനം ഒററനിറം ഉപയോഗിച്ചു് ചിത്രരചന നടത്തുന്ന ഒരു കലാകാരനെപ്പോലെയോ, ഒരേമന്ത്രം ആവത്തിച്ചാവത്തിച്ചുരുവിട്ടു മയക്കത്തിന്നധീനമാക്കുന്ന ഒരു മന്ത്രവാദിയെപ്പോലെയോ ആണു് പ്രകൃതി ഇവിടെ പെരുമാറിയിരിക്കുന്നതു്.

കഠിനമായ തണുപ്പുകാലമായിരുന്നു. സൂര്യനസ്തമിച്ച ഉടനെത്തന്നെ മൂടൽമഞ്ഞു് ഇറങ്ങിവരികയായി. മാനത്തേക്കു് ഉയരുന്ന പുകയെ താഴത്തേക്കു് അമത്തിക്കൊണ്ടു് മൂടൽമഞ്ഞു് നഗരത്തിന്നുമീതെ കുടപിടിച്ചതുപോലെ പരന്നുനിന്നു. മൂക്കും കാതും ആകെ മരവിച്ചുപോകും. തെരുവുകളിൽ നടക്കുന്ന ആളുകളുടെ മൂക്കിൽനിന്നും വായിൽനിന്നും നേത്ത പുക പൊങ്ങുന്നതുപോലെ തോന്നി. മൂടൽമഞ്ഞിൽ അലിഞ്ഞുചേൎന്ന പുക കണ്ണിനെ ശല്യപ്പെടുത്തി. അങ്ങാടിയിലെ ഇലക്ട്രിക്ക് വിളക്കുകളുടെ പ്രകാശം പുകയേയും മൂടൽമഞ്ഞിനേയും കുത്തിത്തുളച്ചു ജനക്കൂട്ടത്തിന്നുമേൽ വെട്ടിത്തിളങ്ങി.

ഞങ്ങാം എംപ്രസ്സ് കുന്നിലെ ഗവമ്മണ്ടു് റെസ്റ്റ്ഹൗസിലായിരുന്നു റൂം വാടകക്കെടുത്തിരുന്നതു്. വാസ്തവത്തിൽ ആ റെസ്റ്റ് ഹൗസിൻെറ വരാന്തയിൽ കഴിച്ചുകൂട്ടിയ സായാഹ്നം എൻെറ സ്മരണയിൽനിന്നു ജീവിതത്തിലൊരിക്കലും മാഞ്ഞുപോകയില്ല. കാററിലുലയുന്ന ഉയൎന്ന പോപ്ലാർ മരങ്ങാം, ഉദ്യാനത്തിലെ ആപ്പിാംമരം, ഉരുകിയ മഞ്ഞിനെ വഹിച്ചുകൊണ്ടുള്ള മലഞ്ചോലയുടെ ഇരമ്പം, അസ്തമനസൂര്യൻെറ അന്ത്യകിരണങ്ങാം പതിഞ്ഞുശോഭിക്കുന്നു. ഉയൎന്ന പൎവ്വതശിഖരങ്ങാം, സൂര്യാസ്തമന

ത്തോടെ കൊഞ്ചും പ്രഭ ചിതറിക്കൊണ്ടു് ആകാശത്തിലേക്കു യന്ന അമ്പിളിക്കല—ആകപ്പാടെ കണ്ണും കരളും കവരുന്ന രംഗങ്ങാം!

മലയയിലെ ഏററവും പ്രധാനപ്പെട്ട ഒരു പഴമാണു് ദൂറിയാൻ. നല്ല ഓമനത്തമുള്ള ചെറിയ ചക്കപോലെയാണിതു്. പച്ചയും ചുകപ്പും ഒന്നിച്ചലിഞ്ഞുചേൻ്ന നിറത്തിലുള്ള ദൂറിയാൻ ധാരാളം വിററാമിനുകളടങ്ങിയതും, തേൻപോലെ മധുരമുള്ളതുമാണു്. പക്ഷെ കരിമ്പിന്നു കമ്പെന്നപോലെയാണു് ഇതിൽനിന്നു വമിക്കുന്ന ദുർഗ്ഗന്ധം. മലത്തിൻെറയെന്നപോലുള്ള വാസന, തിന്നു കഴിഞ്ഞാലും തേട്ടിത്തേട്ടിവരും. ചീനരും മലായിക്കാരും ഇതു് ധാരാളമായി ഭക്ഷിക്കും. ദൂറിയാൻ പഴത്തിൻെറ മറെറാരു പ്രത്യേകത, ഇതു് ധാരാളമായി കഴിച്ചാൽ ഗഭധാരണം വളരെയെളുപ്പത്തിൽ സംഭവിക്കുമെന്നുള്ളതാണു്. ഏതായാലും ഇതു് പരീക്ഷിക്കുവാനുള്ള സന്ദഭം എനിക്കുലഭിച്ചില്ലെങ്കിലും, ഒന്നു് വാസ്തവമാണു്; ദൂറിയാൻ പഴുക്കുന്ന കാലത്തു് ധാരാളം പ്രസവങ്ങാം സംഭവിക്കുന്നുവെന്നു്.

മലായത്തികാം ഇതുപയോഗിച്ചു പലഹാരങ്ങളും കേക്കുകളും ഉണ്ടാക്കുന്നു. വിററാമിനുകളുടെ ആധിക്യം മൂലം ഇതു് തുടച്ചയായി ഉപയോഗിച്ചാൽ ശരീരത്തിൻെറ താപനില ക്രമാതീതമായി വദ്ധിക്കുന്നതാണു്. ദൂറിയാൻ തിന്നുകഴിഞ്ഞാൽ ലഹരി പദാത്ഥങ്ങാം ഉപയോഗിക്കുവാൻ പാടില്ലത്രെ. കാരണം രണ്ടിലേയും ചൂടു് ഒന്നിച്ചായാൽ അതു് മരണത്തിലായിരിക്കും അവസാനിക്കുക.

പക്ഷെ ഇതിന്നൊരു മറുമരുന്നുകൂടിയുണ്ടു്. ദൂറിയാനുണ്ടാവുന്ന സീസണിൽതന്നെ ''മാങ്കോസ്റ്റീം'' എന്നൊരു പഴംകൂടിയുണ്ടാവുന്നു. രണ്ടു് പഴങ്ങളും 3:1 എന്ന ക്രമത്തിൽ കഴിക്കുകയാണെങ്കിൽ ഒന്നിലുള്ള ചൂടു് മറേറതിലുള്ള തണുപ്പിനാൽ ശാന്തമാവുമത്രെ.

നേന്ത്രപ്പഴം ധാരാളമുണ്ടാവുന്ന ഒരു രാജ്യമാണ് മലയ. വണ്ണത്തിലും നീളത്തിലും നമ്മുടേതിനേക്കാൾ വലുതായ ഇവിടത്തെ നേന്ത്രക്കായ രുചിയിൽ നമ്മെ കവച്ച്‌വെക്കുമോയെന്നു് സംശയമാണു്. പഴംപൊരിച്ചതു് അതായതു് നേന്ത്രക്കായ നീളത്തിൽ പാളികളായി ചെത്തി, മാവുപുരട്ടി എണ്ണയിൽ പൊരിച്ചുണ്ടാക്കുന്ന പലഹാരം ഇവിടങ്ങളിലെ മിക്ക ഹോട്ടലുകളിലും കാണാം.



സുന്ദരമായ അരജ്ഞേയി പട്ടണം വെള്ളത്തിന്നടിയിൽ



അലോർസ്റ്റാറിലെ ഒരു പ്രധാന തെരുവ്



സിംഗപ്പൂരിലെ പ്രസിദ്ധമായ "ടൈഗർബാം" ഗാർഡൻ

# സുന്ദരമായ തായ്ലാണ്ട്

കാമറോൺ കുന്നുകളിലെ മൂന്നു ദിവസത്തെ താമസത്തിന്നു ശേഷം ഞാൻ അലോർസ്റ്റാറിലേക്കു തിരിച്ചുവരികയും അവിടെ നിന്നു തായ്ലാണ്ട് സന്ദർശനം ആരംഭിക്കുകയും ചെയ്തു. തായ് ലാണ്ട് സന്ദർശിക്കണമെന്നുള്ള എൻെറ അഭിലാഷം മററു ചില കാരണങ്ങളാൽ ഉപേക്ഷിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും, അലോർസ്റ്റാറിൽനിന്നു പരിചയപ്പെട്ട ഒരു മലയൻ സ്നേഹിത ൻെറകൂടെ അദ്ദേഹത്തിൻെറ കാറിൽ അങ്ങോട്ടേക്കു പുറപ്പെ ടുകതന്നെ ചെയ്തു.

ഒരു ഇമിഗ്രേഷൻ ഓഫീസ്സറാണ് ഈ സ്നേഹിതൻ. പേര് അബ്ദുറസ്സാക്ക്. ചെറുപ്പക്കാരനും, തൻേറടമുള്ളവനും, എങ്ങി നെ ആനന്ദിക്കാം എന്നു അനുഭവത്തിലൂടെ പഠിച്ചവനുമാണി ദ്ദേഹം. അതുകൊണ്ടുതന്നെയാണ് വിസയും മററു കടലാസ്സു കളുമൊന്നുമില്ലാതിരുന്ന എന്നോടു തൻെറ കൂടെ ധൈര്യമായി പുറപ്പെടുവാൻ അദ്ദേഹം പറഞ്ഞതും.

4 ദിവസം മാത്രമേ നീണ്ടുനിന്നുള്ള ആ യാത്ര. അതിന്നിട യിൽ ആ സുന്ദരമായനാട് തികച്ചും കണ്ടാസ്വദിക്കുവാൻ കഴി ഞ്ഞുവെന്നു അവകാശപ്പെടാൻ നിവൃത്തിയില്ല. തായ്കളെയും അവരുടെ ജീവിതരീതികളേയും, അവരുടെ നാട്ടിനെയും കുറിച്ചു വല്ലതും പറയണമെങ്കിൽ ഏററവും ചുരുങ്ങിയതു് മൂന്നാഴ്ചക്കാലം തായ്ലണ്ടിൽ താമസിക്കണമെന്നാണ് ഞാൻ കരുതുന്നതു്. വാസ്തവത്തിൽ എന്നെസ്സംബന്ധിച്ചേടത്തോളമുണ്ടായതു് അപ്ര തീക്ഷിതമായ ഒരു യാത്രയും, സ്വപ്നത്തിലെന്നതുപോലുള്ള ഒരാ സ്വാദനവുമായിരുന്നു.

ആ കിഴക്കൻ പാരീസിനെ സംബന്ധിച്ചു, അമേരിക്കൻ പട്ടാളക്കാരുടെ ആ ഒഴിവുകാല കേന്ദ്രത്തെക്കുറിച്ചു ഞാൻ

ധാരാളം കേട്ടിരുന്നു. പുരുഷന്മാരും സ്ത്രീകളും ചിരിയും ചിന്തയും ഒരുമിക്കുന്ന ആ സ്ഥലം സന്ദർശിക്കണമെന്നതു് എൻെറ ഒരു ചിരകാലാഭിലാഷവുമായിരുന്നു.

ബർമ്മയോടും ഇന്തോചീനയോടും തൊട്ടുകിടക്കുന്ന ഈ സാമ്രാജ്യത്തെ സയാം എന്നുവിളിക്കുന്നു. മലയാളഉപദ്വീപി ലാണു് ഇതിൻെറ പ്രധാനഭാഗം. പടിഞ്ഞാറുവശത്തു ബർമ്മ യെയും സയാമിനേയും വേർതിരിച്ചുകൊണ്ടു് ഒരു പർവ്വതനിര നീണ്ടുകിടക്കുന്നു. ഈ പർവ്വതത്തിൻെറ ചെരിവിലുള്ള വനങ്ങ ളിൽ തേക്കും താഴ്വരകളിൽ റബ്ബറും സമൃദ്ധിയായി വളരുന്നു. വെളുത്തീയം, ടങ്ങ്സ്റ്റൺ, കറുത്തീയം, കൽക്കരി എന്നിവ ഖനനം ചെയ്യുന്നുമുണ്ടു്. മദ്ധ്യഭാഗത്തുള്ള സമതലങ്ങളിൽ നെ ല്ലാണു് പ്രധാന കൃഷിയെങ്കിലും തീരപ്രദേശങ്ങളിൽ തെങ്ങും പുകയിലയും കൃഷിചെയ്യുന്നതു് കാണാമായിരുന്നു. തായ്‌ലാണ്ടി ലെ മററുല്പന്നങ്ങറം പരുത്തി, കുരുമുളകു്, സുഗന്ധദ്രവ്യങ്ങറം എന്നിവയാണു്.

ബുദ്ധമതമാണു് സയാമിൽ കൂടുതൽ പ്രചരിച്ചിട്ടുള്ളതു്. മഞ്ഞത്തുണിയുടുത്ത ബുദ്ധസന്യാസികളെ എവിടേയും കാണാൻ കഴിയും. ചീനർ, മലയർ, അന്നാമികറം, കംബോഡിയർ തുട ങ്ങിയ പല വർഗ്ഗക്കാരേയും ഇവിടെ കാണാം. ഭൂരിഭാഗവും സയാമികളാണു്.

11-ാം ശതകത്തിൽ തായ്‌ലാണ്ടിൻെറ ഒരുഭാഗം ഖെമർ സാമ്രാജ്യത്തിൻെറ വകയായി. 13-ാം ശതകത്തിൽ ഇവരെ പുറ ന്തള്ളിക്കൊണ്ടു് ഒരു പുതിയ തായ്‌രാജവംശം അയോദ്ധ്യ കേന്ദ്ര മാക്കി ഒരു സാമ്രാജ്യം സ്ഥാപിച്ചു. 16-ാം ശതകത്തിൽ പോർട്ടു ഗീസ് മിഷനറിമാരും കച്ചവടക്കാരും സയാമിലെത്തി. തുടർന്നു മററു പാശ്ചാത്യശക്തികളും കോളനിസ്ഥാപിക്കാൻ വന്നെത്തി. എന്നാൽ ഒരു പരിധിവരെ സ്വാതന്ത്ര്യം നിലനിത്തുവാൻ സയാ മിന്നു കഴിഞ്ഞു. 19-ാം ശതകത്തോടെ ഉണ്ടായ ഫ്രഞ്ചു്-ഇംഗ്ലീ ഷ് ആധിപത്യമത്സരത്തിൽ ബ്രിട്ടൻെറ ഭാഗം പിടിച്ചതുകൊ ണ്ടാണു് സ്വാതന്ത്ര്യത്തിൻെറ പേരെങ്കിലും നിലനിറുത്താൻ സയാ

മികാംക്കു് കഴിഞ്ഞതു്. ലാവോസ്, കംബോഡിയാ മുതലായ പ്രദേശങ്ങാം തായ്‌ലാണ്ടിന്ന് നഷ്ടപ്പെട്ടതിന്നുപുറമെ ബ്രിട്ടന്റെ ഉപദേഷ്ടാക്കളെ രാജധാനിയിൽ കുടിയിരുത്തേണ്ടതായും വന്നതാണു്, അവക്കേററ ഏററവും വലിയ പ്രഹരം.

1272–ൽ സ്ഥാപിതമായ ചക്രരാജവംശം ഇന്നും അധികാരത്തിലിരിക്കുന്നു. അവർ സാമൂഹ്യസാമ്പത്തിക പരിഷ്കാരങ്ങാം ഏപ്പെടുത്തി. 1932 വരെ സയാമിൽ രാജാവിന്റെ ഏകാധിപത്യമാണു് നിലവിലിരുന്നതു്. എന്നാൽ രാഷ്ട്രീയ നവോത്ഥാനത്തെത്തുടന്നു് ഒരു ഭരണഘടനയുണ്ടാക്കുവാൻ രാജാവു് നിബ്ബന്ധിതനായി.

1938–ൽ സൈന്യമേധാവിയായ ജനറൽ ഫിബൺ സോംക്രാം അനന്തരരാജാവിന്റെ കീഴിൽ ശക്തിയാജ്ജിച്ച ജനായത്തഭരണസമ്പ്രദായത്തെ തള്ളിനീക്കി. 1944–ൽ ഇദ്ദേഹത്തെ പുറംതള്ളിയെങ്കിലും മൂന്നുവഷത്തിന്നുശേഷം വീണ്ടും അധികാരത്തിൽ വന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ തായ്‌ലാണ്ടു് ജപ്പാന്റെ ചേരിയിലായിരുന്നു.

1950–ൽ ഇന്നത്തെ രാജാവായ ഫൂമിഫോൺ അധികാരമേറെറടുത്തു. തായ്‌ലാണ്ടിന്റെ വിസ്തീണ്ണം 19,830 ച. നാഴികയും ജനസംഖ്യ 1,75,18,000 വുമാണു്.

ജാപ്പാന്റെ ഏററവും പുതിയ കാറാണു് ടൊയോട്ട. നാലാളുകാംക്കു് സുഖമായി സവാരി ചെയ്യാവുന്ന ഈ കാറിന്നു പെട്രോാംചിലവു കുറയുമെന്നതിന്നുപുറമെ, വെള്ളം ഒഴിച്ചുകൊടുക്കേണ്ട ആവശ്യവുമില്ല. വിലയാണെങ്കിൽ വളരെ കുറവാണെന്നും. ലോകത്തിലെ കൊമ്പന്മാരായ കാർനിമ്മാതാക്കളെ പരാജയപ്പെടുത്തിക്കൊണ്ടു് അതിവേഗത്തിൽ മാക്കററു പിടിച്ചുകൊണ്ടിരിക്കുന്ന ടൊയോട്ടോവിൽ 450–ൽപരം നാഴിക നീണ്ടുനിന്ന ആ തായ്‌ലാണ്ടു് പര്യടനം ഏതുകാലത്തും എന്റെ ഹൃദയത്തിൽ പച്ചപിടിച്ചുനില്ക്കും.

അലോർസ്റ്റാറിൽനിന്നു ഞങ്ങരം നേരെപോയതു് 42 നാഴി കദ്ദൂരത്തുള്ള ''പാടമുസാർ'' എന്ന മലയൻ അതിത്തിയിലേക്കാണു്. ഇവിടെ ഒരു ചെറിയ റെയിൽവെസ്റ്റേഷനുണ്ടു്. ഇതാണു് മലയയുടെ അതിത്തി. ഇവിടെനിന്നങ്ങോട്ടു ''ബുക്കിങ്ങ് സയാം'' എന്ന ഗ്രാമമാണു്.

തായ്‌ലാണ്ടു് ആരംഭിക്കുന്നതു് ഇവിടംമുതല്ക്കാണു്. ചുററുപാടും കാടുകരം നിറഞ്ഞ ജനവാസമധികമില്ലാത്ത ഒരു കുഗ്രാമം എന്നു് ഇതിനെ വിളിക്കാം. ഞാനിത്രയും പറഞ്ഞുകൊണ്ടു വരുന്നതിൻെറ പിന്നിൽ ഒരു സംഗതിയുണ്ടു്.

സയാം എന്താണെന്നതിൻെറയും അവിടെ ഏതുവിധത്തിലുള്ള സ്വൎഗ്ഗമാണു്, ആനന്ദമാണു് നിങ്ങരംക്കു് ആസ്വദിക്കുവാൻ ലഭിക്കുകയെന്നുള്ളതിൻെറയും ഒരു ചെറിയ ചിത്രം ഇവിടെ ലഭിക്കുന്നതാണു്. മലേഷ്യയിലെ ഇടത്തരം വരുമാനക്കാരേയുദ്ദേശിച്ചു സയാമിലേക്കു് വിദേശികളെ ആകൎഷിക്കുവാനുദ്ദേശിച്ചുംകൊണ്ടാണു്, ഇങ്ങിനെയൊരു കൊച്ചുമാതൃക ഈ ഗ്രാമത്തിൽ ഉണ്ടാക്കിവെച്ചിട്ടുള്ളതെന്നു തോന്നുന്നു.

ഇവിടെ 10–12 ഓലമേഞ്ഞ ഇരുനിലക്കെട്ടിടങ്ങളും രണ്ടു മൂന്നു ഇടുങ്ങിയ തെരുവുകളുമാണുള്ളതു്. ചെങ്കല്ലുകൊണ്ടുള്ള ഈ ഇടപ്പാതകരം, പൊടിനിറഞ്ഞതും, വൃത്തികെട്ടതുമാണു്. എടുപ്പുകളിൽ മുക്കാൽഭാഗവും ഹോട്ടലുകളും ബാക്കിയുള്ളവ ചോററുകടകളുമാണു്. ആഴ്ചയിലൊരിക്കൽ സമീപ പ്രദേശത്തുകാരെയുദ്ദേശിച്ചു ഒരു ചന്തയും ഇവിടെ നടക്കാറുണ്ടു്.

ആയിരക്കണക്കിനാണു് കച്ചവടക്കാർ ബുക്കിങ്ങ്സയാമിൽ ചന്തദിവസം എത്തുന്നതു്. സാധനങ്ങരം ചന്തകളിൽ വിറെറാഴിച്ചു് പണവും കീശയിലിട്ടു് ഓലമേഞ്ഞ ഹോട്ടൽ മുറികളിൽ അവരൊരു രാത്രി കഴിച്ചുകൂട്ടും. കസത്തുകാർ, മാജിക്കുകാർ, നൎത്തകികരം, കഥപറയൽ വിദഗ്ദ്ധർ, ഹോട്ടലുകരം, മദ്യഷാപ്പുകരം, ചൂതുകളിസ്ഥലങ്ങരം—വേശ്യാഗൃഹങ്ങരം—ആനന്ദിച്ചാനന്ദിച്ചു് പണവും കളഞ്ഞു വെറുംകയ്യോടെയാകും

'രാത്രിയുടെ നഗര'ത്തിൽനിന്നു് കച്ചവടക്കാർ വീട്ടിലെത്തുക സയാമിലേക്കുള്ള കച്ചവടമാർഗ്ഗത്തിലെ സുപ്രധാന കള്ളക്കടത്തു കേന്ദ്രവും കൂടിയാണു് ഈ കൊച്ചുഗ്രാമം.

ഞങ്ങളിവിടെ ഏകദേശം നാലുമണിക്കൂറോളം തങ്ങി കാഴ്ചകൾ ചുററിക്കാണുകയുണ്ടായി. സയാമീസ് പെൺകിടാങ്ങളെക്കൊണ്ടു നിറഞ്ഞതാണു് ഹോട്ടലുകൾ.

എന്താണു് അവിടെ നടക്കുന്നതെന്നു് കാണാൻ, പ്രത്യേകിച്ചും ഒരു സഞ്ചാരിയായ എനിക്കു കൌതുകകരവും, വലിയൊരനുഭവവുമായിക്കുമെന്നു്, മി. റസാക്ക് പറഞ്ഞതനുസരിച്ചു്, ഞങ്ങൾ ഇപ്രകാരമുള്ള ഒരു ഹോട്ടലിലേക്ക് കയറി. അവിടം കമനീയമായി അലങ്കരിച്ചിരുന്നു. ഒന്നാംതരം ഇരിപ്പിടങ്ങൾ, ട്യൂബ്‌ലൈററുകൾ, ഇളം പച്ചച്ഛായമടിച്ച ചുമരുകൾ, നഗ്നസുന്ദരികളുടെ ഫോട്ടോകൾ. റേഡിയോ ഇടവിടാതെ പാശ്ചാത്യനൃത്തസംഗീതം ആലപിച്ചുകൊണ്ടിരുന്നു. കൌണ്ടറിൽ പുകയിട്ട മാളത്തിൽനിന്നു പുറത്തുചാടുന്ന നാഗത്തെപ്പോലുള്ള ഒരു മദ്ധ്യവയസ്ക ഇരുന്നിരുന്നു.

അവിടം കയറിയിരുന്നാൽമതി, ഉടനെ ഇരുവശങ്ങളിലുമായി പെൺകുട്ടികൾ വന്നിരിക്കും. അവിടെയിരുന്നു കുടിക്കുവാനായി ബീറോ, സോഡയോ, സ്ക്വാഷോ, ചവക്കുവാനായി നിലക്കടലയോ, ആട്ടിൻകുടൽ വറുത്തതോ ഓർഡർ ചെയ്യണം. ഈ യുവതികൾ സന്ദർശകരെ കെട്ടിപ്പിടിക്കുകയും, മടിയിലിരുന്നു് ചുംബിക്കാൻ തുടങ്ങുകയും ചെയ്യുന്നു. മിക്കവരുടേയും കയ്യിൽ നഖംമുറിക്കുന്ന ഒരു സ്പ്രിഗ്കത്തിയും കാണുന്നുണ്ടു്. അതുപയോഗിച്ചു് സന്ദർശകരുടെ നഖം മുറിച്ചുതരികയും ചെയ്യുന്നു.

ഇങ്ങിനെ പാനീയം കുടിച്ചുതീരുന്നതുവരെ, അല്ലെങ്കിൽ മുമ്പിലുള്ളതു് തിന്നു് തീരുന്നതുവരെ ഇവരുമായി രമിക്കാവുന്നതാണു്. ഇനി ഇവരെമാററി, നിരന്നിരിക്കുന്നവരിൽ വേറെ വല്ലവരേയുമാണാവശ്യമെങ്കിൽ, ഇവരോടുതന്നെ അക്കാര്യം പറ

ഞ്ഞാൽ മതിയാകും. ഈ ആനന്ദത്തിന്നു് പ്രത്യേക പണം കൊടുക്കേണ്ടതില്ല. പക്ഷേ സോഡക്കും, വറുത്തതിന്നും പുറമേനിന്നു ലഭിക്കുന്നതിനെക്കാറം ഒന്നിരയിരട്ടി വിലയുണ്ടവിടെ.

ഇതെല്ലാം അനുഭവിച്ചുകഴിയുമ്പോറം നാം കാൎത്തേജിലെ ക്ലിയോപാട്രയുടെ മുമ്പിൽ റോമാസാമ്രാജ്യകിരീടം പരിത്യജിച്ച മാക്ക് ആൻറണിയെക്കാളും, മുംതാസ്സിന്നുവേണ്ടി താജ്മഹൽ പണിയിച്ച ഷാജഹാനെക്കാളും, വാല്ലീസ് വാർഫീൽഡിന്നുവേണ്ടി ആംഗലചക്രവൎത്തിപദം പുല്ലുപോലെ വലിച്ചെറിഞ്ഞ എഡ്വേർഡ് എട്ടാമനേക്കാളും ഭാഗ്യവാന്മാരായിത്തീരും.

ഇവിടെ ഇപ്രകാരത്തിലുള്ള എട്ടുപത്തു ഹോട്ടലുകളും ഓരോന്നിലും ഇരുപതു് ഇരുപത്തഞ്ചു് പെൺകിടാങ്ങളുമുണ്ടു്. മിക്ക ഹോട്ടലുകളിലും വൃത്തികെട്ട സിനിമാപടങ്ങറം ചെറിയ പ്രൊജക്ററുകളുപയോഗിച്ചു കാണിക്കുന്നു.

വാസ്തവത്തിൽ സയാമികളുടെ ഒരു കലയാണിതെല്ലാം. അവർ ഇത്തരം സംഗതികളെ സാധാരണ പ്രവൃത്തികളായിമാത്രമേ കണക്കാക്കുന്നുള്ളു. നാം ഉദ്ദേശിക്കുന്നതുപോലുള്ള പ്രത്യേകതകളോ, ലജ്ജയോ, ക്ഷീണമോ അവക്കില്ല.

സയാംഗവൎമ്മണ്ടു ഇത്തരം കലകളെ ടൂറിസ്ററുകളെ ആകൎഷിക്കുവാനുള്ള ഒരുപാധിയായിക്കണക്കാക്കിയിട്ടുണ്ടോയെന്നുകൂടി സംശയിക്കത്തക്കവിധത്തിലാണു് ഇവിടന്നങ്ങോട്ടുള്ള എൻെറ അനുഭവങ്ങറം.

ഞങ്ങറം ഇവിടെനിന്നു നേരെ പോയതു് 80നാഴിക ദൂരമുള്ള അരജ്ഞേയി എന്ന പട്ടണത്തിലേക്കാണു്. സയാം ഒരു ദരിദ്രരാജ്യമാണെന്നും, മലേഷ്യയെപ്പോലെ സമ്പന്നമല്ലെന്നുമുള്ളതിൻെറ പ്രത്യക്ഷത്തെളിവുകറം ഇവിടങ്ങളിൽ ധാരാളം കാണാമായിരുന്നു. കുണ്ടും കുഴിയുംനിറഞ്ഞ നിരത്തുകളും ദാരിദ്ര്യം മുററിനില്ക്കുന്ന ഗൃഹങ്ങളും ഞങ്ങറം മലയാനാട്ടിലല്ലെന്നുള്ള യാഥാൎത്ഥ്യം വിളിച്ചോതിക്കൊണ്ടിരുന്നു.

ഇന്ത്യയെപ്പോലെ തായ്‌ലണ്ടും ഗ്രാമങ്ങളുടെ രാജ്യമാണ്. റോഡിന്നിരുഭാഗത്തും വീടുകൾ; ഓലകൊണ്ടോ ഓടുകൊണ്ടോ മേഞ്ഞ മേൽപ്പുര; മരംകൊണ്ടുള്ള തറ. ജനങ്ങൾ മീൻപിടിക്കുന്നു, അവർ കൂമൻതൊപ്പിധരിച്ച് അങ്ങുമിങ്ങും നടക്കുന്നതായും കണ്ടു.

സമതലമായ റോഡിൻെറ ഇരുവശവുമുള്ള പാടങ്ങളിൽ സ്ത്രീകൾ പാദം മുങ്ങുന്ന വെള്ളത്തിൽനിന്നു ജോലിചെയ്യുന്നു. കള പറിക്കുന്നു, ഞാറുപറിച്ചു നടുന്നു. ഞങ്ങളുടെ കാർ ഹോൺ അടിക്കുമ്പോൾ അവർ പലരും നടുനിവത്തി തെല്ല് ആശ്വാസപ്പെട്ടുകൊണ്ടെന്നോണം ഞങ്ങളെ നോക്കി. വയൽവരമ്പുകളിൽ തലയിൽ പൂവും നീണ്ട കൊക്കും വർണ്ണശബളങ്ങളായ നീണ്ട വില്ലുകളുമുള്ള അനേകം പക്ഷികളെക്കണ്ടു.

വൈകുന്നേരം 4 മണിയോടുകൂടിയാണ് ഞങ്ങൾ അരജ്ഞേയിലെത്തിയത്. കാഴ്ചയിൽ മംഗലാപുരത്തെ ഓർമ്മിപ്പിക്കുന്ന ഈ പട്ടണത്തിൽ ഒട്ടേറെ ആധുനികഹോട്ടലുകളും കച്ചവടസ്ഥാപനങ്ങളുമുണ്ട്. എന്നാൽ വ്യവസായങ്ങളധികമില്ല. ഉള്ളവ തന്നെ റൈസ് മില്ലുകളാണ്. ചുററുമുള്ള ഗ്രാമങ്ങളിലെ ഉൽപ്പന്നങ്ങളുടെ ഒരു വിപണനകേന്ദ്രമെന്നനിലയിൽ മാത്രമേ ഈ കൊച്ചുപട്ടണത്തിന്നു പ്രാധാന്യമുള്ളു.

ഞങ്ങൾ അരജ്ഞേയി പട്ടണത്തിലെ ആധുനികമായ മെട്രോഹോട്ടലിൽ ഒരു ഡബിൾറൂം വാടകക്കെടുത്തു. അകത്തേക്കുകടന്നാൽ ഈ ഹോട്ടൽ ഒരു ചെറിയ പട്ടണംതന്നെയാണ്.

ഞാൻ മുറിയാകെയൊന്നു പരിശോധിച്ചു. വലിയ ഹോട്ടൽപോലെ ടെലഫോൺവരേയുള്ള എല്ലാ നവീന സജ്ജീകരണങ്ങളും ഘടിപ്പിച്ച വിശാലമായ മുറി. 5 നിലകളായിട്ടാണ് ഹോട്ടൽകെട്ടിടം. മുറികളെല്ലാം മുകളിലാണ്. മുറിയിൽനിന്നു അല്പം മാറി വരാന്തയിലെത്തി പടിഞ്ഞാറോട്ടുനോക്കിയാൽ പ്രശാന്തഗംഭീരമായൊഴുകുന്ന ഒരു വലിയ നദിയും, നഗരത്തിൻെറ അക്കരയുള്ള ഏതാനും ഭാഗങ്ങളും വ്യക്തമായി കാണാം.

താഴെ ഹോട്ടലിൻെറ ഉദ്യാനത്തിൽ തൂക്ക കട്ടിലുകൾ നിര ത്തി ഇട്ടിരിക്കുകയാണ്. യാതൊരു പ്രത്യേകോദ്ദേശങ്ങളുമില്ലാതെ നീലാകാശത്തിലേക്കും നോക്കികൊണ്ടു 4–5 മദാലസകൾ കട്ടി ലുകളിൽ ചരിഞ്ഞു കിടക്കുന്നു.

സ്ത്രീ ശരീരത്തിൻെറ സൌന്ദര്യം തികച്ചും പ്രകടിപ്പിക്കുന്ന വിധത്തിൽ ദേഹത്തോടു ഒട്ടിക്കിടക്കുന്ന ഫ്രോക്കുകളും കിമോണ കളും ധരിച്ച പരിചാരികകളേയും മററും മററും കണ്ടപ്പോൾ ചുരുങ്ങിയതു 30 മലയൻ വെള്ളിയെങ്കിലും മുറിവാടകയുണ്ടാവു മെന്നു് ഞാൻ ശങ്കിച്ചിരുന്നു. എന്നാൽ പിന്നീടു അന്വേഷി ച്ചപ്പോഴാണ് മനസ്സിലായതു്—വെറും 8 വെള്ളിയാണ് ചാർ ജ്ജുചെയ്യുന്നു്.

തായ്ലാണ്ടിൽ ജീവിതം വളരെ ചെലവുകുറഞ്ഞതാണ്. ടാക്സിക്കും മററു ഉപഭോഗ വസ്തുക്കൾക്കും ഇവിടെ ചെലവു മറേറതു രാജ്യത്തേക്കാളും കുറവാണ്. ഞങ്ങൾ ഹോട്ടലിലെ ഭക്ഷ ണമുറിയിൽ ചെന്നു വേവിച്ചതും വറുത്തതുമായ മാംസംകൊണ്ടു ള്ള കട്ട്ലററുകൾ, പുഴുങ്ങിയ മുട്ട നടുവെപിളന്നതു്, നെയ്യിൽ വറുത്തെടുത്ത കോഴിക്കുഞ്ഞു്, വെണ്ണ, റൊട്ടിക്കഷ്ണങ്ങൾ, പച്ചത്ത ക്കാളിയും വെള്ളരിക്കയും അരിഞ്ഞതു് തുടങ്ങിയ ഒരു ആഹാരം കഴിച്ചു. ബില്ലുവന്നപ്പോൾ ഞാൻ അതിശയിച്ചുപോയി. രണ്ടു പേക്കുംകൂടി 3 വെള്ളി. ഇതേസാധനത്തിന്നു മലയയിലാണെ ങ്കിൽ ചുരുങ്ങിയതു് ഒരു 10 വെള്ളിയെങ്കിലും കൊടുക്കേണ്ടി വരും.

ഭക്ഷണവുംകഴിഞ്ഞു ഞങ്ങൾ നടക്കാനിറങ്ങി. പണക്കാരു ടെ മാളികയിൽനിന്നു് നിർഗ്ഗളിക്കുന്ന റേഡിയോഗാനങ്ങൾ, സായാഹ്നത്തിലെ മനോഹരമായ അന്തരീക്ഷത്തിൽ ഓളംതല്ലി ക്കൊണ്ടിരുന്നു. പടിഞ്ഞാറു്, കനകത്തകിടിൻെറ മദ്ധ്യത്തിൽ കുങ്കുമവൃത്തംപോലെ അസ്തമനസൂര്യൻ നിന്നിരുന്നു.

ഈ പട്ടണത്തിൽ തായ് പെൺകിടാങ്ങളുടെ തിരക്കാണ്. ഏതു പ്രായത്തിലുള്ളതും ഏതു കോലത്തിലുള്ളതുമായ സയാംതരു

ണികളെയും ഇവിടെ ലഭിക്കും. തായ് യുവതികൾ മദാലസകളായി സോഫകളിൽ തയ്യാറായിരിക്കയാണ്.

എങ്ങുനോക്കിയാലും ആകർഷണീയമായ അവരുടെ പ്രതിരൂപങ്ങൾ ചുമരുകളിൽ പതിച്ച കണ്ണാടികളിൽകൂടി നുണക്കുഴികൾ പ്രദർശിപ്പിച്ച ഞങ്ങളോടു പുഞ്ചിരിക്കുന്നു. ചുമർ നിറയെ വലിയവലിയ ഛായാചിത്രങ്ങൾ. അതും നഗ്നകളായ സ്ത്രീകളുടെ. സുഗന്ധം പരത്തുന്ന ചന്ദനത്തിരികളുടെ നേരിയ പുക ആ സ്ത്രീകളുടെ ജീവിതംപോലെ വളഞ്ഞുതിരിഞ്ഞു മുകളിലേക്കു ഉയൻറുപൊയ്ക്കൊണ്ടിരുന്നു.

ഇവിടെ വേശ്യാവൃത്തി ഒരു വ്യവസായമായി വളൎന്നിരിക്കയാണ്. ടൂറിസ്റ്റുകളേയും അമേരിക്കൻ പട്ടാളക്കാരേയും ആകർഷിക്കുകയെന്നതാണ് പ്രധാന ഉദ്ദേശ്യം. നിങ്ങളുമൊരുമിച്ചു ചിരിച്ചു കൈകോർത്തുപിടിച്ചു മാറിടം ഉരുമ്മിക്കൊണ്ടുവരുന്ന അവരേയും നിങ്ങളേയും മററുള്ളവർ ശ്രദ്ധിക്കുന്നില്ല. തിരിഞ്ഞു നോക്കുന്നില്ല. എല്ലാം ഒരു സാധാരണക്കാര്യം മാത്രം.

തായ്‌ലാണ്ടിൽ മലയൻഡോളർ ഏതു സ്ഥലത്തും സ്വീകരിക്കുമെങ്കിലും, ഇവിടത്തെ ഗവൎമ്മണ്ടു നാണയം "ബാട്ട്" എന്ന പേരിലറിയപ്പെടുന്നു. ഒരു മലയൻ വെള്ളിക്കു ഏഴു ബാട്ടുകൾ ലഭിക്കുമെന്നതിനാൽ, ബാട്ട് യാതൊരു വിലയുമില്ലാത്തതാണെന്നു നാം സംശയിച്ചുപോകും.

ഏതെങ്കിലുമൊരുസാധനം വാങ്ങുകയോ അല്ലെങ്കിൽ ഹോട്ടലിൽ കയറി എന്തെങ്കിലും ഭക്ഷിക്കുകയോ ചെയ്താൽ 15 ബാട്ട് 25 ബാട്ട് എന്നിങ്ങനെയായിരിക്കും കേൾക്കുക. ഹോട്ടൽ മുറിയുടെ വാടകയെത്രയാണെന്നുചോദിച്ചാൽ 50 ബാട്ട് 60 ബാട്ട് എന്നിങ്ങനെയായിരിക്കും സമാധാനം ലഭിക്കുക.

പക്ഷേ അങ്ങിനെ കേട്ടതുകൊണ്ടു നാം ഭയപ്പെടേണ്ടതില്ല. കാരണം കണക്കു കൂട്ടിനോക്കിയാൽ വളരെ കുറഞ്ഞ വെള്ളിമാത്രമേയാവുകയുള്ളു. ഇതുകൊണ്ടുള്ള ബുദ്ധിമുട്ട് നോട്ടുകൾ ധാരാളം കയ്യിൽ കരുതേണ്ടിവരുമെന്നുള്ളതാണ്. 100ഉം 200ഉം നോട്ടുകൾ എപ്പോഴും കയ്യിൽ സൂക്ഷിക്കേണ്ടിവരുന്നു.

ഒരു സുന്ദരമായ ഭൂപ്രദേശമാണിതെന്നിരിക്കിലും, ജനങ്ങറം സൌമ്യസ്വഭാവത്തോടുകൂടിയവരാണെന്നതു ശരിയാണെങ്കിലും, ഭാഷാക്കുഴപ്പം ഒരു വിദേശിയനു് ഇവിടെ ഏററവും വലിയ തലവേദനയാണു്.

നിങ്ങറംക്കു സയാമിൽ അത്രേദാളമിത്രോളം സഞ്ചരിക്കാം. യാതൊരു കൺട്രോളുമില്ല. പക്ഷെ ഇംഗ്ലീഷറിയാവുന്ന ഒരൊററ മനുഷ്യനേയും കാണുവാൻ സാധിക്കുകയില്ല. വെറും ആംഗ്യഭാഷയിലെ സംസാരിക്കാനാവൂ.

ഇതനുഭവപ്പെട്ടപ്പോഴാണു് അന്തരാഷ്ട്രീയോപയോഗത്തിന്നായി വാഴ്സായിലെ L. N. സമൻഹോഫ് നിമ്മിച്ച 28 അക്ഷരങ്ങളുള്ള "എസ്പെരാന്േറാ" ഭാഷയുടെ മാഹാത്മ്യം ഞാൻ ഓത്തതു്. ഉച്ചരിക്കുന്നതുപോലെ എഴുതുന്നതും, വ്യാകരണം ലഘുവായതും വളരെക്കുറച്ചു വാക്കുകളുള്ളതുമായ ഈ ഭാഷ എത്രയും വേഗത്തിൽ ലോകത്തിൽ നടപ്പിലാക്കേണ്ടതാണെന്നു് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ഇവിടങ്ങളിൽ ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ അറിയുന്നവർ വിരലിലെണ്ണാവുന്നതേയുള്ളു. അതേപോലെ റെയിൽവെ സ്റ്റേഷനുകളിലും, പോസ്റ്റാഫീസുകളിലും അത്തരത്തിലുള്ള ഇതര സ്ഥലങ്ങളിലും സൈൻബോർഡുകറം തായ് ഭാഷയിലാണെന്നുള്ളതു് ബുദ്ധിമുട്ടുണ്ടാക്കുന്നു.

മലേഷ്യയിലും ഒരതിത്തിയോളം സൈൻബോർഡുകളും മററും മലയൻ ഭാഷയിലാണെങ്കിലും, അവിടെ അക്ഷരങ്ങറം ഇംഗ്ലീഷ് ലിപികളിലാണെന്നതിനാൽ ബുദ്ധിമുട്ടുണ്ടാവുന്നില്ല. എന്നാൽ തായ്ലാണ്ടിൽ സംഗതി തികച്ചും വിഭിന്നമാകുന്നു.

ഒന്നര ദിവസത്തെ അരജ്ഞേയിവാസത്തിന്നുശേഷം ഞങ്ങറം സ്റ്റേററ് തലസ്ഥാനമായ സൊങ്കളയിലേക്കു തിരിച്ചു. സാമാന്യം വലിയൊരു പട്ടണം. പ്രധാനമാക്കററിന്നടുത്തുതന്നെ ചോററു കടകളും പലഹാരക്കടകളുമുണ്ടു്. തുറന്ന സ്ഥലത്താണു് മാക്കററ്. വില്പനക്കാർ മുഴുവനും സയാമികളാണു്.

ഇവിടത്തെ അതിമനോഹരമായ കടൽത്തീരം ലോകത്തിലെ തന്നെ ഏററവും ആകഷ്കമായ ഒന്നാണെന്നതുകൊണ്ടാണു് 22

നാഴിക ദൂരമുള്ള ഈ യാത്ര ഞങ്ങൾ തിരിച്ചതു്. വാസ്തവത്തിൽ അതു് ഒട്ടേറെ ശരിയാണെന്നും തോന്നി കണ്ടപ്പോൾ. മദിരാശിയിലെ മറീനാബീച്ചോ ബോംബെയിലെ മറൈൻ ഡ്രൈവോ ഒന്നുംതന്നെ ഇതിനോടു കിടപിടിക്കുകയില്ല. പ്രകൃതിയും മനുഷ്യരും ഒരുമിച്ച അത്രയും നയനാനന്ദകരമാക്കിത്തീർത്ത ഒരു പ്രദേശമാണിതു്.

കാററുകൊള്ളാനും സയാമീസ് പെൺകിടാങ്ങളുമൊരുമിച്ച കടലിൽ കുളിക്കുവാനുമായി ഇവിടെയെത്തുന്ന സന്ദർശകരുടെ എണ്ണം എത്രയോ അധികമാണു്.

ഈ കടൽതീരത്തു് കുറച്ചുനേരം ചുററിയടിച്ചപ്പോഴാണു് എനിക്കു മനസ്സിലായതു്, സൊങ്കളയിലെത്തുന്ന പെണ്ണുങ്ങളെല്ലാം 16 കാരികളാണെന്നു്. ഇതുമനസ്സിലാക്കുവാൻ അധികം നിരീക്ഷണ പടുതപമൊന്നുമാവശ്യമില്ല. സിനിമാക്കൊട്ടക, ക്ലബ്ബ്, നടപ്പാതകൾ, നീന്തൽക്കുളങ്ങൾ എന്നുവേണ്ട പച്ചക്കറിക്കമ്പോളത്തിൽക്കൂടി ഈ കാര്യം കാണാം. ഇവിടത്തെ സ്ത്രീകൾ ഇക്കാര്യം എങ്ങനെ സാധിക്കുന്നു എന്നൊരു പ്രശ്നം നമ്മെ വിഷമിപ്പിക്കുന്നു. അമരാവതിയിലെ സ്ത്രീകൾ അമൃതു ഭക്ഷിച്ച യൌവ്വനം നിലനിർത്തുന്നതുപോലെ, ഇവിടത്തെ അപ്സരസ്സുകളുടെ അമൃതു് ചീപ്പ്–സോപ്പ്–പട്ട്–കണ്ണാടികളാകുന്നു. ചില ക്രീം പൌഡർ വർഗ്ഗങ്ങളും വിചിത്രമായ ചില ചെരിപ്പുകളുംകൂടി ഈ ആകൃതിയിൽ ഉൾപ്പെടും.

തായ്‌ലാണ്ടു് ഇന്നു് അമേരിക്കൻമയമാണു്. എവിടെ നോക്കിയാലും അമേരിക്കൻ സാധനങ്ങളും, അമേരിക്കൻ പട്ടാളക്കാരും, അമേരിക്കൻ ടൂറിസ്ററുകളും തന്നെ. അമേരിക്കയുടെ കൂററൻ ഷവർലേ, ഫോർഡ്, പിക്കാർഡ്, തുടങ്ങിയ കാറുകൾ ടാക്സികളായും മററും ഓടുന്നതു കാണുവാൻ നല്ല ചന്തമുണ്ടു്. പീടികകളിലും മററും ധാരാളം അമേരിക്കൻ സാധനങ്ങൾ കാണാം. പൌഡർ, ലോഷൻ, തുണിത്തരങ്ങൾ ഇവയെല്ലാംതന്നെ അമേരിക്കൻ നിർമ്മിതികളാണു്.

# പിനാങ്ങ്: ഒരു സ്വപ്നനാട്

എൻെറ അടുത്ത ഉന്നം പിനാങ്ങായിരുന്നു. വാസ്തവത്തിൽ എൻെറ യാത്ര ആരംഭിച്ചതു് പിനാങ്ങിൽനിന്നായിരുന്നുവെങ്കിലും ആ സ്വപ്നനാടു ചുററിക്കാണുവാനുള്ള അവസരം ലഭിച്ചിട്ടുണ്ടായിരുന്നില്ല.

പിനാങ്ങ് മലാക്കാഉൾക്കടലിലെ ഒരു കൊച്ചുസുന്ദരിയാണു്. ഇവളെ കാണാതെ തെക്കുകിഴക്കൻ ഏഷ്യൻപര്യടനം പൂർത്തിയായെന്നു് പറയാൻ കഴിയില്ല. പച്ചപ്പുതപ്പിട്ട കുന്നുകളാൽ ചുററപ്പെട്ട ഒരു കൊച്ചുദ്വീപാണിതു്.

പിനാങ്ങ് മലയാഫെഡറേഷനിലെ ഒരു സംസ്ഥാനമാണു്. ഇവിടെ റബ്ബർ, കവുങ്ങ്, തെങ്ങ്, നെല്ല്, കുരുമുളക്, കരിമ്പ് എന്നിവ കൃഷിചെയ്യുന്നു. പഞ്ചസാരയും റബ്ബറും കുരുമുളകും പ്രധാന കയററുമതിവിഭവങ്ങളാണു്. വെളുത്തീയ്യം ധാരാളമായി ഖനനംചെയ്യുന്നു.

ജോർജ്ജ്ടൌൺ തലസ്ഥാനമായുള്ള ഇതിൻെറ ആകെവിസ്തീർണ്ണം 400 ച. മൈലും ജനസംഖ്യ 5,72,000 വുമാണു്. ജനങ്ങളിൽ ഭൂരിഭാഗം ചീനക്കാരാണു്. അടുത്തസ്ഥാനം മലയാക്കാർക്കും ഇന്ത്യക്കാർക്കും ലഭിക്കുന്നു.

പിനാങ്ങ്ദ്വീപിൻെറ മനോഹാരിതയിൽ മതിമറന്ന ബ്രിട്ടീഷുകാർ ഇതിൻെറപേർ പ്രിൻസ് ഓഫ് വെയിൽസ് ദ്വീപെന്നാക്കി. 1946–ൽആണു് പെനാങ്ങ് സ്വതന്ത്രമായതു്.

പ്രധാനമായും സുഖവാസകേന്ദ്രമായ ഈ ദ്വീപിൽ തെങ്ങുകൃഷിയാണു് മുഖ്യം. നാഴികക്കണക്കിൽ നീണ്ടുകിടക്കുന്ന തെങ്ങിൻതോട്ടങ്ങൾ കാണുമ്പോൾ നമുക്കൊരുൾക്കുളിരുണ്ടാകും. ഇവിടത്തെ പ്രത്യേകത തെങ്ങുകൾക്കു യാതൊരുവളവും നല്കേണ്ടതില്ലെന്നുള്ളതാണു്. ഒരു തെങ്ങിൻതോപ്പുണ്ടായാൽമതി, യാ

 2277

തൊരു ചിലവുമില്ലാതെ മാസംതോറും ആദായമെടുക്കുവാൻ കഴിയും. ഞാനിവിടെ വലിയൊരു തെങ്ങിൻതോപ്പ് സന്ദർശിക്കുകയുണ്ടായി. തേങ്ങപറിച്ചു, ഉണക്കി കൊപ്രയാക്കി, എണ്ണയാട്ടുവാനുള്ള സൌകര്യംവരെ ഇതിനുള്ളിലുണ്ട്. ഈ തെങ്ങിൻതോപ്പുകളുടെ അരികിൽ എന്നും പച്ചപിടിച്ചുനില്ക്കുന്ന മൈതാനവും അതിന്നുചുററും പ്രാവിൻകൂട്ടംപോലെ തകരംമേഞ്ഞ വീടുകളും കാണാം. നീണ്ടുനീണ്ടുപോകുന്ന ഇടുങ്ങിയ ചെങ്കൽപ്പാതകളും കാഴ്ചയിൽനിന്നു ലോകത്തെ മറച്ചുപിടിക്കുന്ന പനകളും ഇതിനെ നയനാനന്ദകരമാക്കിത്തീർക്കുന്നു. ഇവക്കടുത്തായിത്തന്നെ "പിനാംഗ് ലോയർ" നിർമ്മിക്കുന്ന കുടിൽവ്യവസായങ്ങളുമുണ്ട്. "പിനാംഗ് ലോയർ" എന്നാൽ, ഒരുതരം കുററിച്ചെടിയുടെ തണ്ട് വെട്ടിയെടുത്തു നിർമ്മിക്കുന്ന ഒരിനം വടിയാണ്. ഒരിഞ്ചു വണ്ണത്തിൽ അഞ്ചടിനീളമുള്ള തണ്ടിൻെറ അററത്ത് വിശറിയുടെ ആകൃതിയിലുള്ള ഇലകളും തണ്ടിൽനിറയെ മുള്ളുകളുമുണ്ടാവും. ഈ തണ്ടാണ് വെട്ടിയെടുത്തു വടിയായുപയോഗിക്കുന്നത്.

ഒരു സ്വപ്നനാട് എന്ന കീർത്തികേട്ട പിനാങ്ങ്ദ്വീപ് ജനനിബിഡമാണെന്ന് പറഞ്ഞുകൂടാ. നെടുനീളെ പോകുന്ന വീതികൂടിയ പൊതുനിരത്തുകൾ, ഫുട്പാത്തിൽ ധാരാളം തണൽ നല്കുന്ന വൃക്ഷങ്ങളുമുണ്ട്. മിക്കതും ആൾട്ടർമരങ്ങളാണ്.

ഇവിടത്തെ റോഡുകൾ വളരെ മനോഹരങ്ങളാണ്. ഇന്ത്യയിലെ റോഡുകളെയപേക്ഷിച്ചു ഇവിടത്തെ റോഡുകൾക്കുള്ള വ്യത്യാസം വീഥിയുടെ രണ്ടുവശത്തും അല്പം ഉയരത്തിൽ കെട്ടിനിർത്തിയിട്ടുള്ള നടപ്പാതകളാണ്. തോളിൽ ക്യാമറതൂക്കി കയ്യിൽ പുസ്തകവുമായി ഒററയായും സംഘംചേർന്നും സാവധാനം നടന്നുനീങ്ങുന്ന സന്ദർശകരെ വഴിനീളെ കാണാം. അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൺ, ജർമ്മനി എന്നീ രാജ്യക്കാരാണ് അധികം. റഷ്യക്കാരും മററു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലുള്ളവരും ഇല്ലെന്നുതന്നെ പറയാം. മുട്ടപൊന്തിയ ഷൂസിട്ട്, ഒട്ടിച്ചുവെച്ചമാതിരി വസ്ത്ര

ങ്ങളുമണിഞ്ഞ് കയ്യിൽ ഹാൻഡ്ബാഗും കണ്ണിൽ മാസ്മരശക്തിയുമായി ചാടിച്ചാടി കടന്നുപോകുന്ന് കന്യകാമണികളും ഏറെയുണ്ട്.

പിനാങ്ങ്നഗരം ദൂരെ കപ്പലിൽനിന്നു നോക്കുമ്പോഠം പ്രശാന്തഗംഭീരമായി കാണപ്പെട്ടിരുന്നു. മനംകവരുന്ന കാഴ്ച. പച്ചപ്പുതപ്പിനുള്ളിൽക്കൂടി തലയുയത്തിനില്ക്കുന്ന കെട്ടിടങ്ങളും പള്ളികളും വ്യക്തമായി കാണുവാൻ സാധിച്ചിരുന്നു. നങ്കൂരമിട്ടുകിടക്കുന്ന വൻകപ്പലുകളും ബോട്ടുകളും പിനാങ്ങിന്റെ മാറിടത്തിൽക്കൂടി സഞ്ചരിക്കുന്ന കാഴ്ച ആരിലും കൌതുകം ജനിപ്പിക്കാതിരിക്കുകയില്ല.

പിനാങ്ങ് പ്രധാനമായും ഒരു കച്ചവടകേന്ദ്രമാണ്—ഇവിടെ പ്രധാനപ്പെട്ട വ്യവസായങ്ങഠം വിരലിലെണ്ണാവുന്നവയേയുള്ളു. ഒരു സ്വതന്ത്രതുറമുഖമായ പിനാങ്ങിൽ കച്ചവടസ്ഥാപനങ്ങഠം എറുമ്പിൻകൂട്ടംപോലെയാണുള്ളതു്. ധാരാളം ബിസ്നസ്സുകളുമിവിടെ നടക്കുന്നു. മിക്കതും 'കള്ളക്കച്ചവടമാണെന്നുള്ളതാണ് മറെറാരു പ്രത്യേകത.

ഇതിന്നു കാരണങ്ങളുമുണ്ട്. പിനാങ്ങിൽനിന്നു മലയായിലെവിടേക്കും സാധനങ്ങഠം കൊണ്ടുപോവണമെങ്കിൽ നല്ലൊരു ശതമാനം ഡ്യൂട്ടി നൽകേണ്ടതുണ്ട്. ഗവമ്മേണ്ടു് ഇപ്രകാരത്തിലൊരു നിയമം വെച്ചതു്മൂലം, കള്ളക്കച്ചവടക്കാക്ക് ഇതു് നല്ല തക്കമാണ്. ഇന്നു് പിനാങ്ങിൽനടക്കുന്ന കച്ചവടത്തിന്റെ സിംഹഭാഗവും ഇത്തരത്തിലുള്ളവയാണെന്നുതന്നെ പറയാം. ലോറിക്കണക്കിൽ സാധനങ്ങഠം ഡ്യൂട്ടിനല്കാതെ, അങ്ങേപ്പുറത്തേക്ക് കടത്തിവിടാനുള്ള കരാറെടുക്കുന്ന വലിയവലിയ കമ്പനികഠം തന്നെയുണ്ടുപോലുമിവിടെ.

കൂടാതെ ഇന്ത്യയിലേക്കുംമററും വരുന്നവരുടെ പ്രധാന വിപണനകേന്ദ്രവും പിനാങ്ങാകുന്നു. മലയയിലെ ഏററവും ആദായകരമായ ഈ മാക്കററിൽ ലോകത്തിലെ ഏതുരാജ്യത്തിലേതും,—അതു കമ്യൂണിസ്റ്റ് ചൈനയായാലും, ജാപ്പാനായാലും,

അമേരിക്കയായാലും, ഇന്ത്യയായാലും തരക്കേടില്ല—ഉല്പാദിപ്പിക്കുന്ന നാട്ടിനേക്കാളും മെച്ചപ്പെട്ടതു്, ഏററവും ആദായകരമായി ലഭിക്കുന്നു. അതുകൊണ്ടുതന്നെയാവണം, ഇവിടെ ജനങ്ങളെക്കാൾ കൂടുതൽ പീടികകളും അതിനെക്കാൾ കൂടുതൽ സാധനങ്ങളുമുള്ളതു്.

പിനാങ്ങിൽ രുചിപ്രദവും, പുത്തരിയുമായ നാനാജാതി ഭക്ഷണങ്ങൾ ലഭിക്കും. ഇതിൽ എനിക്കു് പെട്ടെന്നു ഓൎമ്മയിൽ വരുന്നതു്, ഞണ്ടു് (crab) ആണു്. വലിയ പപ്പടം പോലുള്ള ആറേഴു് ഞണ്ടുകളുടെ ഇറച്ചി ചുരണ്ടിയെടുത്തു്, ഒരു ഞണ്ടിന്റെ പുറന്തോട്ടിൽവെച്ചു മുളകും ഉപ്പും മാവുംചേൎത്തു പൊരിച്ചെടുക്കുന്ന ഈ ഭക്ഷണം ഏററവും രുചിപ്രദമാണു്. പിനാങ്ങു് സന്ദൎശിക്കുന്ന ഏതൊരാളും രുചിച്ചിരിക്കേണ്ട ഒന്നാണിതെന്നു പറയാം.

മററൊന്നുള്ളതു് ആടിന്റെ തല അപ്പടിതന്നെ വേവിച്ചെടുക്കുന്നതാണു്. കണ്ണുകളും പല്ലും ചെവിയും അതേമാതിരിതന്നെ നിൎത്തി നാക്കു് പുറത്തേക്കു് കടിച്ചുപിടിച്ചു നമ്മുടെ പ്ലേററിൽ കിടക്കുന്ന ആ സാധുജീവിയുടെ തലകണ്ടാൽ രുചിക്കുപകരം അനുകമ്പയാണു് തോന്നുക.

അരികൊണ്ടു നീളത്തിൽ ഒരുതരം സേമിയാ മാതിരിയുണ്ടാക്കി അതോടുകൂടി ആട്ടിന്റെ വൃക്കകൾ അരിഞ്ഞുചേൎത്തി പകുതി വേവിച്ചുള്ള ഒരു പലഹാരം സ്വാദുള്ളതായിത്തോന്നി.

വലിയതരം ചെമ്മീൻ, ഇതിന്നു മലായിൽ ഊഡോങ്ങു് എന്നു പറയുന്നു, തൊലികളയാതെ മുളകിൽ വേവിച്ചു ഇഡ്ഡലിയും പിട്ടും, ദോശയും കൂട്ടിച്ചേൎത്തി വില്ക്കുന്ന തമിഴു് കടകളുണ്ടു്. താരതമ്യേന ആദായകരവും രുചിപ്രദവുമാണു് ഈ പദാൎത്ഥം.

ഇവിടെ എന്നെ ഏററവുമധികമാകൎഷിച്ചതു് ചീനന്റെ പെരുന്നാളാഘോഷമാണു്. മൂന്നു ദിവസം നീണ്ടുനില്ക്കുന്ന ഈ ആഘോഷം പിനാങ്ങിലെ ഏററവും വലിയ ഉത്സവമാകുന്നു.

വെടിക്കെട്ടുകളുടേയും, പന്നിയിറച്ചിയുടേയും, ലഹരിപദാൎത്ഥങ്ങളുടേയും ഒരു ബഹളം തന്നെയായിരുന്നു അതു്. അന്നേദിവസം സന്ധ്യ മങ്ങിയതോടുകൂടി പിന്നാങ്ങ് നഗരവീഥികഠം കള്ളു്കുടിയന്മാരുടേയും അവരുടെ വൈകൃതങ്ങളുടേയും ഒരു കേളീരംഗമായി മാറി. ലക്കുവിടുക എന്നതിന്നു് ഇവരുടെ വിവരണം ശ്രീ. കെ. പി. എസ്. മേനോൻ തൻെറ ഡൽഹി–ചുങ്കിംഗിൽ പാടിയതുപോലെ:

“തറയിൽനിന്നു മുരുണ്ടെണീററാദരാൽ
കുറെയുംകൂടെ കുടിക്കാൻ കഴിയുകിൽ
പറയുമാറില്ല വന്നില്ല ലക്കെന്നു്,
കുറയുമാക്കും പറഞ്ഞുകൂടാദൃഢം
തറയിൽത്തന്നെ കമിഴ്ന്നടിച്ചങ്ങനെ
ചെറുതും, വൈഭവ, മൊന്നിനും പോരാതെ
കുറെയുംകൂടെ കടിക്കുവാൻ വയ്യാതെ
യൊരുവൻ തീരുകി, ലായവ്ൻ മദ്യപൻ”

ചീനൻ പെരുന്നാളാഘോഷിക്കുന്നതു തിന്നും, കുടിച്ചും, വെടിപറഞ്ഞുമാണു്. അതാണവൻെറ പ്രധാനലക്ഷ്യം. അതിന്നുവേണ്ടി എത്രപണം ചിലവാക്കുന്നതിലും അവൻ മടിക്കുകയില്ല. പണം സമ്പാദിക്കുന്നതിലും, അതേപോലെ അതു ചിലവാക്കുന്നതിലുമുള്ള അവൻെറ മിടുക്കാണു് ഇതിൽനിന്നു നമുക്കു് പഠിക്കാനുള്ളതു്.

വെടിക്കെട്ടുകഠം അപായകരമായവിധത്തിൽ എടുപ്പുകളുടെ മേലെത്തട്ടിൽനിന്നു, തീകൊളുത്തി താഴെ നടക്കുന്നവരുടെ തലക്കും, ഓടുന്ന വാഹനങ്ങളിന്മേലേക്കും എറിഞ്ഞുകൊണ്ടുള്ള അവരുടെ വിനോദം ഭയങ്കരമായിതോന്നി. മററൊന്നു് 200ഉം 250ഉം വാര നീളമുള്ള പടക്കക്കെട്ടുകഠം മേലേനിന്നു താഴോട്ടു് താഴ്ത്തി പൊട്ടിക്കലാണു്. ഇപ്രകാരത്തിലുള്ള ഒരു പടക്കക്കെയററ് പൊട്ടിത്തീരണമെന്നുണ്ടെങ്കിൽ കുറഞ്ഞതു് അരമണിക്കൂർ നേരമെടുക്കും.

പിനാങ്ങ് കുന്നിന്മേലുള്ള "ഗലോക്സി" ബുദ്ധക്ഷേത്രം മനോഹരമാണ്. ഈ ക്ഷേത്രപ്പണിയിൽ പ്രാചീന സയാമീസ് ശില്പകലയാണുപയോഗപ്പെടുത്തിയിരിക്കുന്നതെന്നു് തോന്നുന്നു, മേല്പോട്ടു് കയറിച്ചെല്ലുമ്പോൾ വെള്ളംനിറഞ്ഞ ഒരു കുളം. അതിൽ നൂറുകണക്കിൽ ചെറുതും വലുതുമായ ആമകൾ നീന്തിക്കളിക്കുന്നു. ആമമുട്ടകൾ പൊരിച്ചുവില്ക്കുന്ന ഒരു കടയും അടുത്തുതന്നെയുണ്ടു്.

ഇവിടത്തെ മററു പ്രധാന കാഴ്ചകളുടെ കൂട്ടത്തിൽ "പിനാങ്ഹിൽ റെയിൽവേ" ഏററവും പ്രധാനമർഹിക്കുന്നു. തെങ്ങിൻ തോപ്പുകളാൽ തൊങ്ങൽ ചേർത്തുനില്ക്കുന്ന സുന്ദരമായ കടൽക്കരയിൽ നിന്നുകൊണ്ടുതന്നെ ഈ മനോഹരമായകാഴ്ച കാണാവുന്നതാണു്.

ഇതിനേക്കാൾ എന്നെ ആകർഷിച്ചതു്, അത്ഭുതപ്പെടുത്തിയതു് ആ കുന്നിൻമുകളിൽനിന്നുള്ള കാഴ്ചയായിരുന്നു. മുൻവശത്തു് പച്ചമേടുകളും പട്ടുവിരിച്ച വയലുകളും അവിടെ ചിതറിക്കിടന്നിരുന്നു. തെങ്ങിൻ തോപ്പുകൾ ഇടകലർന്നു പോകുവെയിലിൻെറ മഞ്ഞപ്രഭയിൽ നീരാടിനില്ക്കുന്നു. മുമ്പിൽ തെല്ലകലെ വിശാലമായ നീലപ്പട്ടു നീരാഴി. അവിടെ അങ്ങിങ്ങായി വെള്ളച്ചിറകുകൾവിരുത്തി വിഹരിക്കുന്ന പായ്ക്കപ്പലുകളുടെ പുള്ളിക്കുത്തുകൾ. ഈ കുന്നിൻെറ മുകളിൽനിന്നു നോക്കിയാൽ പിനാങ്ക് നഗരം പലഹാരം നിറച്ച ഒരു തളികപോലെ തോന്നും.

ഇവിടങ്ങളിൽ പുരുഷന്മാരെക്കാളേറെ സ്ത്രീകളാണെന്നു് തോന്നുന്നു. പലവേഷക്കാരും നാട്ടുകാരുമായ ഇവർ പൂമ്പാററകളെപ്പോലെ പാറിനടക്കുന്നതേ കാണാനുള്ളു. ലോകത്തിൻെറ പലഭാഗത്തും സഞ്ചരിച്ചിട്ടുമടങ്ങിയ ഒരു യുവസ്നേഹിതൻ ഓരോ രാജ്യത്തേയും സ്ത്രീകളെ തരംതിരിച്ചു ഉപയോഗമനുസരിച്ചു മനസ്സിൽ ഫയൽ ചെയ്തിട്ടുള്ളതു് ഇവിടെ എനിക്കോർമ്മവരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായം ഇംഗ്ലീഷുകാരിയെ ഓഫീസ് സിക്രട്ടരിയായും, ഇററാലിയൻ യുവതിയെ പത്നിയായും, ഫ്രഞ്ചുകാര

ത്തിയെ പ്രേമഭാജനമായും, ഇന്ത്യക്കാരിയെ പിള്ളമാരുടെ അമ്മ യായും ഉപയോഗിക്കാമെന്നാണ്.

തെക്കു കിഴക്കനേഷ്യയിലെ ഒരു മാസത്തെ ഈ ഊരുചുററലിൽ എൻെറ ശ്രദ്ധയെ കാര്യമായും കടിഞ്ഞാണിട്ടുപിടിച്ച ഒന്നാണ് ഇവിടങ്ങളിലെ വൈവിധ്യമാന്ന സൈക്കിറം റിക്ഷകറം.

നമ്മുടെ നാട്ടിലേതിൽനിന്നും തികച്ചും വ്യത്യസ്തരൂപത്തിലുള്ളവയാണവ. പ്രധാനമായും മൂന്നു തരത്തിലുള്ള റിക്ഷകളാണ് ഇവിടെയുള്ളതു്.

മലേഷ്യയുടെ വടക്കൻ സ്റ്റേററുകളായ കെട്ടാ, ഈപ്പോ, കോലാലാമ്പൂർ എന്നിവിടങ്ങളിലും, തായ്‌ലാണ്ടിലും യാത്രക്കാക്കുമുമ്പിൽ സീററായുംകൊണ്ടു്, സൈക്കിളുകാരൻ പിന്നിൽനിന്നു തള്ളുന്ന വിധത്തിലുള്ളതാണ്. നമ്മുടെ നാട്ടിൽ ബിസ്ലററ്, ഐസ്ക്രീം തുടങ്ങിയവ കൊണ്ടുപോവുന്ന തരത്തിലുള്ളവ. വാസ്തവത്തിൽ സഞ്ചാരസുഖം ഇവയിൽ കൂടുതലാണെങ്കിലും, അതേപോലെ അപകട സാദ്ധ്യതകളും കൂടുതലാണ്. വല്ല കാറുമായോ മററുവല്ലതുമായോ ഇടിക്കുകയാണെങ്കിൽ, ഒന്നുമറിയാത്ത പാവം യാത്രക്കാരന്നായിരിക്കും ആദ്യം അപകടം പററുക. കുതിച്ചു പായുന്ന ബസ്സുകളുടേയും കാറുകളുടേയും ഇടയിലൂടെ ഊളിയിട്ടുകൊണ്ടു പോവുമ്പോറം, നാം അറിയാതെതന്നെ നമ്മുടെ നെഞ്ഞത്തു കൈവച്ചുപോവും. അതേപോലെതന്നെ പെട്ടെന്നുള്ള തിരക്കിലും നാം ഭയവിഹ്വലരായിപ്പോവുന്നു.

സത്യം പറയുകയാണെങ്കിൽ, വിറച്ചുകൊണ്ടു മാത്രമേ ഇപ്രകാരത്തിലുള്ള റിക്ഷകളിൽ സഞ്ചരിക്കാനാവുകയുള്ളു. അതേപോലെ പിന്നിലിരിക്കുന്നവനു് കൂടുതൽ ബാലൻസുകറം നടത്തുവാൻ സാധിക്കുന്നതും ഇതിന്നാണെന്നു് തോന്നുന്നു. തൻെറ മുമ്പിലിരിക്കുന്ന യാത്രക്കാരൻ ഞെട്ടുന്നതിലും നിസ്സഹായനായി അപകടത്തെ നോക്കിക്കാണുന്നതിലുമുള്ള ആനന്ദംകൊണ്ടാവാം,

സൈക്കിളുകാരൻ കൂടുതൽ ബാലൻസുകൾ നടത്തുവാൻ ഒരുമ്പെടുന്നതു്.

തീച്ച്യയായും പുതിയൊരനുഭവമാണിതെന്നു പറയാം. കോലാലാമ്പൂരിലെ തിരക്കേറിയ നിരത്തുകളിൽക്കൂടി, ഇത്തരത്തിലുള്ള ഒരു വാഹനത്തിൽ അരമണിക്കൂർ സഞ്ചരിച്ചുകഴിഞ്ഞാൽ, നാം ഏതോ ഒരു വലിയ അപകടമേഖലയിൽനിന്നു ഭാഗ്യത്തിൻെറ ഒരു മുടിനാരിഴകൊണ്ടു രക്ഷപ്പെട്ട പ്രതീതിയാണുണ്ടാവുക. നാമൊരു പുതിയ യാത്രക്കാരനാണെന്നു്, പിന്നിലുള്ള സാരഥിക്കു മനസ്സിലായാൽ മതി, പിന്നെ നമ്മൾ കുരങ്ങൻെറ കയ്യിലകപ്പെട്ട പൂമാലപോലെയായിത്തീരും. ശരം കണക്കെ, മിന്നൽവേഗതയിൽ പാഞ്ഞുപോകുന്ന കാറുകളുടെ ഇടയിലൂടെയുള്ള ആ വെട്ടിപ്പു്, സെക്കണ്ടുകളുടെ അല്പം ചില ഭാഗങ്ങളുടെ വ്യത്യാസത്തോടെയാണു് രക്ഷപ്പെടുന്നതു്.

നമുക്കാണെങ്കിൽ യാതൊരു നിവൃത്തിയുമുണ്ടാവില്ല. പിന്നിൽനിന്നാണല്ലോ നമ്മെ നയിക്കുന്നതു്. ഒരു ഓക്സ്‌വേഗൻ കാറുപോലെയാണിതെന്നു പറയാം.

കാഴ്ചകൾകണ്ടു സഞ്ചരിക്കുവാനുള്ള ഉദ്ദേശ്യത്തോടെയാണു് നാം കയറിയിരിക്കുന്നതെങ്കിലും, ചുററിലേക്കൊന്നു കണ്ണോടിച്ചു നോക്കുവാൻകൂടി നമുക്കു് സാധിക്കുകയില്ല. അത്ര ഭയങ്കരമായിരിക്കും.

എന്നാൽ ഇടതുഭാഗത്തു് സീററുകളുള്ള റിക്ഷകൾ ഇതിൽനിന്നു തികച്ചും വിഭിന്നവും, അപകടസാദ്ധ്യതകൾ തീരെ ഇല്ലാത്തവയുമാണെന്നു് പറയാം. ഇടതുഭാഗത്തു നാം ഇരിക്കുന്നതുകൊണ്ടും, ഇടതുഭാഗത്തൂടെ പോകേണ്ടതുള്ളതുകൊണ്ടും നാം നല്ലതുപോലെ സുരക്ഷിതരായിരിക്കും. സിംഗപ്പൂരിലും, മലാക്ക, ജോഹാർ തുടങ്ങിയ പടിഞ്ഞാറൻ സ്റ്റേററുകളിലും ഇപ്രകാരത്തിലുള്ള സൈക്കിൾ റിക്ഷകളാണു് കാണപ്പെടുന്നതു്. നമുക്കു് പട്ടണത്തിലെ കാഴ്ചകൾ കാണുകയാണു് വേണ്ടതെങ്കിൽ ഇതാണു് ഏററവും നല്ല വാഹനം.

സിംഗപ്പൂരിലെ ഇത്തരം റിക്ഷകളിൽ ചിലതിൽ റേഡി യോവും ടൈംപീസും പിടിപ്പിച്ചതായിക്കണ്ടിരുന്നു. റേഡിയോ വിലൂടെ സംഗീതം ആസ്വദിച്ചുംകൊണ്ടു് ഒരു വൈകുന്നേരം സിംഗപ്പൂരിലെ തിരക്കേറിയ സ്ട്രീററുകളിൽ ഒന്നോരണ്ടോ മണി ക്കൂറുകരം സഞ്ചരിക്കുന്നതു, തീർച്ചയായും ആനന്ദകരവും, കൌതു കപ്രദവുമാണു്.

ഇതേപോലെ വലതുഭാഗത്തു സീററുകരംഘടിപ്പിച്ച റിക്ഷ കളും ഈ ഭാഗങ്ങളിൽതന്നെ കാണാമായിരുന്നു. ഇതു അപകട കരവും, അപായകരവുമാണു്. മറെറാരു പ്രത്യേകത ഇവിടങ്ങ ളിലെ മിക്കറിക്ഷക്കാർക്കും ഇംഗ്ലീഷുഭാഷ നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്നുവെന്നുള്ളതാണു്. നിങ്ങളൊരു വിദേശിയാ ണെങ്കിൽ, പണം സ്വല്പം കൂടുതൽ വാങ്ങുമെന്നതൊഴിച്ചു, ബാ ക്കിയുള്ളതിലെല്ലാം അവൻ നല്ലൊരു വഴികാട്ടിയും സുഹൃത്തുമാ ണു്. അന്യർ കാണിക്കുവാൻ മടിക്കുന്ന എല്ലാ ഇടവഴികളും മുക്കും മൂലയും അവൻെറ കൈവിരൽത്തുമ്പിലായിരിക്കും.

പാമ്പുകളെ വളർത്തുന്ന ചൈനീസ് ക്ഷേത്രവും വെള്ളച്ചാ ട്ടവും കാണേണ്ടവ തന്നെ. തിരക്കേറിയ കേമൽസ് സ്ട്രീററി ലും, പീററീസ് തെരുവിലും കാറുകളും ബസ്സുകളും പാഞ്ഞുവരു ന്നു, പോകുന്നു.

ഇവിടെ നിരവധി പാർക്കുകളുണ്ടു്. പലതരം മരങ്ങരം, ചെടികരം, പൂക്കരം, കാണുന്നതിന്മേലെല്ലാം പിടിച്ചുകയറുന്ന വള്ളികരം, പ്രതിമകരം, ജലധാരായന്ത്രങ്ങരം — സന്ധ്യമയങ്ങി യാൽ പിന്നാങ്ങു് അനേക കോടി ട്യൂബ്ലൈററുകരം, മെർക്യൂ റിലൈററുകരം, തുടങ്ങിയ വൈദ്യുത ദീപങ്ങരംകൊണ്ടു പ്രകാ ശമാനമായിത്തീരുന്നു.

വിവിധവർണ്ണങ്ങളിലുള്ള ആകാശപ്പരസ്യങ്ങരം അവിടെനി ന്നും ഇവിടെനിന്നും തുറിച്ചുനോക്കികൊണ്ടിരുന്നു. ഇരുട്ടിന്നു കട്ടികൂടിവരുന്തോറും നഗരത്തിൻെറ അഴകിന്നു മാററു് കൂടുകയാ

ണ്. ഗാനങ്ങളുടേയും പരിമളത്തിൻേറയും ഒരു ഗന്ധർവ്വലോകത്തിലൂടെയാണ് നിങ്ങൾ സഞ്ചരിക്കുന്നതെന്ന് തോന്നും ഇതെല്ലാം കണ്ടാൽ.

1967 ഫിബ്രവരി 12-ാംനു- "സ്റ്റേററ് ഓഫ് മദിരാശി" അതിൻെറ ഹുങ്കാരമുതിർന്നതോടുകൂടി എൻെറ ഈ ഹ്രസ്വകാലയാത്രക്ക് യവനികവീഴുന്നു. ദീർഘകാലം ഇണങ്ങി പ്രണയിച്ച ഒരു കാമിനിയോടു വിടവാങ്ങുന്ന മധുരമായ വേദനയോടുകൂടിയാണ് ഞാനീ കടൽത്തീരം വിട്ടുപിരിയുന്നതു്. മനുഷ്യത്വത്തിൻെറ മൃദുലവശങ്ങളെ മാദകസ്വപ്നങ്ങളിൽ വരിഞ്ഞുകെട്ടുന്ന അനുഭവങ്ങൾ, എസ്. കെ. പൊററക്കാട്ട് പറഞ്ഞതുപോലെ, "ഷാംപെയിൻ" കുപ്പികളിലെ തങ്കക്കുമിളകൾപോലെ പൊങ്ങിവരുന്നുണ്ടായിരുന്നു.

എന്തെല്ലാം ചിത്രങ്ങൾ—തെക്കുകിഴക്കനേഷ്യയിലെ ഈ മൂന്നു സുന്ദരനാടുകളെ വിട്ടുപോകുന്നതിന്നു എനിക്കു ഒട്ടും സമ്മതമില്ലായിരുന്നു. അവയുടെ മഹിമകൾ മുഴുവനും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെന്നും ഒരു തോന്നലുണ്ടായി. വാസ്തവത്തിൽ ഓർമ്മകളിൽ തങ്ങിനില്ക്കുന്ന അനുഭവങ്ങൾ അവാച്യമാണ്. ചന്ദനത്തിരിയുടെ സൌരഭ്യം, നനുത്ത പട്ടുസാരിയുടെ മാർദ്ദവം, ഊഷ്മളമായ നിശ്വാസം, മിനുമിനുത്ത കാർമുടി മുതലായവയെപ്പോലെയാണവ.

തീർച്ചയായും സ്റ്റേററ് ഓഫ് മദിരാശിയിലേക്കു കാലെടുത്തുവെച്ചപ്പോൾ, എനിക്കുണ്ടായ വികാരം വിജയശ്രീലാളിതനായി റോമാനഗരത്തിലേക്കു പ്രവേശിക്കുന്ന ജൂലിയസ് സീസറിൻേറതോ, വിവാഹമണ്ഡപത്തിലേക്കു ആഘോഷപൂർവ്വം ആനയിക്കപ്പെടുന്ന ഗ്രാമീണവരൻേറതോ ഏതായിരുന്നുവെന്നു തീർത്തു പറയുവാൻ സാദ്ധ്യമല്ല.

**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

Cl. No C 910 Acc. No 2277

This book should be returned on or before the date last stamped below.

9 AUG 2005

C
910
അബ്ദുള്ളക്കോയ
തങ്ങൾ കിഴക്കൻ
ഏഷ്യയിലെ മൂന്ന്
സ്വപ്നനാട്ടുകളിലൂടെ

2277